# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in

ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഡബ്ല്യു. വൈ. ഡി. / പി2/5/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 08/03/2023
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഡബ്ല്യു. വൈ. ഡി. / പി2/5/2023 തീയ്യതി: 08/03/2023

## വയനാട് ജില്ലയിലെ തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-08-2021 മുതൽ 30-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.അഗസ്റ്റ്യൻ.ഒ.കെ | ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ്) | 01-12-2022 | 15-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 01-12-2022 | 15-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഷാജു തോമസ്, ഓഡിറ്റ് ഓഫീസർ
ശ്രീ.സമീർ.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ഇന്ദു.കെ.നായർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.എൽസി ജോയി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി.ബീന വർഗ്ഗീസ് | സെക്രട്ടറി | 01-04-2021 | 01-07-2021 |
| ശ്രീ.ജയരാജൻ.എൻ.എ | സെക്രട്ടറി | 02-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ബീന വർഗ്ഗീസ് | സെക്രട്ടറി | 01-04-2021 | 01-07-2021 |
| ശ്രീ.ജയരാജൻ.എൻ.എ | സെക്രട്ടറി | 02-07-2021 | 31-03-2022 |
| ശ്രീമതി.അശ്വതി കൃഷ്ണ | കൃഷി ഓഫീസർ | 01-04-2021 | 25-08-2021 |
| ശ്രീ.ഷെഫീക്ക്.എൻ | കൃഷി ഓഫീസർ | 26-08-2021 | 31-03-2022 |
| ഡോ.കീർത്തി ജി കൃഷ്ണൻ | വെറ്ററിനറി സർജ്ജൻ | 01-04-2021 | 31-03-2022 |
| ശ്രീ.രമേശ് ഏഴോക്കാരൻ | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീ.രജീഷ്.വി.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ഷിഞ്ചു ഭരതൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 29-06-2021 |
| ശ്രീമതി.ഷജിന.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 30-06-2021 | 31-03-2022 |
| ഡോ.പ്രവീൺ | മെഡിക്കൽ ഓഫീസർ.(പി.എച്ച്.സി) | 01-04-2021 | 07-06-2021 |
| ഡോ.സുനന്ദകുമാർ.എൻ.എൻ | മെഡിക്കൽ ഓഫീസർ.(പി.എച്ച്.സി) | 08-06-2021 | 31-03-2022 |
| ഡോ.സുമി | മെഡിക്കൽ ഓഫീസർ.(ഹോമിയോ) | 01-04-2021 | 24-06-2021 |
| ഡോ.മനു വർഗ്ഗീസ് | മെഡിക്കൽ ഓഫീസർ.(ഹോമിയോ) | 25-06-2021 | 27-08-2021 |
| ഡോ.ശബ്ന.പി | മെഡിക്കൽ ഓഫീസർ.(ഹോമിയോ) | 28-08-2021 | 31-03-2022 |
| ഡോ.ജിബ്ലി സെബാസ്റ്റ്യൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ശ്രീ.സുജിത്ത്കുമാർ.എം | സബ്.ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 31-03-2022 |
| ശ്രീ.ജയകുമാർ.ജി | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി.അഞ്ജലി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീ.തോമസ്.കെ.എം | അസി.സെക്രട്ടറി | 01-04-2021 | 21-07-2021 |

| | | | |
|---|---|---|---|
| ശ്രീ.അസീസ്.എ.കെ | അസി.സെക്രട്ടറി | 22-07-2021 | 31-03-2022 |

ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | ബഡ്ജറ്റ് തയ്യാറാക്കിയതിൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. | 1-1-1 |
| 3 | വാർഷികധനകാര്യപത്രിക | 1-2 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് | 1-4-1 |
| 7 | പദ്ധതി അവലോകനം | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 9 | ക്ഷേമ പദ്ധതികൾ | 1-7 |
| 10 | ക്യാഷ് പരിശോധന | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 13 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 14 | ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയർ സംവിധാനം | 1-12 |
| 15 | ഇടപാട് നടത്താത്ത തനത് ഫണ്ട് അക്കൗണ്ട് ക്ലോസ് ചെയ്തില്ല | 1-13 |
| 16 | തൊഴിൽ നികുതി പിരിവ് അപാകതകൾ | 1-14 |
| 17 | ഗുണഭോക്താവിന്റെ മരണശേഷവും ക്ഷേമ പെൻഷൻ വിതരണം ചെയ്യുന്നു | 1-15 |
| 18 | അനുപൂരക പോഷകാഹാരം - കേന്ദ്രവിഹിതം പൂർണ്ണമായും വിനിയോഗിക്കുന്നില്ല | 1-16 |
| 19 | എസ്.എസ്.എ പദ്ധതി വിഹിതമായി 14,99,012/ രൂപ അധികം നൽകി | 1-17 |
| 20 | ഹരിത കർമ്മസേനയ്ക്ക് സുരക്ഷാ ഉപകരണങ്ങൾ - ടെണ്ടർ നടപടികൾ സുതാര്യമല്ല | 1-18 |
| 21 | പി.എം.എ.വൈ വിഹിതം നൽകൽ -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-19 |
| 22 | ടോയ്‌ലെറ്റ് നിർമ്മാണം - പദ്ധതി തയ്യാറാക്കിയതിലേയും നടപ്പാക്കിയതിലേയും അപാകതകൾ | 1-20 |
| 23 | സുഭിക്ഷ കേരളം - ബയോഫ്ലോക്ക് മത്സ്യകൃഷി ഫിഷറീസ് വകുപ്പ് സബ്സിഡി രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-21 |
| 24 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 1-22 |
| 25 | എം.സി.എഫ് കെട്ടിടത്തിലേക്ക് ബെയിലിംഗ് മെഷീൻ, വെയിംഗ് മെഷീനും വാങ്ങൽ അടിസ്ഥാന സൗകര്യമൊരുക്കാതെ ഉപകരണങ്ങൾ വാങ്ങി | 1-23 |

| | | |
|---|---|---|
| 26 | ധനസഹായം ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ക്രെഡിറ്റായില്ല | 1-24 |
| 27 | കരാറിൽ നിന്നും പിന്മാറിയ കരാറുകാരന്റെ നിരതദ്രവ്യം കണ്ടുകെട്ടിയില്ല | 1-25 |
| 28 | അസിസ്റ്റന്റ് എൻജിനിയറുടെ രജിസ്റ്ററുകളും ഫയലുകളും അപൂർണ്ണം | 1-26 |
| 29 | ബില്ലിൽ നിന്നും ടെണ്ടർ നിരക്ക് കുറവ് വരുത്തിയില്ല | 1-27 |
| 30 | പ്രവൃത്തി പൂർത്തീകരണത്തിന് വർഷങ്ങളുടെ കാലതാമസം-നാമമാത്രപിഴ ഈടാക്കി | 1-28 |
| 31 | മരാമത്ത് പ്രവൃത്തി എഗ്രിമെൻറ് വയ്ക്കാൻ കാലതാമസം പിഴ ഈടാക്കിയില്ല | 1-29 |
| 32 | പ്രവൃത്തി പൂർത്തീകരണത്തിനും,എസ്റ്റിമേറ്റ് പുതുക്കുന്നതിനും കാലതാമസം | 1-30 |
| 33 | തൊഴിലുറപ്പ് പദ്ധതി -അളവ് പുസ്തകത്തിൽ നികുതിയുൾപ്പെടെയുള്ള ബില്ലിന്റെ വിവരം ഉൾപ്പെടുത്തുന്നില്ല. | 1-31 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ബില്ലിൽ നിന്നും ടെണ്ടർ നിരക്ക് കുറവ് വരുത്തിയില്ല | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | Abstract Of Annual Financial Statement | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

19.02.2021 തീയതിയിലെ 1ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 19/02/2022തീയതിയിലെ .1ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുൻബാക്കി | 2170489 | 38580187 |
| വരവ് | 602715000 | 505409000 |
| ആകെ | 604885489 | 543989187 |
| ചെലവ് | 600010000 | 540355000 |
| നീക്കിബാക്കി | 4875489 | 3634187 |

## 1-1-1 ബഡ്ജറ്റ് തയ്യാറാക്കിയതിൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

ബഡ്ജറ്റ് തയ്യാറാക്കിയതിൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല .

ഗ്രാമപഞ്ചായത്തിന്റെ 21-22 വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ 02.12.2016 ലെ ജി.ഒ.ആർ.ടി 3291/16 (LSGD)പ്രകാരമുള്ള നടപടികൾ പാലിച്ചതായി കാണുന്നില്ല.

ബജറ്റ് പ്രക്രിയ സ്ഥാപനത്തിന്റെ ഉണകളിലൊന്നായതിനാൽ 1994 ലെ കേരളപഞ്ചായത്ത് രാജ് നിയമം വകുപ്പ് 214 ഉം അനുബന്ധചട്ടങ്ങളും അനുസരിച്ച് ക്രമാനുഗതമായ നടപടികൾ പൂർത്തീകരിച്ച് വേണം ബജറ്റ് തയ്യാറാക്കാൻ.

ബഡ്ജറ്റ് തയ്യാറാക്കുന്നതിന് മുൻപ് വാർഷിക പദ്ധതി തയ്യാറാക്കിയതായോ , പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം മേഖലാതല ഫണ്ട് വിഭജനവിവരങ്ങൾ തയ്യാറാക്കിയതായോ കാണുന്നില്ല. വകുപ്പ് 214(1) പ്രകാരം വാർഷികപദ്ധതി ബജറ്റിൽ ഉൾപ്പെടുത്തേണ്ടതാണ്.സാമ്പത്തികവർഷത്തേക്കുള്ള ബഡ്ജറ്റ് തയ്യാറാക്കുന്നതിന് കെട്ടിടങ്ങളുടെയും ഭൂമികളുടെയും ലിസ്റ്റ് ,ട്രേഡേഴ്സ് ലിസ്റ്റ്,സ്ഥാപനങ്ങളുടെ ലിസ്റ്റ് (കേ.പ.രാ.നിയമം വകുപ്പ് 205ബി) എന്നിവ തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി സെക്രട്ടറിക്ക് നിർദ്ദേശം നൽകിയതായോ അപ്രകാരം നികുതി /നികുതിയേതര വരവുകളുടെ എസ്റ്റിമേറ്റിന്റെ വാസ്തവികത ഉറപ്പ് വരുത്തിയതായോ കാണുന്നില്ല.

ഗ്രാമപഞ്ചായത്തിന് കീഴിലുള്ള സ്ഥാപനമേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചതായി കാണുന്നില്ല. നിർവഹണോദ്യോഗസ്ഥരോടും വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളോടും ബഡ്ജറ്റ് തയ്യാറാക്കുന്നതിനുവേണ്ടിയുള്ള വിവരങ്ങൾ ആവശ്യപ്പെട്ടതായി കാണുന്നില്ല. പദ്ധതിയേതരചെലവ് വിവരങ്ങൾ സമർപ്പിക്കുന്നതിന് ആവശ്യപ്പട്ടതായോ ഇവ പരിഗണിച്ച് ബഡ്ജറ്റ് തയ്യാറാക്കിയതായോ കാണുന്നില്ല.ഘടകസ്ഥാപനമേധാവികളുടെ യോഗം പിന്നീടും വിളിച്ചതായി കാണുന്നില്ല.സെക്രട്ടറി ,വിവിധ ഓഫീസ് തലവൻമാർ എന്നിവരുടെ യോഗം ചേർന്ന് ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കി അതാത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന സ്റ്റാൻഡിങ്ങ് കമ്മിറ്റികൾക്ക് നൽകുകയും ഇവ അതാത് സ്റ്റാൻഡിങ്ങ് കമ്മിറ്റികൾ പരിശോധിച്ച് , ജനുവരി 15 ന് മുമ്പ് ബഡ്ജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിങ്ങ്കമ്മിറ്റിക്ക് നൽകണമെങ്കിലും അപ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് ഉദ്യോഗസ്ഥർ നിർദ്ദേശങ്ങൾ സമർപ്പിച്ചതായോ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ഇവ പരിശോധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് ബഡ്ജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിക്കുകയോ ചെയ്തതായി രേഖകളിൽ കാണുന്നില്ല.വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ബഡ്ജറ്റ് പ്രോപ്പോസലുകൾ ചർച്ച ചെയ്തതായോ ക്രോഡീകരണം നടത്തിയതായോ കാണുന്നില്ല .ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി അന്തിമപ്രൊപ്പോസൽ തയ്യാറാക്കിയതിന്റെ രേഖകളും ഓഡിറ്റിന് ലഭിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ബജറ്റ്,1994 ലെ കേരളപഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 214(7) പ്രകാരം, സംസ്ഥാനഓഡിറ്റ് വകുപ്പിലെ ഡെപ്യൂട്ടിഡയറക്ടർ ഉൾപ്പെടെയുള്ള അധികാരികൾക്ക് സമർപ്പിക്കുകയും നോട്ടീസ്ബോർഡുകളിലും വെബ്സൈറ്റിലും 15 ദിവസത്തിനുള്ളിൽ പ്രസിദ്ധപ്പെടുത്തുകയും വേണ്ടതായിരുന്നുവെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് 3-ാം ഉപവകുപ്പ് പ്രകാരം വരവുകളുടെ മതിപ്പ് വാസ്തവികമായിരിക്കേണ്ടതാണ്. മുൻവർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു വ്യതിയാനത്തോടൊപ്പവും വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതാണ്.

ബഡ്ജറ്റും വാർഷികകണക്കുകളും പൊരുത്തപ്പെടുന്നില്ല .

ഗ്രാമപഞ്ചായത്തിന്റെ തൻവർഷത്തെ ബഡ്ജറ്റ് യഥാർത്ഥ വരവുചെലവുകളുമായി വളരെ അന്തരമുള്ളതാണ്.

| ഇനം | വാർഷികകണക്ക് | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|---|
| മുൻബാക്കി | 34844890 | 2170489 | 38580187 |
| വരവ് | 212522210 | 602715000 | 505409000 |
| ആകെ | 247367100 | 604885489 | 543989187 |
| ചെലവ് | 196909091 | 600010000 | 540355000 |
| നീക്കിബാക്കി | 50448009 | 4875489 | 3634187 |

വാർഷിക കണക്കുകൾ പ്രകാരമുള്ള യഥാർത്ഥ വരവിനേക്കാൾ തൻവർഷത്തെ ബഡ്ജറ്റിൽ പലയിനം വരവുകളിലും ഗണ്യമായ വ്യത്യാസം ഉണ്ട്. എന്നാൽ ആയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഡിറ്റൈൽഡ് ഹെഡ് കോഡ് | ഇനവിവരം | അന്തിമ റിവൈസ്ഡ്ബഡ്ജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | വാർഷിക കണക്കുകൾ പ്രകാരമുള്ള വരുമാനം (കുടിശ്ശിക ഉൾപ്പെടെ) |
|---|---|---|---|---|
| 1 | 110100102 | വസ്തു നികുതി | 5500000 | 4217488 |
| 2 | 110200102 | തൊഴിൽ നികുതി | 660000 | 1787440 |
| 3 | 140110101 | ലൈസൻസ് ഫീസ് | 50000 | 299000 |
| 4 | 140120101 | പെർമിറ്റ് ഫീസ് | 400000 | 325751 |

പ്രതീക്ഷിത വരവുചെലവുകളുടെ ഏകദേശം പകുതി മാത്രമാണ് യഥാർത്ഥ വരവുചെലവുകൾ .പുതുക്കിയ ബഡ്ജറ്റുപ്രകാരമുള്ള വരവ് ചെലവുകളും വാർഷികകണക്കുകളുമായ് പൊരുത്തപ്പെടുന്നില്ല.

വാസ്തവികമല്ലാത്ത ബഡ്ജറ്റ് തയ്യാറാക്കുന്നത് മൂലം ബഡ്ജറ്റ് തയ്യാറാക്കുന്നതിന്റെ ഉദ്ദേശ്യ ലക്ഷ്യമായ സാമ്പത്തിക മാനേജ്മെന്റ് സാധ്യമാകാതെ വരുന്നു. യഥാർത്ഥ വരവിനേക്കാൾ പെരുപ്പിച്ചുകാണിക്കുന്ന ബഡ്ജറ്റ് തയ്യാറാക്കുന്നത് മൂലം തുകവകയിരുത്തി പദ്ധതികൾ എല്ലാം നടപ്പിലാക്കുന്ന സാഹചര്യം ഉണ്ടാകുകയാണെങ്കിൽ, നടപ്പിലാക്കിയ എല്ലാ പദ്ധതികളുടെയും ചെലവ് തുക നൽകാൻ കഴിയാത്ത അവസ്ഥ ഉണ്ടാകും. അങ്ങനെ വന്നാൽ അത് ഗ്രാമപഞ്ചായത്തിനെ കോടതി വ്യവഹാരങ്ങളിലേക്ക് നയിക്കുകയും ആയതുമൂലം ഗ്രാമപഞ്ചായത്തിന് ബാധ്യത ഉണ്ടാകുകയും ചെയ്യും. ഓഡിറ്റ് എൻക്വയറി നമ്പർ- 4/21-22/23.11.22 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് സെക്രട്ടറി നൽകിയ മറുപടിയിൽ 2021-22 വർഷം കോവിഡ് കാരണമുണ്ടായ ജോലിഭാരം കാരണമാണ് നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കാൻ കഴിയാതിരുന്നത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

അനുബന്ധബജറ്റ് പാസ്സാക്കിയിട്ടില്ല .

ബജറ്റിൽ വകയിരുത്താത്ത ഒരു ചെലവ് നടത്തേണ്ടിവരുന്ന സാഹചര്യത്തിലോ ,ചെലവ് നടത്തുന്നതിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെങ്കിലോ ,നിലവിലെ വരുമാനത്തിൽ മാറ്റം വന്നിട്ടുണ്ടെങ്കിലോ 1994 ലെ കേരളപഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 214(5) പ്രകാരം പുതുക്കിയ /അനുബന്ധബജറ്റ് പാസ്സാക്കേണ്ടതാണ്.എന്നാൽ ബജറ്റിൽ വകയിരുത്താത്ത ചെലവുകൾ നടത്തിയിരിക്കുന്നത് അനുബന്ധബജറ്റ് പാസ്സാക്കാതെയാണ് .

ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | Detailed Head Code | Item | ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക | ചെലവ് |
|---|---|---|---|---|
| 1 | 256100116 | Administrative Expenses-MGNRES | 0 | 754859 വാർഷിക കണക്കിൽ ചെലവ് മേൽ ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| 2 | 2561001 | Other Revenue Grents And Funds | 0 | 41352 |
| 3 | 250130001 | Freshwater Pisciculture | 0 | 94487 |

ചെലവ് നടത്തുമ്പോൾ ബജറ്റ് വകയിരുത്തലിന് അനുസൃതമായിട്ടാണ് ചെലവ് നടത്തുന്നത് എന്ന് ഉറപ്പ് വരുത്തേണ്ടത് ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും പ്രസിഡന്റ്,സെക്രട്ടറി,അക്കൗണ്ടന്റ് എന്നിവരുടെയും ചുമതലയാണ്.എന്നാൽ അനുബന്ധബജറ്റ് തയ്യാറാക്കാതെ ബജറ്റ് വകയിരുത്തലിന് വിരുദ്ധമായി ചെലവ് നടത്തിയതായാണ് കാണുന്നത്.

ഓരോ മാസവും 10 ന് മുൻപ് ചേരുന്ന ആദ്യയോഗത്തിൽ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി യുടെ ആദ്യയോഗത്തിൽ പദ്ധതിരേഖ,ബജറ്റ് എന്നിവയോടൊപ്പം പ്രതിമാസപുരോഗതി റിപ്പോർട്ട് അവലോകനം ചെയ്യണമെന്നുള്ള നിർദ്ദേശം പാലിച്ചുകാണുന്നില്ല.1994 ലെ കേരളപഞ്ചായത്ത് രാജ് നിയമം വകുപ്പ് 214 (6&8) പ്രകാരം ആവശ്യമായ ബജറ്റ് വകയിരുത്തൽ ഇല്ലാതെ ചെലവ് നടത്തുന്നത് നിയമപരമായി അനുവദനീയമല്ല.

മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 21 തീയതി 14/12/2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2022 | 29/07/2022 | | |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 34844890 |
| വരവ് | 212522210 |
| ആകെ | 247367100 |
| ചെലവ് | 196919091 |
| നീക്കിയിരിപ്പ് | 50448009 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 32840975 | 32840975 | 27768269 | 5072706 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 4587666 | 4587666 | 4487634 | 100032 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 21678566 | 21678566 | 18161470 | 3517096 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 26028000 | 26028000 | 19911198 | 6116802 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 10910387 | 10910387 | 6938940 | 3971447 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ബേസിക് ഗ്രാന്റ് (ACR പ്രകാരം) | | 9478773 | 9478773 | 4937714 | 4541059 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് പെർഫോമൻസ് ഗ്രാന്റ് (ACR പ്രകാരം) | | 21609571 | 21609571 | 10921650 | 10687921 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 21371375 | 21371375 | 11551492 | 9819883 |

വാർഷിക പദ്ധതി ഗ്രാന്റ് സ്റ്റേറ്റ്മെന്റ് വാർഷിക കണക്കുകളോടൊപ്പം സമർപ്പിച്ചിട്ടില്ല. ആയതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് അനുസരിച്ചുള്ള പരിശോധന സാധ്യമായിട്ടില്ല.. വാർഷിക പദ്ധതി പ്രകാരമുള്ള ചെലവുകൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

### 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ്

സർക്കാർ ഉത്തരവ് (കൈ)16/2021/ത.സ്വ.ഭ.വ.23.01.21 പ്രകാരം ഐ.കെ.എം. തയ്യാറാക്കിയ 2021-22 ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1.വികസനഫണ്ട് ജനറൽ, വികസനഫണ്ട് ടി.എസ്.പി,വികസനഫണ്ട് എസ്.സി.പി എന്നിവയുടെ ചെലവ് ഗ്രാന്റ് വിനിയോഗ പത്രിക പ്രകാരമുള്ള ചെലവ്, ACR പ്രകാരമുള്ള ചെലവ് എന്നിവയും പൊരുത്തപ്പെടുന്നില്ല. ഉറവിടത്തിൽ നിന്ന് കുറവ് ചെയ്യുന്ന തുകകൾ പഞ്ചായത്തിന്റെ ചെലവ് ആയി ചേർക്കാത്തതാണ് കാരണം.

2.കേന്ദ്രാവിഷ്കൃതഫണ്ട്, സംസ്ഥാനാവിഷ്കൃതഫണ്ട് എന്നീ ഫണ്ടുകളുടെ കാര്യത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ മുന്നിരിപ്പ്, വരവ്

എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. ഇവ രേഖപ്പെടുത്താതെ ചെലവ് മാത്രം രേഖപ്പെടുത്തിയതിനാൽ നീക്കിയിരിപ്പ് മൈനസ് ആയി കാണുന്നു.

3.വാർഷികകണക്കുകളോടൊപ്പം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല.

4.ILGMS സോഫ്റ്റ് വെയറിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് കാണുന്നതിനോ ,പരിശോധിക്കുന്നതിനോ കഴിയുന്നില്ല.

ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, സുലേഖ സോഫ്റ്റ്‌വെയർ എന്നിവ തമ്മിൽ വരവ്-ചെലവ്-നീക്കിയിരിപ്പ് സംബന്ധിച്ച താരതമ്യ പട്ടിക ചുവടെ ചേർക്കുന്നു

| | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് | | | സുലേഖ ചെലവ് പത്രിക | | |
|---|---|---|---|---|---|---|
| ഫണ്ടിനം | വരവ് | ചെലവ് | ബാലൻസ് | വരവ് | ചെലവ് | ബാലൻസ് |
| വികസനഫണ്ട് | 147370169 | 32117671 | 115252498 | 38041655 | 32117671 | 5923984 |
| എസ്.സി.പി | 14519714 | 4648968 | 9870746 | 4929714 | 4648968 | 280746 |
| ടി.എസ്.പി | 64147201 | 18111082 | 46036119 | 22791060 | 18111082 | 4679978 |
| CSS | 9578094 | 2498819 | 7079275 | 5533094 | 2498819 | 3034275 |
| SSS | 213377635 | 7038429 | 206339206 | 38977635 | 7038429 | 31939206 |
| MG (Road) | 22710064 | 19511262 | 3198802 | 21207000 | 19511262 | 1695738 |
| MG(Non Road) | 11748442 | 5576762 | 6171680 | 8126774 | 5576762 | 2550012 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, സുലേഖ ചെലവ് പത്രിക എന്നിവയിൽ വ്യത്യസ്ത തുകകളാണ് വരവായി കാണിച്ചിരിക്കുന്നത് ചെലവ് തുക രണ്ടിലും ഒരേ തുക തന്നെയാണ് കാണുന്നത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 260 | 253808126 | 214 | 126828751 | | 46 | 82.3 |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ അടിസ്ഥാനത്തിലുള്ള ചെലവ് വിവരം

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 5 | 5390000 | 4400615 | 81.6 |
| വെറ്ററിനറി സർജ്ജൻ | 6 | 6 | 5380000 | 2560000 | 47.6 |
| മെഡിക്കൽ ഓഫീസർ പി എച്ച് സി | 9 | 8 | 3886050 | 3501047 | 90.1 |
| മെഡിക്കൽ | 2 | 2 | 600000 | 595500 | 99.3 |

| | | | | | |
|---|---|---|---|---|---|
| ഓഫീസർ ഹോമിയോ | | | | | |
| മെഡിക്കൽ ഓഫീസർ ആയർവേദം | 1 | 1 | 1250000 | 1250000 | 100 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 1250000 | 1250000 | 100 |
| വി ഇ ഒ | 19 | 17 | 23235174 | 16276614 | 70.1 |
| ഐ സി ഡി എസ് സൂപ്പർ വൈസർ | 5 | 5 | 9483311 | 9315150 | 98.2 |
| സെക്രട്ടറി | 32 | 29 | 24580610 | 10398593 | 42.3 |
| ഹെഡ് മാസ്റ്റർ | 10 | 10 | 5725000 | 5304115 | 92.6 |
| അസി.എഞ്ചിനീയർ | 163 | 123 | 94871363 | 55173170 | 58.2 |
| ഡയറി ഫാം ഇൻസ്പെക്ടർ | 1 | 1 | 3000000 | 3000000 | 100 |
| അസി.സെക്രട്ടറി | 7 | 7 | 1670440 | 1179483 | 70.6 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 24160 | 3908 (പലിശ) 835117 ( ഭരണ ചെലവുകൾ) | 863185 | 861469 | 1716 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 95290134 | 95290134 | 95290134 | |
| മെറ്റീരിയൽസ് | | 42603092 | 42603092 | 42603092 | |
| ആകെ | 24160 | 138732251 | 138756411 | 138754695 | 1716 |

വാർഷിക കണക്കിലെ വരവും രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയ വരവുകളും തമ്മിൽ 84165 രൂപയുടെ വ്യത്യാസം ഉണ്ട്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 8400400 | 452 |
| വിധവാപെൻഷൻ | 32440200 | 1807 |
| വാർദ്ധക്യകാലപെൻഷൻ | 57572000 | 3620 |
| വികലാംഗപെൻഷൻ | 8187000 | 466 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 180000 | 6 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിത പെൻഷൻ | 463200 | 29 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12/12/2022 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 15075 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകൾ നിർവഹിക്കുന്നതിനും രജിസ്റ്ററുകളും രേഖകളും എഴുതിസൂക്ഷിക്കുന്നതിനും ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥരും ഭരണസമിതിയും പരിശ്രമിച്ചിട്ടുണ്ട്.

1994 -ലെ കേരളപഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 166 ഒന്നാം ഉപവകുപ്പ് മൂന്നാം പട്ടിക പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അനിവാര്യചുമതലകൾ നിർവഹിക്കുന്നതിനും പഞ്ചായത്ത് പരിശ്രമിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണസംവിധാനം പാലിക്കുന്നതിൽ താഴെപ്പറയുന്ന വസ്തുതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

1.പഞ്ചായത്തിന്റെ തനതുവരുമാനം ഡിമാന്റ് ചെയ്യുന്നതിന്റെ അടിസ്ഥാനവിവരങ്ങൾ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.അതുകൊണ്ട് തന്നെ വരുമാനം പൂർണ്ണമായും പിരിച്ചെടുക്കുന്നതായി ഉറപ്പുവരുത്താൻ കഴിയുന്നില്ല.

2.വിവിധസാമൂഹ്യസുരക്ഷിതത്വപെൻഷനുകൾ സംബന്ധിച്ച് ഫയലുകൾ സൂക്ഷിക്കുന്നതിലും അപേക്ഷകൾ തീർപ്പാക്കുന്നതിലും ശ്രദ്ധ ചെലുത്തിയിട്ടുണ്ട്.

3.പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

4.ടെണ്ടർ ഫോറം സ്റ്റോക്ക് രജിസ്റ്റർ എഴുതിസൂക്ഷിച്ചിട്ടില്ല. ടെണ്ടർ ഫോറം വിറ്റതിന്റെയും ബാക്കിയുള്ളതിന്റെയും വില ഈടാക്കിയതിന്റെയും കണക്കുകൾ സൂക്ഷിച്ചിട്ടില്ല. അതിനാൽ ടെണ്ടർ ഫോറങ്ങൾ ദുരുപയോഗം ചെയ്യപ്പെടാനുള്ള സാഹചര്യം നിലനിൽക്കുന്നു.

5.ഗ്രാമപഞ്ചായത്ത് തൻവർഷം ഇ - ടെണ്ടർ നടപടി മുഖാന്തിരം നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്തിൽ ലഭിച്ചതായി കാണുന്നില്ല.

6.പദ്ധതിനടത്തിപ്പ് മോണിട്ടർ ചെയ്യുന്നതിനായി മോണിട്ടറിംഗ് കമ്മിറ്റികൾ യോഗം ചേർന്നതായി കാണുന്നില്ല

7.പഞ്ചായത്തുകളിൽ ഉപയോഗിക്കുന്ന ILGMS സോഫ്റ്റ് വെയറിൽ ധാരാളം അപാകങ്ങൾ ഇനിയും നിലനിൽക്കുന്നു.

8.എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ സ്ഥലപരിശോധന നടത്താത്തതിനാൽ പ്രവൃത്തി തുടങ്ങിക്കഴിഞ്ഞ് എസ്റ്റിമേറ്റ് റിവിഷൻ നടത്തേണ്ട സാഹചര്യം വരുന്നു.

9.ആസ്തിരജിസ്റ്റർ നിലവിലും കാലികമാക്കിയിട്ടില്ല.

10.ഭരണസമിതിതീരുമാനങ്ങൾ നടപ്പാക്കുന്നത് മോണിട്ടർ ചെയ്യുന്നതായി കാണുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.05.2022 To 25.05.2022 | 01.10.2021 To 31.3.2022 | 01.09.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.12.2017 To 28.12.2017 | 2012-13 To 2016-17 | 27.02.2018 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെടുകയുണ്ടായി.

1.മുൻവർഷത്തെ അപാകങ്ങൾ പരിഹരിച്ച് അറിയിച്ചിട്ടില്ല. പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ , മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

2.Sale Of Tender Form - രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ടെണ്ടർ ഫോമുകൾ ലഭിച്ചത് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സെക്രട്ടറി, അസി. എഞ്ചിനീയർ മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ തുടങ്ങിയവർക്ക് വിതരണം നടത്തുന്നത് നമ്പർ രേഖപ്പെടുത്തി ആയത് പ്രകാരമല്ല. പ്രസ്തുത ഉദ്യോഗസ്ഥർക്ക് വിതരണം നടത്തുന്ന ടെണ്ടർ ഫോറങ്ങൾ ഓരോരുത്തരും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. കൂടാതെ വിനിയോഗിക്കാതെ ബാക്കിയുള്ളവ സെക്രട്ടറിക്ക് തിരിച്ച് നൽകുന്നില്ല. ടെണ്ടർ ഫോറം വിൽപ്പനയിലൂടെ ലഭിക്കുന്ന തുകയുടെ വിവരങ്ങൾ രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നില്ല.

3.ICDS ഫണ്ട് വരവുകൾ സംബന്ധിച്ച് കൃത്യമായ ഉത്തരവുകൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ തന്നെ ലഭിച്ച ഫണ്ടുകൾ ഏതിനത്തിനാണെന്നത് സംബന്ധിച്ച് വ്യക്തമാക്കാൻ സാധിച്ചിട്ടില്ല.

2020-21 വർഷത്തെ ബി4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് - 6815358

2021 -22 വർഷം വരവ് (ആർ.പി 30 പ്രകാരം) 320100196 - 2099164

ആകെ - 8914522

ചെലവ് (ആർ.പി 30 പ്രകാരം) - 0

നീക്കിയിരുപ്പ് വേണ്ടത് - 8914522

ബി.4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് - 4544736

പദ്ധതി ചെലവ് പത്രിക പ്രകാരം 4369786. തൻവർഷത്തെ ചെലവ് വാർഷിക കണക്കിൽ ഉൾപ്പെട്ടതായി കാണുന്നില്ല

4. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

5. ഓഡിറ്റിന് സമർപ്പിച്ച വാർഷിക കണക്കിലെ ബാലൻഷീറ്റ് ഷെഡ്യൂൾ ബി-16 പ്രകാരം (കോഡ് - 440500101) Prepaid Programme Expense എന്ന് ആസ്തിയായി 31,443,999 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ ഇല്ലാത്ത ആസ്തി ഉൾപ്പെടുത്തുന്നത് മൂലം വാർഷിക കണക്കിൽ ആസ്തി ബാധ്യത കണക്കുകൾ കൃത്യമായി പ്രതിഫലിക്കുന്നില്ല. ഗ്രാമ പഞ്ചായത്ത് പരിധിയിലെ ഭവന രഹിതരായ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ സബ്സിഡി നൽകുന്നതിനായി വായ്പയായി ലഭിച്ച തുക ആസ്തിയിൽ ഉൾപ്പെടുത്തുന്ന തെറ്റായ അക്കൗണ്ടിംഗ് രീതിയാണ് സ്വീകരിച്ചിട്ടുള്ളത്. ഇത് ഗ്രാമ പഞ്ചായത്തിന്റെ യഥാർത്ഥ സ്ഥിതി വ്യക്തമാക്കുന്നതിന് വിഘാതമാണ്.

6. (A)തൊഴിൽ നികുതി രജിസ്റ്റർ ( എംപ്ലോയീസ്) പേജ് അടിസ്ഥാനത്തിൽ സംക്ഷിപ്തം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

(B) വ്യവസായങ്ങൾക്കും വാണിജ്യ വ്യാപാര സ്ഥാപനങ്ങൾക്കും വേണ്ടിയുള്ള ലൈസൻസ് രജിസ്റ്റർ സംക്ഷിപ്തം തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. രജിസ്റ്റർ , വാർഷിക കണക്കുകൾ എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല

അഡ്വാൻസ് കളക്ഷൻ 2020-21 വാർഷിക കണക്ക് പ്രകാരം - 176500

തൻവർഷം 2021-22 ലെ കളക്ഷൻ (R&P) 45 പ്രകാരം - 131500

ആകെ (വേണ്ടത്) - 308000

രജിസ്റ്റർ പ്രകാരം ആകെ വരവ് - 299000

എന്നാൽ ഇൻകം & എക്സ്പെൻഡീച്ചർ I-4 പ്രകാരം ആകെ വരവ് - 299000

മേൽ വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

(C) കെട്ടിട നിർമ്മാണം(ക്രമവത്കരണം) രജിസ്റ്റർ - സംക്ഷിപ്തം തയ്യാറാക്കി പേജ് അടിസ്ഥാനത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല. വാർഷിക കണക്ക്, രജിസ്റ്റർ എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| | |
|---|---|
| രജിസ്റ്റർ പ്രകാരമുള്ള തുക | 141466 |
| വാർഷിക കണക്ക് പ്രകാരമുള്ള തുക | 133306 |

(D) കെട്ടിട നിർമ്മാണ അനുമതി സംക്ഷിപ്തം പേജ് അടിസ്ഥാനത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല. വാർഷിക കണക്ക്, രജിസ്റ്റർ എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| | |
|---|---|
| രജിസ്റ്റർ പ്രകാരമുള്ള തുക | 332951 |
| വാർഷിക കണക്ക് പ്രകാരമുള്ള തുക | 325751 |

7.ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B5 Secured Loans – ബാധ്യത തിട്ടപ്പെടുത്തുന്നതിനാവശ്യമായ രജിസ്റ്റർ കൃത്യത ഉറപ്പ് വരുത്തി സൂക്ഷിച്ചിട്ടില്ല. തൻവർഷം വായ്പ ഇനത്തിൽ 12860000 രൂപ ലഭിച്ചിട്ടുണ്ട്. എന്നാൽ രജിസ്റ്ററിൽ 1060000 രൂപ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. തിരിച്ചടവ് 2772000 രൂപ ഉണ്ടെങ്കിലും 100000 രൂപ മാത്രമാണ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ വായ്പ ബാക്കി തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയത് കൃത്യമല്ല.

8.മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ ഹാജരാക്കിയ രേഖകളും വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

9.വർക്ക് ഇൻ പ്രോഗ്രസ്സ് , ഡിപ്രിസിയേഷൻ, ആസ്തികളുടെ മൂല്യ നിർണ്ണയം എന്നിവ സംബന്ധിച്ച് കാൽക്കുലേഷൻ ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത ബാലൻസ് സംബന്ധിച്ച് പരിശോധിക്കാൻ സാധിച്ചിട്ടില്ല

10.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ സൃഷ്ടിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തുന്നില്ല. മാഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വഴി സൃഷ്ടിക്കപ്പെട്ട ആസ്തികൾ ഗ്രാമ പഞ്ചായത്തിന്റെ ആസ്തികളിൽ ഉൾപ്പെടുത്തുന്നില്ല.

11.സെക്യേർഡ് ലോൺ . സോഴ്സിൽ നിന്നും കുറവ് ചെയ്യുന്ന തുക വാർഷിക കണക്കിൽ അക്കൗണ്ട് ചെയ്യുന്നതായി കാണുന്നില്ല.

12. ഡെപ്പോസിറ്റ് രജിസ്റ്റർ ഹാജരാക്കിയ രജിസ്റ്ററിലെ കണക്കുകൾ വാർഷികളിലെ രേഖപ്പെടുത്തലുകൾ എന്നിവ പരിശോധിച്ചതില് കോൺട്രാക്ടേഴ്സ് റീടെൻഷൻ , കോൺട്രാക്ടേഴ്സ് സെക്യൂരിറ്റി ഡെപ്പോസിന്റ് എന്നിവ വാർഷിക കണക്കിലെ തുകയും രജിസ്റ്ററിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

14. RP 45 (P) പ്രകാരം 32375800ആസ്തി ഹെഡ്ഡിൽ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചെലവ് സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.

15.ബാലൻസ്ഷീറ്റ് ബി4 ഷെഡ്യൂൾ പ്രകാരമുള്ള ബാധ്യത ഫണ്ടുകളുടെ വിശദമായ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

16. അക്രൂവൽ അടിസ്ഥാനത്തിലുള്ള വിവിധ വരവുകളുടെ ഡിമാന്റ് നടത്തിയിരിക്കുന്നത് സാമ്പത്തിക വർഷം അവസാനമാണ്.

17. ബി.4, ബി17 ഷെഡ്യൂളുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

18.ബി.11 ഷെഡ്യൂൾ പ്രകാരം Other Fixed Assets. 1969324 രൂപ മൂല്യം ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആസ്തികളുടെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

19. വാർഷിക കണക്കിലെ കണക്കുകൾ സാധൂകരിക്കുന്നതിനാവശ്യമായ പല രേഖകളും ഓഡിറ്റിനായി ഹാജരാക്കാൻ സാധിച്ചിട്ടില്ല. ഉദാ- I-18 ഷെഡ്യൂൾ പ്രകാരമുള്ള തുക. ബി.16 ഷെഡ്യൂളിലെ തുക. ആയതിനാൽ തന്നെ വാർഷിക കണക്കിലെ കൃത്യത സംബന്ധിച്ച് അഭിപ്രായം പ്രസ്താവിക്കുന്നത് സാധ്യമല്ല.

20. വിവിധ പദ്ധതികൾക്കായി ലഭിക്കുന്ന തുക തനത് ഫണ്ട് അക്കൗണ്ടിലേക്കാണ് നിക്ഷേപിക്കുന്നത്. ഉദാഹരണമായി ഐ.സി.ഡി.എസ് പ്രോജക്ടുകൾക്ക് കേന്ദ്രവിഹിതമായി ലഭിക്കുന്ന തുക ശുചിത്വമിഷൻ ഫണ്ട് തുടങ്ങിയവ തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ച് ചെലവഴിക്കുന്ന രീതീയാണ് സ്വീകരിച്ചിട്ടുള്ളത്. ആയതിനാൽ ഓരോ ഇനത്തിനും ലഭിക്കുന്ന തുക പ്രത്യേകം അക്കൗണ്ടുകളിൽ നിക്ഷേപിക്കേണ്ടതാണ്.

21.വസ്തു നികുതി വാർഷിക കണക്കിലെ തുകകളും സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. സഞ്ചയ സോഫ്റ്റ് വെയറിലോക്ക് വിവരങ്ങൾ രേഖപ്പെടുത്തിയതിന്, അസസ്മെന്റ് രജിസ്റ്ററിലെ വിവരങ്ങൾ കൃത്യത ഉറപ്പ് വരുത്തി അംഗീകാരം വാങ്ങിയിട്ടില്ല. സാംഖ്യ സോഫ്റ്റ് വെയർ മുഖേന വാർഷിക കണക്കുകൾ തയ്യാറാക്കുമ്പോൾ ആയത് വരെയുള്ള ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് എന്നവയുടെ വിവരങ്ങൾ അസസ് മെന്റ് രജിസ്റ്ററിലെയും കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിലെ വിവരങ്ങൾ കൃത്യമാണ് എന്നതിന് അംഗീകാരം വാങ്ങിയിട്ടില്ല. സാംഖ്യ സോഫ്റ്റ് വെയറിലെ വസ്തു നികുതി സംബന്ധിച്ച അംഗീകാരം നേടാത്ത ഡാറ്റകളുടെ അടിസ്ഥാനത്തിൽ തന്നെയാണ് ILGMS സോഫ്റ്റ് വെയറിലും ഡിമാന്റ് ആയി ഉൾപ്പെടുത്തിയിരിക്കുന്നത്. വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് വിവരങ്ങൾ അടങ്ങിയ രേഖകൾ ഹാജരാക്കിയിട്ടില്ല.

2020-21 സാമ്പത്തിക വർഷത്തിൽ വസ്തു നികുതി ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് എന്നിവ ഗാർഹിക കെട്ടിടങ്ങൾക്ക് മാത്രമാണ് രേഖപ്പെടുത്തിയിരുന്നത്. 2021-22 കെട്ടിട നികുതി ഡിമാന്റ് ചെയ്തിട്ടുള്ളതും പിരിച്ചെടുത്തിരിക്കുന്നത് ഗാർഹികേതര കെട്ടിടങ്ങൾക്ക് മാത്രമായാണ്. 2020-21 ലെ കുടിശ്ശിക വാർഷിക കണക്ക് പ്രകാരം ഗാർഹിക കെട്ടിടങ്ങൾക്ക് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 2020-21 സാമ്പത്തിക വർഷത്തിലെ ആകെ 336121 രൂപ ഗാർഹിക കെട്ടിടങ്ങളുടെ നികുതി കുടിശ്ശികയായുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ ഗാർഹിക കെട്ടിട നികുതി കുടിശ്ശിക പിരിവ് 150639 രൂപയും ഗാർഹികേതര കെട്ടിടങ്ങളുടെ നികുതി കുടിശ്ശിക 208759 രൂപയും പിരിച്ചെടുത്തിട്ടുണ്ട്. കൂടാതെ ഗാർഹികേതര കെട്ടിട നികുതി കുടിശ്ശിക 111602 രൂപയും തൻവർഷത്തെ കുടിശ്ശിക 32420 രൂപയും ബാക്കിയായിട്ടുണ്ട്. തൻവർഷ ഡിമാന്റ് കുടിശ്ശിക എന്നിവ വേർതിരിച്ച് ആണ് വാർഷിക കണക്കിൽ രേഖപ്പെടുത്തിയിരിക്കുന്നതി. ഇവയുടെ വേർതിരിക്കലിന് കൃത്യമായ രേഖകൾ ഹാജരാക്കാത്തതിനാലും ഇതിന്റ പരിശോധന സാധ്യമായിട്ടില്ല.

2021-22 വാർഷിക കണക്ക് പ്രകാരം വസ്തു നികുതി വിവരങ്ങൾ

| സഞ്ചയ പ്രകാരം | വാർഷിക കണക്കുകൾ പ്രകാരം |
|---|---|

| | | | | | |
|---|---|---|---|---|---|
| തൻവർഷം | | | | | |
| ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| 3985946 | 3871026 | 102419 | 3985946 | 3858090 | 107719 |
| കുടിശ്ശിക | | | | | |
| 395535 | 361919 | 34429 | 384121 | 359398 | 36303 |

മേൽ പ്രകാരമുള്ള ഡിമാന്റ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നത് 31.03.2022 തീയതിയിലാണ്. ഡിമാന്റ് ചെയ്യാതെ തന്നെ നികുതി ഈടാക്കാൻ സാധിക്കുന്നത് സംബന്ധിച്ച് വിശദീകരിക്കേണ്ടതാണ്. യഥാർത്ഥ ഡിമാന്റ് കളക്ഷൻ ബാലൻസ് സംബന്ധിച്ച വിവരങ്ങൾ വാർഷിക കണക്കിൽ പ്രതിഫലിക്കാത്തത് സംബന്ധിച്ച് വിശദീകരിക്കേണ്ടതാണ്.

22. നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള ചെലവ് സംബന്ധിച്ച വിവരങ്ങൾ വാർഷിക കണക്കിൽ റിപ്പോർട്ട് രൂപത്തിൽ ലഭ്യമല്ല.

24. വാർഷിക കണക്കുകളോടൊപ്പം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് സമർപ്പിക്കാത്തതിനാൽ ഇത് സംബന്ധിച്ച വിശദമായ പരിശോധന സാധ്യമായിട്ടില്ല.

25.എയിംസ് സോഫ്റ്റ് വെയറിൽ സമർപ്പിച്ച വാർഷിക കണക്കുകളോടൊപ്പം ഉള്ളടക്കം ചെയ്ത Abstract Of Income And Expenditure -ലെ ചെലവ് ഭാഗത്ത് ഡെഫിസിറ്റ്/സർപ്ലസ് രേഖപ്പെടുത്തിയിരിക്കുന്നത തുകയും Schedule Of Income And Expenditure ൽ ഉൾപ്പെടുത്തിയിരിക്കുന്ന സംക്ഷിപ്തത്തിലെ ചെലവ് ഭാഗത്ത് ഡെഫിസിറ്റ്/സർപ്ലസ് രേഖപ്പെടുത്തിയിരിക്കുന്നത തുകയും വ്യത്യസ്തമാണ്. Abstract Of Income And Expenditure -ലെ അറ്റാദായം 167988 രൂപയാണ്.പ്രസ്തുത സ്റ്റേറ്റ്മെന്റ് പ്രകാരം Gross Surplus / Deficit Of Income Over Expenditure എന്നത് -29229686.00 രൂപയാണ്. I-18 പ്രകാരം (-) ആയി വരുന്ന 22610 രൂപ കൂട്ടുന്നതിന് പകരം സംക്ഷിപ്തത്തിൽ കുറയ്ക്കുകയാണ്ചെയ്തിട്ടുള്ളത്. Schedule Of Income And Expenditure- ൽ ആയതിന്റെ സംക്ഷിപ്തം ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിലെ Gross Surplus / (Deficit) Of Income Over Expenditure AfterPrior Period Items. എന്നത് 29,229,686.00 രൂപയായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സ്റ്റേറ്റ്മെന്റിലെ Gross Surplus / (Deficit) Of Income Over Expenditurebefore Prior Period Items എന്നത് 29,061,698.00 രൂപയും ഇതിനോട് ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിലെ I-19ലെ തുകയായ 190,598.00 രൂപ കൂട്ടുകയും I-18 പ്രകാരമുള്ള -22,610.00 രൂപ കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. (-)Ve ബാലൻസ് ആയി വരുന്ന തുക കൂട്ടേണ്ടതിന് പകരം കുറയ്ക്കുകയാണ് ചെയ്തിട്ടുള്ളത്. തുകകളുടെ കൃത്യത സംബന്ധിച്ച് വിശദീകരിക്കേണ്ടതാണ്.

മേൽ അപാകതകൾ പരിഹരിക്കേണ്ടതും വിശദ വിവരങ്ങൾ അടങ്ങിയ കുറിപ്പുകൾ വാർഷിക കണക്കുകളോടൊപ്പം ഉൾപ്പെടുത്തേണ്ടതുമാണ്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19 തീയതി 14/12/2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-12 ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയർ സംവിധാനം

തദ്ദേശ സ്ഥാപന സ്ഥാപനങ്ങളുടെ വിവിധ സോഫ്റ്റ് വെയറുകൾ സംയോജിപ്പിച്ച് ഒരു സോഫ്റ്റ് വെയറിന് കീഴിൽ എല്ലാ സേവനങ്ങളും എത്തിക്കുന്നതിന് വേണ്ടിയാണ് ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയർ തയ്യാറാക്കിയിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിലെ സേവനങ്ങൾക്ക് ഉപയോഗിക്കുന്ന സോഫ്റ്റ് വെയറുകളായ സാംഖ്യ, സഞ്ചയ, സങ്കേതം, സൂചിക, സേവന, സചിത്ര, സകർമ്മ, സുലേഖ, സ്ഥാപന തുടങ്ങി 17 സോഫ്റ്റ് വെയറുകൾ ഒരു പ്ലാറ്റ് ഫോമിലേക്ക് എന്നതാണ് ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയർ നടപ്പാക്കുന്നതിലൂടെ ലക്ഷ്യം വെക്കുന്നത്. എന്നാൽ നിലവിൽ നടപ്പാക്കിയിരിക്കുന്നത് സൂചിക(എൽ.ബി) സേവന സിവിൽ രജിസ്ട്രേഷൻ, ഫിനാൻസ് മൊഡ്യൂൾ എന്നിവ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇവ തന്നെ പൂർണ്ണമായും പ്രവർത്തന ക്ഷമമായ നിലയിലെത്തിയിട്ടില്ല. ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയർ നടപ്പാക്കുന്നതിന് മുമ്പ് വികസിപ്പിച്ച സോഫ്റ്റ് വെയറുകൾ തന്നെ ആയവ ലക്ഷ്യം വെച്ചിട്ടുള്ള നിലയിലേക്ക് എത്തിച്ചേരുന്നതിന് മുമ്പ് തന്നെ ഇവ മുഖേനയുള്ള സേവനങ്ങൾ ഒറ്റ പ്ലാറ്റ്ഫോമിലെത്തിക്കുന്നതിന് വേണ്ടി പുതിയ സോഫ്റ്റ് വെയർ തയ്യാറാക്കി നടപ്പാക്കുമ്പോൾ ഉണ്ടാവേണ്ട ഗുണപ്രദമായ മാറ്റങ്ങൾ ഉണ്ടായിട്ടില്ല.

1. തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിൽ ഐ.എൽ.ജി.എം.എസ് 03.09.21 ന് തുടങ്ങി. 03.09.21 വരെ സാംഖ്യയിൽ Reconciliation,web Sankhya Data Mapping,Accruel Demand,Advance Adjustment എന്നിങ്ങനെ എല്ലാ നടപടികളും

പൂർത്തീകരിച്ചോ എന്ന് വ്യക്തമല്ല. PDE നടത്തിയത് സംബന്ധിച്ച ഫയലുകൾ സൂക്ഷിക്കാത്തതിനാൽ ആയത് സംബന്ധിച്ച പരിശോധന സാധ്യമായിട്ടില്ല.

ഐ.കെ.എം.ടെക്നിക്കൽ എക്സ്പെർട്ട് സഹായത്തോടെയാണ് ഇത്തരം നടപടികൾ ചെയ്യുന്നത്. ഇത് സംബന്ധിച്ച് ഒരു ഫയൽ പഞ്ചായത്ത് സൂക്ഷിച്ചിട്ടുണ്ട്. 9 ഘട്ടം ആയിട്ടാണ് ഈ നടപടികൾ പൂർത്തിയാക്കുന്നത്. ആയതിൽ 8ാമത്തെ ഘട്ടം സംബന്ധിച്ച വിശദ വിവരങ്ങൾ ഫയലിൽ ഇല്ല.

2.പഞ്ചായത്തിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയറുകളിൽ സേവന,സാംഖ്യ,സൂചിക എന്നിവയിൽ നൽകി വന്നിരുന്ന സേവനങ്ങൾമാത്രമാണ് ഐ.എൽ.ജി.എം.എസ് ഉൾപ്പെടുത്തിയിട്ടുള്ളത്.ആയതിനാൽ തന്നെ പദ്ധതിചെലവുകണക്കുകൾ Year Ending Adjustment ആയാണ് ഐ.എൽ.ജി.എം.എസ് ൽ ചെയ്യുന്നത്.ഐ.കെ.എം ന്റെ സഹായത്തോടെ മാത്രമാണ് ഇത്തരം അഡ്ജസ്ററ് മെന്റുകൾ ചെയ്യാൻ കഴിയുന്നുള്ളൂ. ഓട്ടോ ജനറേറ്റഡ് സോഫ്റ്റ് വെയറിനുണ്ടാകേണ്ട നിയന്ത്രണങ്ങൾ ഈ സോഫ്റ്റ് വെയറിനില്ല.

3.ഓൺലൈൻ പേയ്മെന്റുകൾ വഴി അടക്കുന്ന തുക ഐ.കെ.എം ന്റെ അക്കൌണ്ടിലേക്കാണ് പോകുന്നത്.ഐ.കെ.എം പഞ്ചായത്തിലേക്ക് നൽകുന്ന തുകകൾ ജേർണൽ എൻട്രി വഴി യാണ് ഐ.എൽ.ജി.എം.എസിൽ വരവു വരുത്തുന്നത്. അതായത് സഞ്ചയയിൽ വരുന്ന തുക പഞ്ചായത്തിന്റെ ബാങ്ക് ബുക്കിൽ വരുന്നതിന് കാലതാമസംവരുന്നു.

4.ഐ.എൽ.ജി.എം.എസ് ആക്കിയതിന് ശേഷം അക്ഷയസെന്ററുകളിലൂടെ ഈടാക്കുന്ന ഫീസുകൾ പഞ്ചായത്തിന്റെ അക്കൌണ്ടുകളിൽ നേരിട്ട് ലഭിക്കുന്നില്ല. ഇത്തരത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട തുക ഐ.കെ.എം ന്റെ അക്കൗണ്ടുകളിൽ ക്രഡിറ്റ് ചെയ്ത് ദീർഘ നാളുകൾക്ക് ശേഷം ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടുകളിലേക്ക് ഐ.കെ.എം നൽകുന്നു. ഇത്തരത്തിൽ തുക ലഭിക്കാതെ തന്നെ വരവായി അക്കൗണ്ടുകളിൽ ലഭിച്ചതായി രേഖപ്പെടുത്തേണ്ടി വരുന്നു.

ഈ ഇനത്തിൽ ലഭിക്കേണ്ട തുക ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് നേരിട്ട് ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഓൺലൈൻ മുഖേനയോ അക്ഷയ സെന്ററുകൾ മുഖേനയോ നികുതി നികുതിയേതര വരവുകൾ ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിൽ നേരിട്ട് ലഭിക്കേണ്ട നില ഉണ്ടാവേണ്ടതാണ്. നേരിട്ട് തുക ലഭിക്കാത്തതിനാൽ ഐ.കെ.എം ൽ നിന്നും ലഭിക്കുന്ന തുക റിക്കൺസിൽ ചെയ്യാത്ത സ്ഥിതി ഉണ്ടാവുന്നുണ്ട്.

5.മാന്വൽ രശീതുകളുടെ സ്റ്റോക്ക് വിവരങ്ങൾ ഐ.എൽ.ജി.എം.എസ് ൽ ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഐ.എൽ.ജി.എം.എസിലേക്ക് മാറിയപ്പോൾ ഉള്ള മുൻബാക്കി,പിന്നീട് വരവ് വന്ന രശീതുകളുടെ വിവരം എന്നിവ ചേർക്കാത്തതിനാൽ ഐ.എൽ.ജി.എം.എസ് ലെ മാന്വൽ രശീതുകളുടെ സ്റ്റോക്ക് വിവരങ്ങൾ കൃത്യമല്ല.

6.ട്രയൽ ബാലൻസ്,ജേർണൽ റിപ്പോർട്ട്,ക്യാഷ് ബുക്ക് സമ്മറി.ബാലൻസ് ഷീറ്റ് ,ബാങ്ക് ബുക്ക് ,ഫ്രണ്ട് ഓഫീസ് ഡയറി,ചിട്ട,ഡേ ബുക്ക്,ഇൻകം ആൻഡ് എക്സ്പെൻഡിച്ചർസ്റ്റേറ്റ്മെന്റ് ,റസീപ്റ്റ് ആൻഡ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ,ഹെഡ് വൈസ് റിപ്പോർട്ട് ,സ്റ്റാഫ് ഡ്യൂട്ടി ബുക്ക്,ഫണ്ട് ട്രാൻസ്ഫർ,മറ്റ് റിപ്പോർട്ടുകൾ എന്നിവയാണ് ഐ.എൽ.ജി.എം.എസിൽ കിട്ടുന്നത്.ഓഡിറ്റിന് വേണ്ട ചെക്ക് &ഡ്രാഫ്റ്റ് രജിസ്റ്റർ ,ചെക്ക് ഇഷ്യൂരജിസ്റ്റർ,ബിൽ രജിസ്റ്റർ , ഡെപ്പോസിറ്റ് രജിസ്റ്റർ,മുൻകൂർ രജിസ്റ്റർ,ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ ,ലോൺ രജിസ്റ്റർ,അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ,ആസ്തിരജിസ്റ്റർ,സ്യൂട്ട് രജിസ്റ്റർ,കണ്ടിജന്റ് രജിസ്റ്റർ,സ്റ്റോക്ക് രജിസ്റ്റർ ,നികുതി,നികുതിയേതരവരുമാനങ്ങൾ സംബന്ധിച്ച ഡിമാന്റ് കളക്ഷൻ ,ബാലൻസ് റിപ്പോർട്ടുകൾ ,എന്നിവയൊന്നും ഐ.എൽ.ജി.എം.എസിൽ ഇല്ല.

7.Receipt Voucher,Payment Voucher,Contra Voucher, എന്നിവയുടെ ലിസ്റ്റ് ഐ.എൽ.ജി.എം.എസിൽ കിട്ടുന്നില്ല. കൂടാതെ ഒരു പേമെന്റ് വൗച്ചർ തയ്യാറാക്കി നൽകിയതിന് ശേഷം പേമെന്റ് നടത്താതിരുന്നാൽ പ്രസ്തുത തുക ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ “Directly Credited By Bank” കൂടാതെ വരവ് ഇനങ്ങൾ “Directly Debited By Bank” എന്നുമാണ് രേഖപ്പെടുത്തുന്നത്. ഇത് തെറ്റായ രീതിയാണ്. പേമെന്റ് വൗച്ചർ തയ്യാറാക്കിയതിന് ശേഷം പേമെന്റ് നടത്താത്ത വൗച്ചറുകളുടെ ലിസ്റ്റ് നിലവിൽ ഈ സോഫ്റ്റ് വെയറിൽ ലഭ്യമാകുന്നില്ല.

8.ഐ.എൽ.ജി.എം.എസിലെ പല റിപ്പോർട്ടുകളും കിട്ടുന്നില്ല.

ഉദാ:-പേഴ്സണൽ രജിസ്റ്റർ,

മെസ്സേജ് ബുക്ക്

സ്റ്റാറ്റസ് റിപ്പോർട്ട്

9.Interrupted Receipts ക്യാൻസൽ ചെയ്യേണ്ട സാഹചര്യം വരുമ്പോൾ ILGMS -ൽ രേഖപ്പെടുത്താൻകഴിയുന്നില്ല.

10.Email ആയി വരുന്ന തപാലുകൾ കൈകാര്യം ചെയ്യാൻ മോഡ്യൂൾ ആക്ടീവ് അല്ല.

11.ഡേ ബുക്ക് റിപ്പോർട്സ്

മേൽ റിപ്പോർട്സ് എടുക്കുമ്പോൾ റിപ്പോർട്ടിൽ തീയതി വെച്ചുള്ള ക്ലോസിംഗ് വിവരങ്ങൾ ലഭിക്കുന്നില്ല. ഇത് കൊണ്ട് ലഭിച്ച തുക ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയത് സംബന്ധിച്ച് പരിശോധന സാധ്യമല്ല. തുക ബാങ്കിൽ ഒടുക്കിയത് സംബന്ധിച്ച് ബാങ്ക് സ്റ്റേറ്റ്മെന്റുമായി ഒത്ത് നോക്കി ILGMS സോഫ്റ്റ് വെയറിൽ അതത് ദിവസമോ,

മാസാന്ത്യമോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നതിനുള്ള സൗകര്യം നിലവിലില്ല.

ബാങ്ക് ബുക്ക്

നിലവിൽ ബാങ്ക് റിപ്പോർട്ട് View ചെയ്യുന്നതിനുള്ള സൗകര്യം മാത്രമാണ് ഓഡിറ്റർക്ക് ലഭ്യമായിട്ടുള്ളത്. ബാങ്ക് ബുക്ക് ലഡ്ജർ റസീപ്റ്റ് , പേമെന്റ്, കോൺട്ര എൻട്രികളുടെ അടിസ്ഥാനത്തിൽ ക്രമീകരിച്ച് തെരയുന്നതിനുള്ള സൗകര്യം ലഭ്യമാക്കുന്ന പക്ഷം ഇവയുടെ പരിശോധന നടത്താൻ സാധിക്കും.

നിലവിൽ ഓരോ ചെക്കും നൽകുമ്പോൾ ചെക്ക് നമ്പർ ILGMS സോഫ്റ്റ് വെയറിൽ നേരിട്ട് രേഖപ്പെടുത്തുന്ന രീതിയാണ് ഉള്ളത്. വിവധ ആവശ്യങ്ങൾക്കും വിവിധ ഫണ്ടുകൾക്കും വ്യത്യസ്ത ബാങ്ക് അക്കൗണ്ടുകൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങളാണ് ഗ്രാമ പഞ്ചായത്ത് എന്നതിനാൽ തന്നെ ചെക്ക് നമ്പറുകൾ മാറി നൽകപ്പെടുന്നതിന് ഇടയാവുകയും കൃത്യത ഇല്ലാത്ത റിപ്പോർട്ടുകൾ സൃഷ്ടിക്കപ്പെടുകയും ചെയ്യും. ആയതിനാൽ ഓരോ ചെക്കുകളുടെയും ചെക്ക് നമ്പറുകൾ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തുന്നതിനുള്ള സൗകര്യങ്ങളും ഉൾപ്പെടുത്തേണ്ടതുണ്ട്.

12.ചെക്ക് ഇഷ്യൂ രജിസ്റ്റർ ലഭ്യമല്ല.

നൽകിയ ചെക്കുകളുടെയും പിൻവലിക്കലുകളുടെയും വിവരങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ ചെക്ക് ഇഷ്യു രജിസ്റ്റർ റിപ്പോർട്ടുകളിൽ ലഭ്യമല്ല. ചെക്ക് ഇഷ്യു രജിസ്റ്ററുകളിൽ വൗച്ചറുകളുടെ നമ്പർ ഉൾപ്പെടുത്തേണ്ടതുണ്ട്. ഇത് പരിശോധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. നിലവിൽ അക്കൗണ്ടുകളിൽ ചെക്ക് നമ്പറുകൾ ചെക്കുകൾ നൽകുന്ന സമയത്ത് സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തുന്ന രീതിയാണുള്ളത്. ഇതിന് പകരം ചെക്ക് ബുക്കുകൾ ലഭിക്കുന്ന സമയത്ത് തന്നെ ഓരോ ബാങ്ക് അക്കൗണ്ടുകളുടെയും ചെക്ക് നമ്പറുകൾ (രശീത് ബുക്കുകളുടെ സ്റ്റോക്ക് രേഖപ്പെടുത്തുന്ന രീതിയിൽ ) രേഖപ്പെടുത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നത് മുഖേന ഓരോ ബാങ്ക് അക്കൗണ്ടുകളുടെയും ചെക്ക് നമ്പറുകളുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിക്കുന്നതാണ്.

13.ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ ലഭ്യമല്ല

ഗ്രാമ പഞ്ചായത്തിന് ലഭിച്ച ചെക്കുകളുടെയും ഡ്രാഫ്റ്റുകൾ പണമായി മാറിയത് പരിശോധിക്കുന്നതിനും റിക്കൺസിൽ ചെയ്യുന്നതിനുമായി ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ ഉൾപ്പെടുത്തേണ്ടതുണ്ട്. ഇത് സെക്രട്ടറി നിയോഗിക്കുന്ന ഉദ്യോഗസ്ഥൻ റിക്കൺസിൽ ചെയ്യേണ്ടതും ആയതിന് സെക്രട്ടറി അംഗീകാരം നൽകേണ്ടതുമാണ്. വാർഷിക കണക്കുകൾ സമർപ്പിച്ചതിന് ശേഷം തിരുത്തലുകൾ വരുത്തുന്ന രീതി നിയന്ത്രിക്കേണ്ടതുമാണ്.

14.രശീതുകളുടെ ക്യാൻസലേഷൻ

മുൻവർഷം നൽകിയ രശീതുകൾ തുടർവർഷങ്ങളിലും ക്യാൻസൽ ചെയ്യുന്നതിനുള്ള സാഹചര്യം നിലവിലുണ്ട്. വാർഷിക കണക്കുകൾ സമർപ്പിച്ചതിനു ശേഷവും രശീതുകൾ ക്യാൻസൽ ചെയ്യുന്നതിനുള്ള സാഹചര്യം നില നിൽക്കുന്നത് തെറ്റായ നടപടിക്രമമാണ്.

15.ലഡ്ജർ ബുക്കുകൾ

ഓഡിറ്റ് മൊഡ്യൂളുമായി ബന്ധപ്പെടുത്തി നൽകിയിട്ടുള്ള ബാലൻസ് ഷീറ്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ് മെന്റ് , രസീപ്റ്റ് & പേമെന്റ് അക്കൗണ്ട് എന്നിവയോടൊപ്പം ലിങ്ക് നൽകിയിട്ടുള്ള ലഡ്ജർ ബുക്ക് പരിശോധിക്കുമ്പോൾ ഭൂരിഭാഗവും ലഡ്ജറിൽ രേഖപ്പെടുത്തിയിട്ടുള്ള തുക പരിശോധിക്കാൻ സാധിക്കുന്നില്ല.

16.വ്യവസായം, വാണിജ്യം, സംരംഭകത്വം, മറ്റ് സേവനങ്ങൾക്കുള്ള ലൈസൻസ്

തദ്ദേശ സ്ഥാപന അധികാര പരിധിയിൽ വ്യവസായങ്ങളോ വാണിജ്യ സ്ഥാപനങ്ങളോ മറ്റ് സ്ഥാപനങ്ങളോ ആരംഭിക്കുന്നതിന് വേണ്ടി ലൈസൻസിന് അപേക്ഷ നൽകിയവരുടെയും , ലൈസൻസ് നേടിവരുടെയും , മുൻകാലങ്ങളിൽ ലൈസൻസ് ലഭിച്ച് തൻവർഷം പുതുക്കിയവരുടെയും , മുൻവർഷങ്ങളിൽ ലൈസൻസ് ലഭിച്ചവരും എന്നാൽ തൻവർഷം പുതുക്കാത്തവരുമായ വ്യക്തികളുടെയോ സ്ഥാപനങ്ങളുടെയോ ലിസ്റ്റ് റിപ്പോർട്ട് രൂപത്തിൽ ലഭിക്കാനുള്ള സൗകര്യം നിലവിലില്ല. മേൽ പ്രകാരമുള്ള സ്ഥാപനങ്ങൾ വ്യക്തികൾ ലൈസൻസ് ഫീസ്, മറ്റ് അനുബന്ധ നികുതികളും ഫീസുകളും ഒടുക്കിയതിന്റെ റിപ്പോർട്ടുകളും ലഭിക്കുന്നില്ല. ഇവ പരിശോധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നത് അല്ലെങ്കിൽ അംഗീകാരം നൽകുന്ന സംവിധാനം നിലവിലില്ല.

17.തൊഴിൽ നികുതി

തൊഴിൽ നികുതി ഡിമാന്റ് പരിശോധിക്കുന്നതിനാവശ്യമായ ട്രേഡേഴ്സ് ലിസ്റ്റ് , എംപ്ലോയിസ് തൊഴിൽ നികുതി തുടങ്ങിയവ സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും വിവരങ്ങൾ രേഖപ്പെടുത്തുന്നതിനോ ഇവ റിപ്പോർട്ട് രൂപത്തിൽ ലഭ്യമാക്കുന്നതിനോ ആവശ്യമായ സൗകര്യങ്ങൾ ലഭ്യമല്ല. ഇത്തരത്തിൽ വിവരങ്ങൾ രേഖപ്പെടുത്താനുള്ള സൗകര്യങ്ങൾ ലഭ്യമാക്കി സെക്രട്ടറി / ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ ആയത് അംഗീകാരം നൽകി കാലികമാക്കി നിജപ്പെടുത്തുന്ന രീതി നിലവിലില്ലാത്ത സാഹചര്യത്തിൽ ഇത് ഡിജിറ്റൽ രീതിയിൽ പരിശോധന സാധ്യമല്ലാത്ത സ്ഥിതിയാണുള്ളത്.

18.വസ്തു നികുതി (സഞ്ചയ സോഫ്റ്റ് വെയർ)

നിലവിൽ സഞ്ചയ സോഫ്റ്റ് വെയർ വസ്തു നികുതി ഡമാന്റ് കളക്ഷൻ ബാലൻസ് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നത്. ILGMS സോഫ്റ്റ് വെയറിൽ വസ്തു നികുതി വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ആവശ്യമായ മൊഡ്യൂൾ തയ്യാറാക്കിയിട്ടില്ല.. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തുടങ്ങിയവ റിപ്പോർട്ട് രൂപത്തിൽ ലഭ്യമാക്കിയിട്ടില്ല. വസ്തു നികുത് സംബന്ധമായ അംഗീകാരം ലഭിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് വേണ്ട സംവിധാനങ്ങൾ ILGMS സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്താത്തതിനാൽ തന്നെ ഇതിന്റെ പരിശോധന സാധ്യമല്ല. വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് നിരവധി തവണ ഐ.കെ.എം വസ്തു നികുതി വിവരങ്ങളിൽ (Data) പ്യൂരിഫിക്കേഷൻ പ്രവൃത്തി നടത്തുകയും പിന്നീട് വസ്തു നികുതി വിവരങ്ങളിൽ മുൻകാല പ്രാബല്യത്തിൽ വ്യത്യാസങ്ങൾ വരുകയും ചെയ്യുന്നുണ്ട്. വാർഷിക കണക്കുകൾ സമർപ്പിക്കുന്ന സമയത്തുള്ള വിവരങ്ങൾ പിന്നീട് ലഭിക്കാത്ത സാഹചര്യം ഉണ്ടാക്കുകയും ചെയ്യുന്നുണ്ട്.

19.കെട്ടിട നിർമ്മാണ അനുമതി - കെട്ടിട നിർമ്മാണ ക്രമവത്കരണം ( സങ്കേതം സോഫ്റ്റ് വെയർ)

കെട്ടിട നിർമ്മാണ അനുമതിക്കായുള്ള അപേക്ഷ സങ്കേതം സോഫ്റ്റ് വെയർ മുഖേനയാണ് സ്വീകരിക്കുന്നത്. ഓരോ അപേക്ഷകനും സങ്കേതം സോഫ്റ്റ് വെയർ ഉപയോഗിച്ച് സമർപ്പിക്കുന്ന രേഖകളുടെയും അനുബന്ധ രേഖകളുടെയും അച്ചടിച്ച പകർപ്പുകൾ (Hard Copy) സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതായുണ്ട്. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും സങ്കേതം സോഫ്റ്റ് വെയറിലേക്ക് Upload ചെയ്യാൻ നിലവിൽ സൗകര്യം ഇല്ല. അധികമായി വേണ്ടുന്ന രേഖകളുടെ പകർപ്പുകൾ Pdf ഫയൽ രൂപത്തിൽ ഉൾപ്പെടുത്തുന്ന സാഹചര്യമാണുള്ളത്. ഇത് ഡിജിറ്റൽ ഫയൽ സിസ്റ്റം പൂർണമാക്കുന്നതിന് സൗകര്യപ്രദമല്ല. ഇത് ജനങ്ങൾക്ക് അധിക പണ ചെലവിനും ബുദ്ധിമുട്ടുകൾക്കും ഇടയാക്കുന്നു. സങ്കേതം സോഫ്റ്റ് വെയറിലെ സേവനങ്ങൾ നിലവിൽ ILGMS സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല. സങ്കേതം സോഫ്റ്റ് വെയർ തന്നെ ആയതിന്റെ ലക്ഷ്യം പൂർത്തീകരിക്കുന്നതിന് ആവശ്യമായ രീതിയിൽ വികസിപ്പിച്ചിട്ടില്ലാത്തതിനാൽ നിലവിലെ അവസ്ഥയിൽ ആയത് ഉൾപ്പെടുത്തുന്നത് ഉദ്ദേശ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിന് സഹായകമല്ല. ഈ സോഫ്റ്റ് വെയർ മുഖേനയുള്ള റിപ്പോർട്ടുകൾ നിലവിൽ ഓഡിറ്റ് മൊഡ്യൂളിൽ ലഭ്യമല്ല. കെട്ടിട നിർമ്മാണ അപേക്ഷ സ്വീകരിക്കുമ്പോൾ കെട്ടിട നിർമ്മാണ അനുമതി ഫീസ് ഈടാക്കുന്നതിന് ആയതിന്റെ ഡിമാന്റ് നമ്പർ ചേർക്കേണ്ടതാണ്. നിലവിൽ കെട്ടിട നിർമ്മാണ അപേക്ഷകളിൽ അനുമതി നൽകുമ്പോൾ സങ്കേതം സോഫ്റ്റ് വെയറിലും ILGMS സോഫ്റ്റ് വെയറിലും ഡിമാന്റ് ചെയ്താൽ മാത്രമേ ഫീസ് സ്വീകരിച്ച് അനുമതി നൽകാൻ സാധിക്കുകയുള്ളൂ.

20. പണം പിരിവ് , ഒടുക്കൽ, പിൻവലിക്കൽ എന്നിവയുടെ പരിശോധന

തദ്ദേശ സ്ഥാപനത്തിൽ വിവിധ രീതിയിലുള്ള പിരിവുകളുടെയും ആയത് ബന്ധപ്പെട്ട അക്കൗണ്ടുകളിലേക്ക് ഒടുക്കുന്നതിന്റെയും പരിശോധന ILGMS സോഫ്റ്റ് വെയർ മുഖേന പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലില്ല. ILGMS സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയ വിവരങ്ങൾ നിലവിലെ രീതിയിൽ പരിശോധന നടത്തിയാൽ ഓഡിറ്റ് പരിശോധന ലഘൂകരിക്കപ്പെടുന്നില്ല. ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള വിവരങ്ങൾ ബാങ്ക് ബുക്ക് , ചെക്ക് ഇഷ്യൂ രജിസ്റ്ററുകൾ തുടങ്ങിയവയുമായി ബന്ധപ്പെടുത്തി നിശ്ചയിക്കപ്പെട്ട ഇടവേളകളിൽ പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നതിനുള്ള സംവിധാനം ഈ സോഫ്റ്റ് വെയറിൽ നിലവിലില്ല. പണം പിൻവലിക്കുന്നത് സംബന്ധിച്ചും ഇത്തരത്തിൽ പരിശോധന സാധ്യമാക്കുന്നതിനുള്ള സംവിധനമില്ല. ഇത് സംബന്ധിച്ച് റിപ്പോർട്ട് ഓഡിറ്റർക്ക് ലഭിക്കുന്നില്ല.

21.സ്റ്റോക്ക് രജിസ്റ്റർ

വിവിധ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ടുകളൊന്നും തന്നെ ഓഡിറ്റർക്ക് റിപ്പോർട്ട് രൂപത്തിൽ ലഭിക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ സംബന്ധിച്ച് ചട്ടങ്ങൾ പ്രകാരമുള്ള പരിശോധന നടത്തുന്നതിനുള്ള മൊഡ്യൂളുകൾ ഉൾപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് വിവരങ്ങൾ ഇനം തിരിച്ച് രേഖപ്പെടുത്തുന്നതിനുള്ള

22.ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്

ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ഓഡിറ്റ് മൊഡ്യൂളിൽ ലഭ്യാക്കിയിട്ടുണ്ടെങ്കിലും ഗ്രാമ പഞ്ചായത്ത് നൽകിയിട്ടുള്ള ചെക്കുകൾ ഏതെങ്കിലും കാലാവധിക്കുള്ളിൽ പണമായി മാറാതിരുന്നിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച് ഒരു റിപ്പോർട്ട് ലഭിക്കുന്നില്ല. ഇത്തരം ചെക്കുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നത് സംബന്ധിച്ച സൗകര്യങ്ങളോ മൊഡ്യൂളുകളോ ഇല്ല. അത് പോലെ ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടുള്ള ചെക്കുകളോ ഡ്രാഫ്റ്റുകളോ പണമായി മാറാൻ സാധിക്കാത്ത സ്ഥിതി വന്നാൽ ഇത് സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമല്ല. ഇതിൻമേൽ സ്വീകരിച്ചിട്ടുള്ള നിയമ നടപടികൾ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്താനുള്ള മൊഡ്യൂളുകൾ ഏർപ്പെടുത്തിയിട്ടില്ല.

23.അക്രൂവൽ അടിസ്ഥാനത്തിലുള്ള അക്കൗണ്ടിംഗ് സിസ്റ്റത്തിൽ ഡിമാന്റ് ഇല്ലാതെ തന്നെ പണം സ്വീകരിക്കാൻ സാധിക്കുന്നു.

അക്രൂവൽ അടിസ്ഥാനത്തിൽ ഡിമാന്റിന്റെ അടിസ്ഥാനത്തിൽ ഈടാക്കുന്ന നികുതി നികുതിയേതര വരുമാനങ്ങൾ വാർഷികാരംഭത്തിൽ തന്നെ ഡിമാന്റ് ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ തുക ഈടാക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ ഈ സോഫ്റ്റ് വെയറിൽ ഡിമാന്റ് ഇല്ലാതെ തന്നെ തുക സ്വീകരിച്ച് വർഷാവസാനം ഡിമാന്റ് ജേർണൽ എൻട്രി മുഖേന ഡിമാന്റ് ചെയ്ത് വാർഷിക കണക്ക് തയ്യാറാക്കുന്നു.

ഉദാഹരണമായി - വസ്തു നികുതി 2021 ഏപ്രിൽ മാസം മുതൽ സ്വീകരിച്ചിരുന്നുവെങ്കിലും വസ്തു നികുതി ഡിമാന്റ് ചെയ്യുന്നത് 31/03/2022 ന് മാത്രമാണ്. ജേർണൽ നമ്പർ 42100622, 42100623 എന്നിവ വസ്തു നികുതി ഡിമാന്റ് രേഖപ്പെടുത്തിയത് 31/03/2022ന് ആണ് എന്ന് വ്യക്തമാക്കുന്നു. കെട്ടിട വാടക തുടങ്ങിയവയും പ്രസ്തുത ദിവസമാണ് ഡിമാന്റിൽ വരുത്തിയിരിക്കുന്നത്.

ജേർണൽ നമ്പർ 42100629 തീയതി 31.03.2022 പ്രകാരം ILGMS ൽ ഉൾപ്പെടുത്താത്തതും ഔട്ട് ഡോർകളക്ഷൻ മുഖേന പിരിച്ചെടുത്തതുമായ കെട്ടിട വാടക തുക ഔട്ട് ഡോർ കളക്ഷൻ കൺട്രോൾ അക്കൗണ്ടിൽ നിന്നും ഏകദേശം തുല്യ തുകയായി ഗാർഹിക കെട്ടിടങ്ങളുടെ നികുതി 116497, ഗാർഹികേതര കെട്ടിടങ്ങളുടെ നികുതി 116498 രൂപ എന്നിങ്ങനെ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിലാണ് നികുതി പിരിച്ചത് എന്ന് സാധൂകരിക്കുന്നതിനാവശ്യമായ രേഖകളൊന്നും സൂക്ഷിച്ചിട്ടില്ല. ഇത് സോഫ്റ്റ് വെയർ കൺട്രോൾ കൃത്യതയില്ലാത്തതിനെ സൂചിപ്പിക്കുന്നു.

മേൽ സാഹചര്യത്തിൽ നിന്നും വ്യക്തമാക്കുന്നത് ഏത് സമയത്തും യുക്താനുസരണം ക്രമീകരണങ്ങൾ വരുത്താവുന്ന നിലയിലാണ് സോഫ്റ്റ് വെയർ തയ്യാറാക്കിയിട്ടുള്ളത് എന്നാണ്.

24.മുൻവർഷത്തെ നീക്കി ബാക്കി, അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡിമാന്റ് എന്നിവ തൻവർഷം ഡിമാന്റ് ചെയ്യുന്നതിന് ജേർണൽ എൻട്രി രേഖപ്പെടുത്തേണ്ടി വരുന്നു.

മുൻവർഷത്തെ നീക്കി ബാക്കി, അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡിമാന്റ്, ബാധ്യത തുടങ്ങിയവ തൊട്ടടുത്ത സാമ്പത്തിക വർഷത്തെ ഡിമാന്റ്, ബാധ്യത, നീക്കി ബാക്കി ഇനത്തിൽ ഓട്ടോ ജനറേറ്റഡ് ആയി വരേണ്ടത് ഒരു സോഫ്റ്റ് വെയറിന്റെ കൃത്യതക്ക് അനിവാര്യമാണ്. ഈ സോഫ്റ്റ് വെയറിൽ മേൽ പറഞ്ഞവ ഉദ്യോഗസ്ഥരോ, ഐ.കെ.എം ജീവനക്കാരോ നേരിട്ട് ജേർണൽ എൻട്രി വഴി തൻവർഷത്തെ കണക്കിൽ ഉൾപ്പെടുത്തുന്നു. ഇത് കൃത്യമല്ലാത്ത കണക്കുകൾ രേഖപ്പെടുത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നു.

25. വിവിധ നികുതി ഇനങ്ങൾ ഈടാക്കുമ്പോൾ നികുതി നിരക്ക് രേഖപ്പെടുത്തേണ്ടി വരുന്നു

ജി.എസ്.റ്റി, ടി.ഡി.എസ് തുടങ്ങിയവ ഈടാക്കുമ്പോൾ ആയതിന്റെ നിരക്ക്, തുക തുടങ്ങിയവ ഈടാക്കുന്ന സമയത്ത് നേരിട്ട് രേഖപ്പെടുത്തിയാണ് ഈടാക്കുന്നത്. വിവിധ ഇനം സാധനങ്ങൾക്ക് പ്രത്യേക നിരക്ക് ആയതിനാൽ തെറ്റായ നികുതി ഈടാക്കുന്നതിന് സാധ്യത കൂടുന്നു. സോഫ്റ്റ് വെയർ സംവിധാനത്തിൽ തന്നെ ആയതിനുള്ള സൗകര്യം ഏർപ്പെടുത്തേണ്ടതായുണ്ട്.

26.ലൈസൻസ് നൽകൽ

വിവിധ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് വേണ്ടി ലൈസൻസ് നൽകുമ്പോൾ ലൈസൻസ് നേടിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനും തൊട്ടടുത്ത വർഷങ്ങളിൽ മുൻവർഷം ലൈസൻസ് ലഭിച്ച സ്ഥാപനങ്ങളിൽ തുടർവർഷം ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങളുടെ വിവരം ലഭിക്കാത്ത സ്ഥിതിയാണുള്ളത്. ഇത് പരിഹരിക്കേണ്ടതാണ്.

27.ബഡ്ജറ്റ്.

ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള സംവിധാനങ്ങൾ നിലവിൽ ഈ സോഫ്റ്റ് വെയറിൽ ലഭ്യമാക്കിയിട്ടില്ല. വരവ് ചെലവ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ് വെയർ സംവിധാനത്തിൽ ബഡ്ജറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള സൗകര്യം ഉണ്ടാവുകയും ആയത് വരവ് ചെലവ് നടത്തുന്ന ഹെഡ്ഡുകളിലേക്ക് നേരിട്ട് ബന്ധപ്പെടുത്തുകയും ചെയ്യുന്നത് ഓരോ പ്രത്യേക ഹെഡ്ഡിലും വകയിരുത്തിയതിനേക്കാൾ അധിക ചെലവ് ഉണ്ടാവുന്ന സാഹചര്യം തടയാൻ സാധിക്കും. ഏതെങ്കിലും ഇനത്തിൽ അധിക ചെലവ് നടത്തേണ്ട സാഹചര്യം വരുമ്പോൾ റിവൈസ്ഡ് ബഡ്ജറ്റ് അവതരിപ്പിക്കുന്നതിന് സഹായകമാകുന്നതാണ്. കൂടാതെ ബഡ്ജറ്റിലെ ഹെഡ്ഡുകളും വാർഷിക കണക്കിലെ ഹെഡ്ഡുകളും തമ്മിൽ വ്യത്യാസമുള്ളതിനാൽ ഓരോ ബഡ്ജറ്റ് ഹെഡ്ഡിലേയും ചെലവുകളുടെ കൃത്യത പരിശോധിക്കുന്നതിന് സാധ്യമാകാത്ത സാഹചര്യമാണ് ഉണ്ടാകുന്നത്. ബഡ്ജറ്റ് ഹെഡ്ഡുകൾക്കനുസൃതമായി വാർഷിക കണക്കിലെ വരവ് ചെലവ് ഹെഡ്ഡുകൾ മാറ്റം വരുത്തേണ്ടതാണ്.

മേൽപ്പറഞ്ഞത് കൂടാതെ റിവൈസ്ഡ് ബഡ്ജറ്റ് അവതരിപ്പിച്ചതിന് ശേഷവും പ്രസ്തുത സാമ്പത്തിക വർഷത്തിലെ പദ്ധതികൾ ഡി.പി.സി അംഗീകാരത്തോടു കൂടി തന്നെ പുതുക്കി പുതിയ പദ്ധതികൾ തയ്യാറാക്കി ചെലവഴിക്കുന്നു. പ്രസ്തുത പദ്ധതികൾ ബഡ്ജറ്റ് പ്രകാരം തുക വകയിരുത്തിയതിനനുസൃതമാണ് എന്ന് പരിശോധിക്കാത്തതിനാൽ പല ഘട്ടങ്ങളിലും ബഡ്ജറ്റിനെ അധികരിച്ച് ചെലവ് ഉണ്ടാകുന്നു. ഇത് ഒഴിവാക്കേണ്ടതാണ്.

മേൽ വിഷയങ്ങൾ അറിവിലേക്കായും വിശദമായ മറുപടി ലഭ്യമാക്കുന്നതിനുമായി ശ്രദ്ധയിൽ പെടുത്തുന്നു.

## 1-13 ഇടപാട് നടത്താത്ത തനത് ഫണ്ട് അക്കൗണ്ട് ക്ലോസ് ചെയ്തില്ല

ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ട് ,തവിഞ്ഞാൽ സർവീസ് കോ.ഓപ്പറേറ്റീവ് സഹകരണ ബാങ്കിൽ ( അക്കൗണ്ട് നം. -001002000946 )നിന്നും കേരള ബാങ്കിന്റെ തലപ്പുഴ ശാഖയിലേക്ക് മാറ്റുന്നതിനുള്ള ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശ ഭരണസമിതി 30.09.2021 ലെ 4/1 -ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്(ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം ടി അക്കൗണ്ട് ആരംഭിച്ചത് 03.09.2022 നാണ്.ഭരണസമിതി അംഗീകാരം ലഭിക്കുന്നതിന് മുമ്പ് അക്കൗണ്ട് ആരംഭിച്ചതെങ്ങനെയെന്ന് വ്യക്തമല്ല).തുടർന്ന് 01.11.2021 മുതൽ ഡെയ്‌ലി കളക്ഷൻ അടവാക്കുന്നതുൾപ്പെടെയുള്ള എല്ലാ ഇടപാടുകളും നടത്തുന്നത് കേരള ബാങ്കിന്റെ തലപ്പുഴ ബ്രാഞ്ചിലെ 130241200424901 -ാം നമ്പർ അക്കൗണ്ടിലൂടെയാണ്. 30.11.2021 ൽ തവിഞ്ഞാൽ സർവീസ് കോ.ഓപ്പറേറ്റീവ് ബാങ്കിലെ (001002000946 -ാം നമ്പർ) അക്കൗണ്ടിൽ നിന്നും 50 ലക്ഷം രൂപ കേരള ബാങ്കിൽ പുതുതായി ആരംഭിച്ച (30241200424901- ാം നമ്പർ ) തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. 30.11.2021 ൽ തവിഞ്ഞാൽ സർവീസ് കോ.ഓപ്പറേറ്റീവ് ബാങ്കിലെ (001002000946 -ാം നമ്പർ) അക്കൗണ്ടിൽ അവശേഷിച്ചത് 66,86,675/- രൂപയും 09.02.2022 വരെയുള്ള പിൻവലിക്കൽ , പലിശ വരവ് എന്നിവയ്ക്ക് 31.03.2022 ന് നീക്കിബാക്കിയായി 69,60,583/- രൂപയുമുണ്ട്. 09.02.2022 ന് ശേഷം നാളിതു വരെ ടി അക്കൗണ്ടിൽ നിന്നും ഇടപാടുകൾ നടത്തിയിട്ടില്ല.01.11.2022 ന് ടി അക്കൗണ്ടിൽ നീക്കിബാക്കി 69,60,583 തന്നെയാണ്. ടി തുക സ്ഥിരനിക്ഷേപമാക്കിയിരുന്നുവെങ്കിൽ നിലവിൽ പഞ്ചായത്തിന്റെ സ്ഥിരനിക്ഷേപങ്ങൾക്ക് നൽകുന്ന പലിശ യിനത്തിൽ ( 7%/ Year) ഒരു വർഷം 4,87,240/- രൂപ ലഭിക്കുമായിരുന്നു. ഇടപാടുകൾ നടത്താത്ത ടി അക്കൗണ്ടിലെ അവശേഷിക്കുന്ന തുക പുതുതായി ആരംഭിച്ച അക്കൗണ്ടിലേക്ക് മാറ്റി അക്കൗണ്ട് ക്ലോസ് ചെയ്യാത്തതിന് വിശദീകരണം നൽകാനാവശ്യപ്പെട്ടതിന് ( ഓഡിറ്റ് എൻക്വയറി- 5/21-22/07.12.2022) അവശേഷിക്കുന്ന തുക സ്ഥിരനിക്ഷേപമാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട് . തുടർ നടപടികളുടെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി പിരിവ് അപാകതകൾ

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ കൊടുക്കുന്ന സ്ഥാപനങ്ങൾ , കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതായി കാണുന്നു.

1. ജീവനക്കാരുടെ തൊഴിൽ നികുതി

ചുവടെ കൊടുക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | വർഷം |
|---|---|---|
| 1 | ബി.എസ്.എൻ.എൽ | 1,2 അർദ്ധ വർഷം |
| 2 | ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ് | 2 -ാംഅർദ്ധ വർഷം |
| 3 | സി.എച്ച്.സി പേര്യ | 2 -ാംഅർദ്ധ വർഷം |
| 4 | കെ.എസ്.ഇ.ബി , തലപ്പുഴ | 2 -ാംഅർദ്ധ വർഷം |
| 5 | വിമല നഗർ പോസ്റ്റ് ഓഫീസ് | 2 -ാംഅർദ്ധ വർഷം |
| 6 | വാളാട് പോസ്റ്റ് ഓഫീസ് | 2 -ാംഅർദ്ധ വർഷം |
| 7 | ആലാറ്റിൽ പോസ്റ്റ് ഓഫീസ് | 2 -ാംഅർദ്ധ വർഷം |
| 8 | കനറാ ബാങ്ക് തലപ്പുഴ | 2 -ാംഅർദ്ധ വർഷം |
| 9 | കേരള ഗ്രാമീൺ ബാങ്ക് പേരിയ | 2 -ാംഅർദ്ധ വർഷം |
| 10 | പേര്യ സർവീസ് സഹകരണ ബാങ്ക് | 2 -ാംഅർദ്ധ വർഷം |
| 11 | കെ.എസ്.എസ് വരയാൽ | 2 -ാംഅർദ്ധ വർഷം |
| 12 | ആഷിയാന & റസിയ ഗ്രീൻസ് , വരയാൽ | 2 -ാംഅർദ്ധ വർഷം |
| 13 | ആയൂരമ്പലം റിസോർട്ട് | 2 -ാംഅർദ്ധ വർഷം |
| 14 | ട്രിനിറ്റി സെൻട്രൽ കെയർ | 2 -ാംഅർദ്ധ വർഷം |
| 15 | അസി എഞ്ചിനീയർ , എൽ.എസ്.ജി.ഡി | 1,2 അർദ്ധ വർഷം |
| 16 | പോസ്റ്റ് ഓഫീസ് പോരൂർ | 1,2 അർദ്ധ വർഷം |
| 17 | പോസ്റ്റ് ഓഫീസ് കാമ്പട്ടി | 1,2 അർദ്ധ വർഷം |
| 18 | പേരിയ പീക്ക് എസ്റ്റേറ്റ് | 1,2 അർദ്ധ വർഷം |

| | | |
|---|---|---|
| 19 | Tea Forest ,ആലാറ്റിൽ | 1,2 അർദ്ധ വർഷം |
| 20 | ഗവ. എഞ്ചിനീയറിംഗ് കോളേജ് തലപ്പുഴ | 2 -ാംഅർദ്ധ വർഷം |
| 21 | CDS അക്കൗണ്ടന്റ് | 1-ാംഅർദ്ധ വർഷം |

2. സ്ഥാപന തൊഴിൽ നികുതി

ചുവടെ കൊടുക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | വർഷം |
|---|---|---|
| 1 | ബി.എസ്.എൻ.എൽ | 1,2 അർദ്ധ വർഷം |
| 2 | കെ.എസ്.ഇ.ബി തലപ്പുഴ | 1,2 അർദ്ധ വർഷം |
| 3 | കനറ ബാങ്ക് , തലപ്പുഴ | 1,2 അർദ്ധ വർഷം |
| 4 | കേരള ഗ്രാമീൺ ബാങ്ക്, തവിഞ്ഞാൽ | 1-ാംഅർദ്ധ വർഷം |
| 5 | കേരള ഗ്രാമീൺ ബാങ്ക്, പേരിയ | 1,2 അർദ്ധ വർഷം |
| 6 | കേരള ഗ്രാമീൺ ബാങ്ക്, കാട്ടിമൂല | 2 -ാംഅർദ്ധ വർഷം |
| 7 | സർവീസ് സഹകരണ ബാങ്ക് ,തവിഞ്ഞാൽ | 1-ാംഅർദ്ധ വർഷം |
| 8 | സർവീസ് സഹകരണ ബാങ്ക്,പേരിയ | 1,2 അർദ്ധ വർഷം |
| 9 | കേരള സ്റ്റേറ്റ് കോ- ഓപ്പറേറ്റീവ് ബാങ്ക്, തലപ്പുഴ | 1,2 അർദ്ധ വർഷം |
| 10 | വനിത സഹകരണ സംഘം , വാളാട് | 1,2 അർദ്ധ വർഷം |
| 11 | കെ.എസ്.എസ് തലപ്പുഴ | 1,2 അർദ്ധ വർഷം |
| 12 | കെ.എസ്.എസ് കാട്ടിമൂല | 1,2 അർദ്ധ വർഷം |
| 13 | കെ.എസ്.എസ് വരയാൽ | 1,2 അർദ്ധ വർഷം |
| 14 | ആലാറ്റിൽ ക്ഷീരോൽപാദക സഹകരണ സംഘം | 1,2 അർദ്ധ വർഷം |
| 15 | WAM Tea Factory | 1,2 അർദ്ധ വർഷം |
| 16 | പ്രൊഫ്യൂഗോ സോഷ്യൽ വെഞ്ചേഴ്സ് പ്രൈ.ലി | 1,2 അർദ്ധ വർഷം |
| 17 | മഹാദേവ പെട്രോളിയം | 1,2 അർദ്ധ വർഷം |
| 18 | ആഷിയാന & റസിയ ഗ്രീൻസ് , വരയാൽ | 1,2 അർദ്ധ വർഷം |
| 19 | ഇസാഫ് സ്മാൾ ഫൈനാൻസ് ബാങ്ക് ,തലപ്പുഴ | 1,2 അർദ്ധ വർഷം |

3) 2021 – 22 ൽ താഴെപ്പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | കരാറുകാരന്റെ പേര് |
|---|---|
| 1 | ബിനോ ജോസഫ് |
| 2 | കെ പി ജോസഫ് |
| 3 | ഗിരീഷ് എ കെ |
| 4 | അമീർ അലി |
| 5 | ജയചന്ദ്രൻ എം |
| 6 | ഉസ്മാൻ ഇ |
| 7 | ബോബി സെബാസ്റ്റ്യൻ |
| 8 | തോമസ് പി എം |
| 9 | വിൻസെന്റ് ജേക്കബ് |
| 10 | വിൽസൺ സി |
| 11 | സന്തോഷ് കെ എ |
| 12 | ജോൺസൺ കെ വി |
| 13 | അഖിൽ എസ് |
| 14 | കുര്യാച്ചൻ കെ കെ |

| | |
|---|---|
| 15 | പ്രവീൺ കെ ജെ |
| 16 | റെജി മാത്യു |
| 17 | അമ്മദ് എം കെ |
| 18 | മുഹമ്മദ് ഫാസിൽ |
| 19 | അബ്ദുൾ മജീദ് |
| 20 | സാവൻ കണ്ണായി |
| 21 | അബ്ദുൾ നാസർ |
| 22 | നാസർ കെ |
| 23 | റഷീദ് എ ഇ |
| 24 | ജോസ് കെ ജെ |
| 25 | ബാബു വി സി |
| 26 | ജാഫിർ സാദിഖ് |
| 27 | ബിപിൻ പി വർഗ്ഗീസ് |
| 28 | ആദർശ് പി എ |
| 29 | ഇഷ്ടിക മണൽ തൊഴിലാളി സഹകരണ സംഘം , തവിഞ്ഞാൽ |

വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്ക് (22/ 21-22 / 14.12.2022 , 26/ 21-22 / 14.12.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല .നികുതി ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-15 ഗുണഭോക്താവിന്റെ മരണശേഷവും ക്ഷേമ പെൻഷൻ വിതരണം ചെയ്യുന്നു

ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ ഗുണഭോക്താവായ ( പെൻഷൻ ഐഡി നമ്പർ - 110760200632) ശ്രീ കൃഷ്ണൻ കിളിക്കാട്ട് തോട്ടത്തിൽ 11/03/2020 ന് മരണപ്പെടുകയും 09/09/2020 ന് 79/20 നമ്പർ ആയി മരണം രജിസ്റ്റർ ചെയ്തിട്ടുമുണ്ട്. സേവന പെൻഷൻ പോർട്ടൽ പ്രകാരം ടിയാന് സെപ്തംബർ 2022 വരെയുള്ള പെൻഷൻ ബാങ്ക് അക്കൗണ്ടിലേക്ക് വിതരണം ചെയ്തതായി കാണുന്നു. ഏപ്രിൽ 2020 മുതൽ മാർച്ച് 2021 വരെ പ്രതിമാസം 1500/- രൂപ തോതിലും, 2021 ഏപ്രിൽ മുതൽ 2022 സെപ്തംബർ വരെ പ്രതിമാസം 1600/- രൂപ തോതിലും പെൻഷൻ ബാങ്ക് അക്കൗണ്ടിലേക്ക് ( Xxxx039 ) വിതരണം ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ മരണശേഷം ആകെ 46800/- രൂപ ടിയാന്റെ അക്കൗണ്ടിൽ ക്രെഡിറ്റായിട്ടുണ്ട് ( 12X1500 + 18X1600 = 46800/- ) . സേവന പെൻഷൻ പേർട്ടലിലിൽ പെൻഷൻ അക്കൗണ്ട് " ആക്ടീവ് " സ്റ്റാറ്റസിൽ തന്നെയാണ് ഉള്ളത്. ടി തുക തിരികെ അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (28/ 21-22 / 15.12.2022)ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത വിവരം ബാങ്കിന്റെ ശ്രദ്ധയിൽപ്പെടുത്തി തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക തിരികെ ഒടുക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 1-16 അനുപൂരക പോഷകാഹാരം - കേന്ദ്രവിഹിതം പൂർണ്ണമായും വിനിയോഗിക്കുന്നില്ല

2021-22 ലെ വാർഷിക കണക്ക് പ്രകാരം (RP – 30 – ഹെഡ് കോഡ് - 320100196 ) ICDS Scheme -നായി കേന്ദ്രവിഹിതമായി 20,99,164 രൂപ ലഭിച്ചിട്ടുണ്ട്. കൂടാതെ ICDS ഫണ്ടായി ലഭിക്കുന്ന തുകകൾ ക്രെഡിറ്റ് ചെയ്യുന്ന ബാങ്ക് അക്കൗണ്ടിൽ (കേരള ഗ്രാമീൺ ബാങ്ക് - A/c No. 40478101002643 ) 1,72,45,250 /- നീക്കിയിരിപ്പുണ്ട്. എന്നാൽ തൻവർഷം അനുപൂരക പോഷകാഹാര പദ്ധതിക്കായി ചെലവഴിച്ച കേന്ദ്രവിഹിതം വളരെ കുറവാണ്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | പദ്ധതി | പദ്ധതിക്ക് വകയിരുത്തിയ തുക | | പദ്ധതി ചെലവ് | | മറ്റുള്ളവ | ആകെ ചെലവ് | ചെലവ് ശതമാനം- കേന്ദ്ര വിഹിതം |
|---|---|---|---|---|---|---|---|---|
| | | വികസന ഫണ്ട് | കേന്ദ്ര വിഹിതം | വികസന ഫണ്ട് | കേന്ദ്ര വിഹിതം | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 1 | അങ്കണവാടി പോഷകാഹാര പദ്ധതി - 43/22 (ജനറൽ ) | 4500000 | 1300000 | 4491487 | 984152 | - | 5475639 | 17.97% |
| 2 | അങ്കണവാടി പോഷകാഹാര പദ്ധതി - 46/22 (ടി.എസ്.പി) | 2923311 | 300000 | 2920935 | - | അടങ്കല്-300000 ചെലവ് 295250 | 3216185 | 0% |
| 3 | അങ്കണവാടി പോഷകാഹാര പദ്ധതി - 47/22 (എസ്.സി.പി) | 600000 | 200000 | 595128 | - | | 595128 | 0% |
| | ആകെ | | | | 984152 | | 9286952 | 10.59% |

കേന്ദ്രവിഹിതം ലഭ്യമായിട്ടും പദ്ധതിക്കായി തുക വകയിരുത്തുകയോ , പദ്ധതി റിവിഷൻ നടത്തി തുക ചെലവഴിക്കുകയോ ചെയ്യാത്തതിനും, ICDS ഫണ്ടല്ലാതെ കേരള ഗ്രാമീൺ ബാങ്ക് - A/c No. 40478101002643 ൽ മറ്റ് വരവുകൾ ക്രെഡിറ്റ് ചെയ്യുന്നുണ്ടെങ്കിൽ 31.03.2022 ൽ അവശേഷിച്ച തുകയുടെയും നിലവിൽ അവശേഷിക്കുന്ന തുകയുടെയും ഇനം തിരിച്ചുള്ള വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് 2021 -22 വർഷത്തെ വാർഷിക കണക്ക് പ്രകാരം ഐ.സി.ഡി.എസ് സ്കീമിന് ലഭിച്ചതിൽ 45,44,736/- രൂപ നീക്കിബാക്കിയുണ്ടെന്നും ആയത് തുടർ വർഷത്തെ പദ്ധതികൾക്കായി വിനിയോഗിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

അനുപൂരക പോഷകാഹാര പദ്ധതിക്ക് കേന്ദ്ര സംസ്ഥാന സർക്കാറുകൾ 40:60 അനുപാതത്തിലാണ് തുക ചെലവഴിക്കേണ്ടത് . ആയതിനാൽ തൻവർഷം ചെലവഴിച്ച തുകയുടെ 40% തുകയായ 3714780/- രൂപ കേന്ദ്രവിഹിതത്തിൽ നിന്നും വഹിക്കേണ്ടതാണ്. എന്നാൽ 984152/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. ആയതിനാൽ 27,30,628/- രൂപ വികസനഫണ്ടുകളിൽ നിന്നും അധികം ചെലവഴിക്കേണ്ടി വന്നു.

വരും വർഷങ്ങളിൽ ഇത്തരത്തിൽ പഞ്ചായത്തിന് ലഭിക്കുന്ന കേന്ദ്രവിഹിതം പദ്ധതികൾ നടപ്പാക്കുന്നതിന് വിനിയോഗിക്കേണ്ടതാണ്. വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-17 എസ്.എസ്.എ പദ്ധതി വിഹിതമായി 14,99,012/ രൂപ അധികം നൽകി

സർക്കാർ ഉത്തരവ് പ്രകാരം നിർബന്ധമായും പദ്ധതി തയ്യാറാക്കി എസ്.എസ്.എ വിഹിതമായി തുക നൽകേണ്ടതാണ്. വയനാട് ജില്ലാ കോർഡിനേറ്ററുടെ 14-07-2022 ലെ നം.ഇ/473/2020 / എസ്.എസ്.കെ കത്ത് പ്രകാരം 2021-22 വർഷത്തെ കരട് വാർഷിക പദ്ധതി&ബജറ്റ് പ്രകാരം തവിഞ്ഞാൽ പഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയിൽ 12249 ഇനം പ്രവർത്തനങ്ങൾ (Physical Target ) നടപ്പാക്കുന്നതിനായി 8479325/- രൂപ (Financial Target) ചെലവ് വരുമെന്നതിനാൽ ആയതിന്റെ 40% തുകയായ 3391730/- എസ്.എസ്.എ വിഹിതമായി ഒടുക്കുന്നതിന് നിർദ്ദേശം നൽകിയതിനാൽ ₹33,00,000/- രൂപ വിവിധ വികസന ഫണ്ടിൽ നിന്നും ചുവടെ കൊടുക്കുംവിധം നിർവ്വഹണോദ്യോഗസ്ഥനായ ഹെഡ്മാസ്റ്റർ കേരള സംസ്ഥാന സമഗ്ര ശിക്ഷ പ്രോജക്ട് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

1.എസ്.എസ്.എ വിഹിതം നൽകൽ -ജനറൽ

| | |
|---|---|
| പ്രോജക്ട് | എസ്.എസ്.എ വിഹിതം നൽകൽ -ജനറൽ (18/22) |
| അടങ്കൽ/ ചെലവ് | 13,00,000/-(വികസന ഫണ്ട് - ജനറൽ ) |
| ബിൽ നമ്പർ | 1/21-22/20.07.2021 |

2.എസ്.എസ്.എ വിഹിതം നൽകൽ - എസ്.ടി

| | |
|---|---|
| പ്രോജക്ട് | എസ്.എസ്.എ വിഹിതം നൽകൽ - എസ്.ടി (20/22) |
| അടങ്കൽ/ ചെലവ് | 12,00,000/-(വികസന ഫണ്ട് - ടി.എസ്.പി) |
| ബിൽ നമ്പർ | 2/21-22/20.07.2021 |

3.എസ്.എസ്.എ വിഹിതം നൽകൽ - എസ്.സി

| | |
|---|---|
| പ്രോജക്ട് | എസ്.എസ്.എ വിഹിതം നൽകൽ - എസ്.സി (21/22) |
| അടങ്കൽ/ ചെലവ് | 8,00,000/-(വികസന ഫണ്ട് - എസ്.സി.പി) |
| ബിൽ നമ്പർ | 3/21-22/20.07.2021 |

പദ്ധതി ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1.പ്രവർത്തനങ്ങൾ രൂപീകരിക്കുന്നതിലേയും , മോണിറ്ററിംഗ് നടത്തുന്നതിലേയും അപാകതകൾ

സ.ഉ (കൈ)11/2018/തസ്വഭവ /29.01.2018 നമ്പർ ഉത്തരവ് പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.6.2 പ്രകരം എസ്.എസ്.എ പ്രൊജക്ടുകളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്ഥാപനം മുഖ്യ പങ്ക് വഹിക്കേണ്ടതാണ്. എന്നാൽ ഈ പദ്ധതികളിൽ ഉൾപ്പെടുത്തി നടത്തേണ്ട പ്രവർത്തനങ്ങൾ രൂപീകരിക്കുന്നതിൽ പഞ്ചായത്ത് യാതൊരു ഇടപെടലും നടത്തിയിട്ടില്ല. എസ്.എസ്.എ വിഹിതമായി നൽകിയ തുക പഞ്ചായത്തിലെ ഏത് സ്കൂളുകളിലെ പ്രവർത്തനങ്ങൾക്കായാണ് വിനിയോഗിച്ചതെന്ന് വർക്കിംഗ് ഗ്രൂപ്പ്, പി. ഇ.സി എന്നിവർ പരിശോധനാ വിധേയമാക്കുന്നില്ല.കൂടാതെ ടി.എസ്.പി, എസ്.സി.പി ഫണ്ടുകൾ ഉപയോഗിച്ച് നടത്തിയ പ്രവർത്തനങ്ങളുടെ ഗുണഭോക്താക്കൾ അർഹതപ്പെട്ടവർ തന്നെയാണോ എന്ന് ഉറപ്പു വരുത്തുന്നില്ല.

2.വിനിയോഗ സാക്ഷ്യ പത്രം തൃപ്തികരമല്ല

എസ് എസ് കെ യുടെ 06/06/2022 ലെ എ/ 1184/2021/എസ്.എസ്.കെ നമ്പർ വിനിയോഗ സാക്ഷ്യപത്ര പ്രകാരം എസ്.എസ്.എ വിഹിതമായി നൽകിയ 33,00,000/- രൂപ ചുവടെ കൊടുക്കുന്ന വിവിധങ്ങളായ ആവശ്യങ്ങൾക്ക് ഉപയോഗിച്ചു എന്ന് പരാമർശിക്കുന്നുണ്ടെങ്കിലും വിവിധ സ്കൂളിൽ നടത്തിയ പ്രവർത്തനങ്ങൾക്ക് വിവിധ ഫണ്ടുകൾ എത്ര രൂപ വീതം ചെലവഴിച്ചു എന്ന് വ്യക്തമാക്കിയിട്ടില്ല. മേൽ വിനിയോഗ സാക്ഷ്യപത്രത്തോടൊപ്പം ഹാജരാക്കിയ 2021-22 വർഷത്തെ വാർഷിക പദ്ധതി&ബജറ്റ് പ്രകാരം തവിഞ്ഞാൽ പഞ്ചായത്തിന്റെ റസീപ്റ്റ് & എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് ചുവടെ കൊടുക്കുന്നു.

| Target As Per AWP&B - 2021-22 | | | Expenditure | | |
|---|---|---|---|---|---|
| Physical Target | Fin -Target | LSG Share | Physical Achievement | Fin - Achievement | LSG Share Recieved |
| 1 | 2 | 3 | 4 | 5 | 6 |
| 12246 | 6841651 | 2736660 | 12246 | 4502470 | 33,00,000 |

ടി സ്റ്റേറ്റ്മെന്റ് പ്രകാരം 12246 ഫിസിക്കൽ അച്ചീവ്മെന്റിന് ആകെ ചെലവായത് 4502470/- രൂപയാണ്. ആയതിന്റെ 40% തുകയായ 18,00,988/- രൂപയാണ് എസ്.എസ്.എ വിഹിതമായി നൽകേണ്ടത് . എന്നാൽ 33 ലക്ഷം രൂപ നൽകുക വഴി 1499012 രൂപ അധികം നൽകിയിട്ടുണ്ട്.

ഇത്തരത്തിൽ തുക നൽകിയതിന് വിശദീകരണവും, അനുബന്ധ രേഖകളും , തുക തിരികെ ലഭ്യമാകുകയോ/ ക്രമീകരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് സമർപ്പിച്ച ഓഡിറ്റ് എൻക്വയറിക്ക് (2/21-22/07.12.2022) വരും വർഷങ്ങളിൽ പദ്ധതി നിർവഹണം , മോണിറ്ററിംഗ് എന്നിവ കൂടുതൽ കാര്യക്ഷമമായി ചെയ്യുന്നതാണെന്നും , പഞ്ചായത്ത് വിഹിതമായി ആകെ ചെലവിന്റെ ( 4502470/-) 40 ശതമാനം ( 18,00,988/-) ഒടുക്കിയാൽ മതിയെന്നും, അധികമുള്ള 14,99,012/- രൂപ അടുത്ത വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും കുറവ് വരുത്തിയാൽ മതിയെന്നുമുള്ള എസ്.എസ്.എ വയനാട് ജില്ലാ പ്രോജക്ട് കോർഡിനേറ്ററുടെ 09/12/2022 ലെ എ /1184/ /2021 / എസ്.എസ്.എ നമ്പർ മറുപടിയും ഹാജരാക്കിയിട്ടുണ്ട്. 2022- 23 വർഷത്തെ എസ്.എസ്.എ വിഹിതം അടവാക്കിയതിനാൽ ( 29.09.2022 ന് 22ലക്ഷം രൂപ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്) ടി തുക 2023 – 24 വർഷത്തെ പദ്ധതിയിൽ കുറവ് വരുത്തി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്. അധികമായി നൽകിയ 1499012 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-18 ഹരിത കർമ്മസേനയ്ക്ക് സുരക്ഷാ ഉപകരണങ്ങൾ - ടെണ്ടർ നടപടികൾ സുതാര്യമല്ല

- നിർവഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ
- പദ്ധതി - 156/22 – ഹരിത കർമ്മസേനയ്ക്ക് സുരക്ഷാ ഉപകരണങ്ങൾ

- അടങ്കൽ - 3,00,000/-(ധനകാര്യ കമ്മീഷൻ അവാർഡ്)+ 20,000/-(തനത് ഫണ്ട്)= 3,20,000
- ചെലവ് - 280350+14907 = 2,95,257
- വൗച്ചർ നമ്പർ - 22100707/31.03.2022 - 280350/ (E-Grama Swaraj Payment )
- ചെക്ക് നമ്പർ - 20878/31.03.2022 - 14907

പഞ്ചായത്തിലെ ഹരിത കർമ്മസോനാംഗങ്ങൾക്ക് ആവശ്യമായ യൂണിഫോം സെറ്റ്, മാസ്ക്, ഗ്ലൗസ്, ഗംബൂട്ട് , കോവിഡ് സുരക്ഷയ്ക്ക് ആവശ്യമായി വരുന്ന മറ്റ് സാധനങ്ങൾ,ട്രാസ് പിക്കർ എന്നിവ ടെണ്ടർ നടപടികളിലൂടെ വാങ്ങി നൽകുക എന്നതാണ് പദ്ധതികൊണ്ട് ഉദ്ദേശിച്ചിരുന്നത് . ഫെയ്സ് ഷീൽഡ് , മാസ്ക്, ഗ്ലൗസ് എന്നിവ ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചും (Wayanad District Wholesale Co-operative Consumer Store Ltd -₹14907/-) , റെയിൻ കോട്ട്, ഗംബൂട്ട്, ട്രാഷ് പിക്കർ , യൂണിഫോം ഓവർക്കോട്ട് , യൂണിഫോം (ചുരിദാർ & പാന്റ്സ്) എന്നിവ ടെണ്ടർ നടപടികൾ സ്വീകരിച്ച്(Deon Solutions Mananthavady)വാങ്ങിയിട്ടുണ്ട്. എന്നാൽ തെറ്റായ ടെണ്ടർ നടപടികൾ സ്വീകരിച്ചാണ് റെയിൻ കോട്ട്, ഗംബൂട്ട്, ട്രാഷ് പിക്കർ , യൂണിഫോം ഓവർക്കോട്ട് , യൂണിഫോം (ചുരിദാർ & പാന്റ്സ്) എന്നിവ വാങ്ങിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ 05.02.2022 ലെ VEO/TENDER/03/2021-22 -ാം നമ്പർ ടെണ്ടർ പരസ്യത്തിലെ സാങ്കേതിക വിശദാംശങ്ങൾ പ്രകാരം ചുവടെ കൊടുക്കുന്ന ഉപകരണങ്ങൾ വാങ്ങുന്നതിനാണ് ടെണ്ടർ ക്ഷണിച്ചിട്ടുള്ളത്.

<u>പട്ടിക -1</u>

| ഐറ്റം | എണ്ണം | റിമാർക്സ് | സൈസ് |
|---|---|---|---|
| ഹരിത കർമ്മസേനയ്ക്ക് ഓവർക്കോട്ട് (ഫോറസ്റ്റ് ഗ്രീൻ ) | 90 | സ്റ്റിച്ചിംഗ് ,ലോഗോ പ്രിന്റിംഗ് ഉൾപ്പെടെ രണ്ട് പോക്കറ്റുകളോടു കൂടിയത് | വിവിധ സൈസ് |
| റോയിൻ കോട്ട് | 45 | - | - |
| ഗംബൂട്ട് | 45 | - | - |
| ട്രാഷ് പിക്കർ | 90 | - | - |

ടെണ്ടർ സമർപ്പിച്ചത് ചുവടെ കൊടുക്കുന്ന 5 സ്ഥാപനങ്ങളാണ്.

<u>പട്ടിക -2</u>

| ക്രമ നമ്പർ | സ്ഥാപനം | ഓവർ കോട്ട് | റെയിൻ കോട്ട് | ഗം ബൂട്ട് | ട്രാഷ് പിക്കർ |
|---|---|---|---|---|---|
| 1 | ഡിയോൺ സൊല്യൂഷൻസ്, മാനന്തവാടി | വില രേഖപ്പെടുത്തിയിട്ടില്ല | ബ്രാന്റഡ് - ഡക്ക് ബാക്ക് / സീൽ / വൈൽഡ് ക്രാഫ്റ്റ് - (വില രേഖപ്പെ ടുത്തിയിട്ടില്ല ) | ബ്രാന്റഡ് - വി കെ സി / പാരഗൺ - (വില രേഖപ്പെ ടുത്തിയിട്ടില്ല) | ബ്രാന്റഡ് - മെറ്റൽ - 3 ഫീറ്റ് - ബ്രാന്റഡ് (വില രേഖപ്പെ ടുത്തിയിട്ടില്ല) |
| 2 | പി സി ട്രേഡേഴ്സ് തരുവണ | 420<br>460<br>520 | 575<br>650<br>725 | പാരഗൺ -420<br>മിലിട്ടറി ടൈപ്പ് - 380<br>ഡേക്ക് - 180 | 570<br>620<br>700 |
| 3 | ഡെൻസ് ഫയർ & | 596 | 100 | 12” ബ്ലാക്ക് - 320 | 650 |

| | | | | | |
|---|---|---|---|---|---|
| | സേഫ്റ്റി, പനമരം | | 550<br>730<br>975<br>1175 | 12” ബ്ലാക്ക് & യെല്ലോ -400<br>12” ഡയമണ്ട് -453<br>15” പാരഗൺ -494<br>15” സുപ്രീം - 559 | |
| 4 | ബി പി ആർ ഒ സൊല്യൂഷൻസ്, തൃശ്ശൂർ | 498<br>548<br>578<br>619 | 599<br>450<br>680 | ഹിൽസൺ -289<br>വിന്നർ - 359<br>മിലിട്ടറി-489 | 189 |
| 5 | പ്രൈം സൊല്യൂഷൻസ്, എറണാകുളം | 630 | 700 | റബർ ടൈപ്പ് - 300 | 1500 |

01/03/2022 ലെ പ്രൊക്വയർമെന്റ് കമ്മിറ്റിയുടെ നടപടിക്രമങ്ങൾ പ്രകാരം ടെണ്ടർ ലഭിച്ച സ്ഥാപനങ്ങളുടെ ലിസ്റ്റും ഉപകരണങ്ങളുടെ ലിസ്റ്റും പരിശോധിച്ച് Deon Solutions Mananthavady എന്ന സ്ഥാപനം സമർപ്പിച്ച ഉപകരണങ്ങൾ ഗുണമേന്മ താരതമ്യപ്പെടുത്തി ചുവടെ കൊടുക്കുന്ന നിരക്കിൽ വാങ്ങുന്നതിന് തീരുമാനിച്ചു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ( പ്രസ്തുത മീറ്റിംഗ് മിനട്സ് നാളിതു വരെ ക്ലോസ് ചെയ്തിട്ടില്ല.)

പട്ടിക -3

| ഐറ്റം | എണ്ണം | വില |
|---|---|---|
| ഹരിത കർമ്മസേനയ്ക്ക് ഓവർക്കോട്ട് (ഫോറസ്റ്റ് ഗ്രീൻ ) | 90 | 700 |
| റെയിൻ കോട്ട് | 45 | 1300 |
| ഗംബൂട്ട് | 90 | 750 |
| ട്രാഷ് പിക്കർ | 45 | 1450 |

എന്നാൽ Deon Solutions Mananthavady എന്ന സ്ഥാപനം സമർപ്പിച്ച ടെണ്ടർ ഫോറത്തിൽ (പട്ടിക 2 കാണുക) 90 യൂണിഫോം ഓവർക്കോട്ട്, 45 റെയിൻ കോട്ട്, 45 ഗം ബൂട്ട്, 90 ട്രാഷ് പിക്കർ എന്നിവയുടെ ബ്രാന്റഡ് ഉത്പന്നങ്ങൾ എന്ന് സൂചിപ്പിക്കുകയല്ലാതെ വിലവിവരം രേഖപ്പെടുത്തിയിട്ടില്ല.ഇത്തരത്തിൽ തുക രേഖപ്പെടുത്താത്ത ടെണ്ടറാണ് പ്രൊക്വയർമെന്റ് കമ്മിറ്റി അംഗീകരിച്ചിരിക്കുന്നത് . ലഭിച്ച ടെണ്ടറുകൾ താരതമ്യപ്പെടുത്തുകയോ ,ഏതൊക്കെ സ്ഥാപനങ്ങളാണ് പ്രൊക്വയർമെന്റ് കമ്മിറ്റി മുമ്പാകെ ഉത്പന്നങ്ങൾ ഹാജരാക്കിയതെന്നോ സംബന്ധിച്ച വിവരങ്ങൾ മിനട്സിൽ രേഖപ്പെടുത്തിയിട്ടില്ല. പട്ടിക 3 പരാമർശിച്ച തുകകൾ പ്രൊക്വയർമെന്റ് കമ്മിറ്റി എങ്ങനെ നിർണ്ണയിച്ചു എന്ന് വ്യക്തമല്ല. ഭരണസമിതിയുടെ 15.03.2022 ലെ 4/1-ാം നമ്പർ തീരുമാനത്തിൽ പ്രൊക്വയർമെന്റ് കമ്മിറ്റിയുടെ മേൽ തീരുമാനം അംഗീകരിച്ചിട്ടുണ്ട്.

എന്നാൽ 23.03.2022 ലെ ബിൽ നമ്പർ DS14/2022 പ്രകാരം ലഭ്യമായ ബില്ലിൽ ചുവടെ കൊടുക്കുന്ന നിരക്കിലാണ് ഉത്പന്നങ്ങൾ വിതരണം ചെയ്തിരിക്കുന്നത് .

പട്ടിക -4

| ക്രമ നമ്പർ | ഇനം | എണ്ണം | തുക /എണ്ണം ( നികുതി ഉൾപ്പെടെ) | തുക |
|---|---|---|---|---|
| 1 | ഓവർക്കോട്ട് ( ഗ്രീൻ ) | 90 | 700 | 63000.32 |
| 2 | റെയിൻ കോട്ട് | 45 | 1299.99 | 58499.75 |
| 3 | ഗംബൂട്ട് | 45 | 700 | 31500 |
| 4 | ട്രാഷ് പിക്കർ | 45 | 950<br>(നികുതി ഇല്ലാതെ ) | 42750 |
| 5 | യൂണിഫോം - ചുരിദാർ & പാന്റ്സ് | 90 | 940 | 84600.18 |

| | | | | |
|---|---|---|---|---|
| | | | ആകെ | 280350.25 |

ഉപകരണങ്ങൾ വാങ്ങുന്നതിന് ക്ഷണിച്ച ടെണ്ടറിൽ ക്രമ നമ്പർ 5 ൽ സൂചിപ്പിച്ച ഇനം ഉൾപ്പെട്ടിട്ടില്ല. ഇതിനായി പ്രത്യേക ടെണ്ടർ ക്ഷണിച്ചിട്ടില്ല. അതായത് ടെണ്ടർ നടപടികൾ കൂടാതെയാണ് യൂണിഫോം - ചുരിദാർ & പാന്റ്സ് എന്നിവ വാങ്ങിയിരിക്കുന്നത്. ലഭിച്ച ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിതരണം ചെയ്തിട്ടില്ല.

ടി പദ്ധതിക്കായി 5 ടെണ്ടറുകൾ ലഭിച്ചിട്ടും താരതമ്യ പത്രിക തയ്യാറാക്കുകയോ , പ്രൊക്വയർമെന്റ് കമ്മിറ്റി വിലനിലവാരം താരതമ്യം ചെയ്യുകയോ ഉണ്ടായിട്ടില്ല.ഏതൊക്കെ സ്ഥാപനങ്ങളാണ് സാമ്പിൾ ഹാജരാക്കിയതെന്നോ,ഏതൊക്കെ സ്ഥാപനങ്ങളുടെ ഉത്പന്നങ്ങളുടെ ഗുണനിലവാരമാണ് പരിശോധിച്ചതെന്ന് വ്യക്തമല്ല. ഹാജരാക്കിയ ടെണ്ടറുകൾ പ്രകാരം ഏറ്റവും കുറഞ്ഞനിരക്കിലുള്ള ഉപകരണങ്ങൾ വാങ്ങിയിരുന്നുവെങ്കിൽ ചെലവഴിക്കേണ്ടി വരുമായിരുന്ന തുകയുടെയും , പദ്ധതി പ്രകാരം നൽകിയ തുകയുടെയും ടി തുകകൾ തമ്മിലുള്ള വ്യത്യാസവും ചുവടെ കൊടുക്കുന്നു.

പട്ടിക 5

| ക്രമ നമ്പർ | ഇനം | എണ്ണം | ഏറ്റവും കുറഞ്ഞനിരക്ക് | ഏറ്റവും കുറഞ്ഞനിരക്കിൽ നൽകേണ്ടിയിരുന്ന തുക | നൽകിയ തുക | വ്യത്യാസം |
|---|---|---|---|---|---|---|
| 1 | ഓവർക്കോട്ട് ( ഗ്രീൻ ) | 90 | ₹420/- | ₹10800/- | ₹63000.32/- | ₹52200.32/- |
| 2 | റെയിൻ കോട്ട് | 45 | ₹100/- | ₹4500/- | ₹58499.75/- | ₹53999.75/- |
| 3 | ഗംബൂട്ട് | 45 | ₹180/- | ₹8100/- | ₹31500/- | ₹23400/- |
| 4 | ട്രാഷ് പിക്കർ | 45 | ₹189/- | ₹8505/- | ₹42750/- | ₹34245/- |
| | | | | ₹31,905/- | ₹1,95,750.07/- | ₹1,63,845.07/- |
| | | | | | | |

ഇത്തരത്തിൽ സുതാര്യമായ ടെണ്ടർ നടപടികൾ സ്വീകരിക്കാത്തതിനാൽ അധിക തുക ചെലവഴിക്കേണ്ടി വന്നിട്ടുണ്ടെന്നാണ് ഇത് വ്യക്തമാക്കുന്നത് .

നിരക്ക് രേഖപ്പെടുത്താത്ത ടെണ്ടർ അംഗീകരിച്ച് പ്രൊക്വയർമെന്റ് കമ്മിറ്റി ഉത്പന്നങ്ങളുടെ നിരക്ക് നിശ്ചയിച്ചതിനും, ടെണ്ടർ ക്ഷണിക്കാതെ പട്ടിക 4 ലെ ക്രമ നമ്പർ 5 ൽ സൂചിപ്പിച്ച ഉത്പന്നം വാങ്ങിയതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല.ചെലവ് തുക 280350/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-19 പി.എം.എ.വൈ വിഹിതം നൽകൽ -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

2021 - 22 വർഷത്തിൽ വി.ഇ.ഒ നിർവഹണ ഉദ്യോഗസ്ഥനായി പി.എം.എ.വൈ വിഹിതം നൽകുന്നതിന് ചുവടെ കൊടുക്കുന്ന പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

1)പ്രോജക്റ്റ് നം . 303/22 - പി.എം.എ.വൈ വിഹിതം നൽകൽ ( ജനറൽ )

അടങ്കൽ - 20,30,000/- (വികസനഫണ്ട് - ജനറൽ )

ചെലവ് - 20,30,000 /-

ബിൽ നമ്പർ - 21180452016101214343/25.02.2022

പൊതുവിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് പി.എം.എ.വൈ പഞ്ചായത്ത് വിഹിതമായി മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് ( ട്രഷറി അക്കൗണ്ട് നം .799013100000404) ടി തുക നൽകിയിട്ടുണ്ട്.

2)പ്രോജക്റ്റ് നം . 349/22 - പി.എം.എ.വൈ വിഹിതം നൽകൽ ( ടി.എസ്.പി )

അടങ്കൽ - 3,60,000/- (വികസനഫണ്ട് - ജനറൽ )

ചെലവ് - 3,60,000/-

ബിൽ നമ്പർ - 21180452016101349275/17.03.2022

പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് പി.എം.എ.വൈ പഞ്ചായത്ത് വിഹിതമായി മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത്

സെക്രട്ടറിക്ക് ( ട്രഷറി അക്കൗണ്ട് നം .799013100000564) ടി തുക നൽകിയിട്ടുണ്ട്.

മേൽ പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/21-22/12.12.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-20 ടോയ്ലെറ്റ് നിർമ്മാണം - പദ്ധതി തയ്യാറാക്കിയതിലേയും നടപ്പാക്കിയതിലേയും അപാകതകൾ

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ |
| അടങ്കൽ | 2960000 (ധനകാര്യ കമ്മീഷൻ അവാർഡ്) + 12200 (തനത് ഫണ്ട്) |
| ചെലവ് | 1683400(ധനകാര്യ കമ്മീഷൻ അവാർഡ്) |

| ക്രമ നമ്പർ | വൗച്ചർ നം/ തിയ്യതി | തുക |
|---|---|---|
| 1 | 22100657/31.03.2022 | 15,400 |
| 2 | 22100663/31.03.2022 | 2,76,000 |
| 3 | 22100675/31.03.2022 | 1,80,000 |
| 4 | 22100683/31.03.2022 | 2,40,000 |
| 5 | 22100703/31.03.2022 | 2,16,000 |
| 6 | 22100706/31.03.2022 | 1,20,000 |
| 7 | 22100705/31.03.2022 | 4,44,000 |
| 8 | 22100705/31.03.2022 | 1,92,000 |

2021 – 22 മുതൽ 2025-26 വരെ ധനകാര്യ കമ്മീഷൻ അവാർഡ് തുക ( Tied & Untied) ചെലവഴിക്കുന്നതിന് കേന്ദ്ര സർക്കാർ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ 22.07.2021 ലെ G.O(Rt) No.1375/2021/LSGD പ്രകാരം ശുചിത്വ മേഖലയിൽ നടപ്പാക്കാവുന്ന പ്രവർത്തനങ്ങളും , ഫണ്ട് വകയിരുത്തലും സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങളും നിർദ്ദേശിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം വ്യക്തിഗത കക്കൂസ് നിർമ്മാണത്തിന് SBM ഫണ്ടിൽ നിന്നും 12000/- രൂപയും ധനകാര്യ കമ്മീഷൻ ഫണ്ടിൽ 3400/- രൂപയും നൽകാവുന്നതാണ്. എന്നാൽ ഇത്തരത്തിലുള്ള സഹായം പദ്ധതി കാലയളവിൽ പുതുതായി നിർമ്മിക്കുന്ന വീടുകൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്.(ബി.പി.എൽ കുടുംബങ്ങൾ,എസ്.സി,എസ്.ടി കുടുംബങ്ങൾ, ചെറുകിട നാമമാത്ര കർഷകർ ,സ്ത്രീകൾ കുടുംബനാഥയായിട്ടുള്ള കുടുംബങ്ങൾ എന്നിവർ മാത്രമാണ് അർഹരായിട്ടുള്ളത്) .ഇത് കൂടാതെ സ.ഉ(സാധാ) 292/2019/ത.സ്വ.ഭ.വ തീ.11.02.2019 പ്രകാരം ലൈഫ് മിഷൻ പദ്ധതിയിൽ ഭവന നിർമ്മാണത്തിന് നൽകുന്ന 4 ലക്ഷം രൂപയ്ക്കുപരിയായി ടോയ്ലെറ്റ് നിർമ്മാണത്തിന് ഗ്രാമീണ മേഖലയിൽ 12,000/- രൂപ നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. ഫണ്ട് വകയിരുത്തിയതിലെയും, പദ്ധതി തയ്യാറാക്കിയതിലെയും അപാകതകൾ

തൻവർഷം നടപ്പാക്കിയ പദ്ധതിയിൽ ഭരണസമിതിയുടെ 02.09.2021ലെ 2/1-11 -ാം നമ്പർ തീരുമാന പ്രകാരം 384 ഗുണഭോക്താക്കളെയും, 19.02.2022ലെ 1.4 ാം നമ്പർ തീരുമാന പ്രകാരം 31 ഗുണഭോക്താക്കളെയും തെരെഞ്ഞെടുത്തിട്ടുണ്ട്. ഒരാൾക്ക് 15400/- രൂപ തോതിലും 139 ഗുണഭോക്താക്കൾക്ക് 12000/- തോതിലും ഉൾപ്പെടെ 140 പേർക്ക് 2021 – 22 ൽ പുതിയ ടോയ്ലെറ്റ് നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകിയതിന് 1683400/- രൂപ ചെലവുണ്ട്. വ്യക്തിഗത കക്കൂസ് നിർമ്മാണത്തിന് SBM ഫണ്ടിൽ നിന്നും 12000/- രൂപയും തനത് ഫണ്ട്/ധനകാര്യ കമ്മീഷൻ ഫണ്ടിൽ 3400/- രൂപയും നൽകേണ്ടതാണെന്ന സർക്കാർ നിർദ്ദേശമുണ്ടായിരിക്കെ SBM ഫണ്ട് വകയിരുത്താതെ തുക പൂർണ്ണമായും ചെലവഴിച്ചിരിക്കുന്നത് ധനകാര്യ കമ്മീഷൻ ഫണ്ടിൽ നിന്നാണ്. ഹാജരാക്കിയ വ്യക്തിഗത ഫയലുകൾ പ്രകാരം പുതുതായി വീട് നിർമ്മിക്കപ്പെട്ടവർക്കോ, ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ടവർക്കോ അല്ല സാമ്പത്തിക സഹായം നൽകിയിട്ടുള്ളത്. കൂടാതെ സാമ്പത്തിക സഹായം അനുവദിക്കപ്പെട്ട ഗുണഭോക്താക്കൾക്ക് നിലവിൽ ടോയ്ലെറ്റ് ഇല്ല എന്നുള്ളതിന്റെ രേഖകളോ, റിപ്പോർട്ടുകളോ ഹാജരാക്കിയിട്ടില്ല.

2.പദ്ധതി മോണിറ്ററിംഗ് നടത്തിയിട്ടില്ല.

ഓരോ ഗുണഭോക്താവും നിർമ്മാണം പൂർത്തീകരിച്ച് തുക അനുവദിക്കുന്നതിന് സമർപ്പിക്കുന്ന അപേക്ഷകളിൽ പലതിലും നിർമ്മാണം പൂർത്തീകരിച്ചു എന്ന് നിർവ്വണ ഉദ്യോഗസ്ഥനോ / മോണിറ്ററിംഗ് കമ്മിറ്റിയോ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇത്തരത്തിൽ ഹാജരാക്കിയ രേഖകൾ അപൂർണ്ണമായതിനാൽ ഓഡിറ്റിന്റെ ഭാഗമായി

നടത്തിയ സ്ഥല പരിശോധനയിൽ (വാർഡ് 5 ) കണ്ടെത്തിയ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പരിശോധന നടത്തിയ സ്ഥലം | പരിശോധനയിൽ കണ്ടെത്തിയത് |
|---|---|---|
| 1 | ശ്രീ നന്ദകുമാർ , കൊല്ലിയിൽ ,<br>43-ാം മൈൽ | തുക കൈപ്പറ്റിയെങ്കിലും ടോയ്ലെറ്റ് പൂർത്തിയാക്കിട്ടില്ല |
| 2 | ശ്രീ അനന്തൻ , കൊല്ലിയിൽ ,<br>43-ാം മൈൽ | തുക കൈപ്പറ്റിയെങ്കിലും ടോയ്ലെറ്റ് പൂർത്തിയാക്കിട്ടില്ല |
| 3 | പ്രസന്നകുമാരി, പുതുശ്ശേരി , തലപ്പുഴ | സെപ്റ്റിക് ടാങ്ക് നിർമ്മിച്ചു, ടോയ്ലെറ്റ് പൂർത്തിയാക്കിട്ടില്ല. |
| 4 | ഷിനിത എ, പുതുശ്ശേരി, തലപ്പുഴ | സെപ്റ്റിക് ടാങ്ക് നിർമ്മിച്ചു, ടോയ്ലെറ്റ് പൂർത്തിയാക്കിട്ടില്ല. |

പ്രവർത്തികൾ പൂർത്തീകരിച്ചോ എന്ന് പരിശോധിക്കാതെയാണ് തുക നൽകിയതെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. പല ഫയലുകളും ഇത്തരത്തിൽ അപൂർണ്ണമായതിനാൽ പുതുതായി ടോയ്ലെറ്റ് നിർമ്മിച്ചതാണോ / അറ്റകുറ്റ പണികൾ നടത്തിയതാണോ എന്ന് ഉറപ്പു വരുത്തുന്നതിന് സാധിച്ചിട്ടില്ല.

3.ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്കും ആനുകൂല്യം നൽകി

ഇ-ഗ്രാമസേവ പോർട്ടൽ മുഖേനയാണ് ഗുണഭോക്താക്കൾക്ക് തുക ട്രാൻസ്ഫർ ( PFMS) ചെയ്തിരിക്കുന്നത്. ടി പദ്ധതിയിലുൾപ്പെടുത്തി തുക നൽകിയ ചുവടെ കൊടുക്കുന്ന വ്യക്തികളെ പദ്ധതി ഗുണഭോക്താക്കളായി തെരെഞ്ഞെടുത്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | അക്കൗണ്ട് നമ്പർ | തുക | വൗച്ചർ നമ്പർ |
|---|---|---|---|---|
| 1 | ഷാജി മോഹനൻ | 40478101003299 | 12000 | 22100683/31.03.2022 |
| 2 | റുഖിയ നൗഷാദ് | 40478100013753 | 12000 | |
| 3 | മധുസൂദനൻ പി.വി | 40478100004099 | 12000 | 22100705/31.03.2022 |
| 4 | രമണി | 40478100012268 | 12000 | |
| 5 | മേഴ്സി ഉലഹന്നാൻ | 40405100004371 | 12000 | 22100708/31.03.2022 |
| 6 | ഗീത | 40522100010517 | 12000 | |
| 7 | ബിന്ദു | 40522100010510 | 12000 | |
| | ആകെ | | 84000/- | |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് ( 14/21-22/13.12.2022 , 18/21-22/ 13.12.2022 ) മറുപടി നൽകിയിട്ടില്ല. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് പദ്ധതി ആനുകൂല്യം നൽകിയതിനാൽ വന്ന ചെലവ് തുക ₹84000/- രൂപ തുക നൽകിയ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കി സർക്കാറിലേക്ക് അടവാക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. തുക നൽകിയിട്ടുള്ള എല്ലാ ഗുണഭോക്താക്കളും പണി പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തി വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കേണ്ടതും, സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ പദ്ധതി നിർവഹണം നടത്തിയതിന് വിശദീകരണവും ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 16,83,400/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-21 സുഭിക്ഷ കേരളം - ബയോഫ്ലോക്ക് മത്സ്യകൃഷി ഫിഷറീസ് വകുപ്പ് സബ്സിഡി രേഖകൾ ഹാജരാക്കിയിട്ടില്ല.

2021-22 സാമ്പത്തിക വർഷത്തിൽ സുഭിക്ഷ കേരളം പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി മത്സ്യ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി താഴെപ്പറയുന്ന പ്രോജക്ട് പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

പ്രോജക്ട് നം. - 108/2022

പ്രോജക്ടിന്റെ പേര് - സുഭിക്ഷ കേരളം - ബയോഫ്ലോക്ക് മത്സ്യകൃഷി 2021-22

അടങ്കൽ - വികസന ഫണ്ട് - പൊതു വിഭാഗം - 331200

ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കുന്നത് - 745200

സംസ്ഥാനാവിഷ്കൃത പരിപാടി - 165600

ആകെ 1242000

തുക ചെലവഴിച്ചത്

ബിൽ നം. 1/2021-22 തീയതി 19/03/2022 തുക 94487

സുഭിക്ഷ കേരളം പദ്ധതി വഴി വിഷരഹിത മത്സ്യം ലഭ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ യണിറ്റ് ചെലവ് 138000 രൂപ കണക്കാക്കിയാണ് പദ്ധതിനടപ്പാക്കുന്നത്. ഈ തുകയുടെ 40% ( ഫിഷറീസ് വകുപ്പ് സഹായം ഉൾപ്പടെ) സബ്സിഡിയായി നൽകുന്നു. സബ്സിഡി വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| ഒരു യൂണിറ്റ് കോസ്റ്റ് | 138000 |
| സബ്സിഡി | 40% |
| ഗ്രാമ പഞ്ചായത്ത് വിഹിതം | 36800 |
| ഫിഷറീസ് വകുപ്പ് വിഹിതം | 18400 |
| ആകെ | 55200 |

തൻവർഷം ആകെ 3 ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകി. പദ്ധതി തുക ഉപയോഗിച്ച് ധനസഹായം നൽകിയ ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| സുരേഷ്.എം.എസ് | 26520 |
| സെലിൻ.ടി.വി | 33492 |
| നാരായണൻ.പി.കെ | 34475 |

പ്രോജക്ട് പ്രകാരം ആകെ 40% തുകയാണ് സബ്സിഡി നൽകേണ്ടത്. ഫിഷറീസ് വകുപ്പ് മുഖേന മേൽ ഗുണഭോക്താക്കൾക്ക് നൽകിയ സബ്സിഡി വിവരം ഫയലിൽ ഇല്ല. കൂടാതെ ഓരോ ഗുണഭോക്താവും ബയോഫ്ലോക്ക് മത്സ്യ കൃഷി നടത്തുന്നതിനായി ആകെ ചെലവഴിച്ച തുക സംബന്ധിച്ച തുകയുടെ വൗച്ചറുകൾ ഫയലിൽ ഇല്ല. ഗ്രാമ പഞ്ചായത്ത് സബ്സിഡി വിഹിതം കണക്കാക്കുന്നതിനാവശ്യമായ വൗച്ചറുകൾ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഫിഷറീസ് വകുപ്പ് മേൽ ഗുണഭോക്താക്കൾക്ക് നൽകിയ സബ്സിഡി തുകയുടെയും ഓരോ ഗുണഭോക്താവും മത്സ്യ കൃഷിക്കായി ആകെ ചെലവഴിച്ച വൗച്ചറുകളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. കൂടാതെ പദ്ധതി നടപ്പാക്കുക വഴി ഉണ്ടായ നേട്ടങ്ങളുടെ വിവരങ്ങളും പദ്ധതി തുടർവർഷങ്ങളിൽ നടപ്പാക്കേണ്ടതുണ്ടോ എന്നത് സംബന്ധിച്ച റിപ്പോർട്ട് എന്നിവയും മോണിറ്ററിംഗ് റിപ്പോർട്ടും ഹാജരാക്കേണ്ടതാണ്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7 തീയതി 12.12.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ രേഖകളുടെ അഭാവത്തിൽ ചെലവ് തുക 94487/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-22 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി

2021-22 വാർഷിക പദ്ധതിയിലുൾപ്പെടുത്തി ഗ്രാമ പഞ്ചായത്ത് പരിധിയിലെ ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകുന്നതിനായി താഴെപ്പറയുന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്.

പ്രോജക്ടിന്റെ പേര് - ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി

- പ്രോജക്ടിന്റെ നമ്പർ - 345/2022
- അടങ്കൽ - വികസന ഫണ്ട് ( പൊതു വിഭാഗം) - 3000000
- ചെലവഴിച്ചത് - 3000000

| ബിൽ നം | തീയതി | തുക |
|---|---|---|
| 1/2021-22 | 26/02/2022 | 269112 |
| 2/2021-22 | 26/02/2022 | 22003 |
| 3/2021-22 | 26/02/2022 | 750729 |
| 4/2021-22 | 26/02/2022 | 82734 |
| 5/2021-22 | 26/02/2022 | 147011 |
| 6/2021-22 | 26/02/2022 | 998496 |
| 7/2021-22 | 28/02/2022 | 182269 |
| 8/2021-22 | 28/02/2022 | 132157 |
| 9/2021-22 | 28/02/2022 | 65385 |
| 10/2021-22 | 28/02/2022 | 3168 |

| | | |
|---|---|---|
| 11/2021-22 | 28/02/2022 | 26773 |
| 12/2021-22 | 26/03/2022 | 169709 |
| 13/2021-22 | 26/03/2022 | 67313 |
| 14/2021-22 | 26/03/2022 | 83141 |
| ആകെ | | 3000000 |

ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

1. മേൽ പറയുന്ന ബില്ലുകൾ പ്രകാരം തുക ചെലവഴിച്ചുണ്ടെങ്കിലും പല ഗുണഭോക്താക്കൾക്കും തുക ലഭിച്ചതായി കാണുന്നില്ല.

2.തുക ചെലവഴിച്ചതിന്റെ വിവരങ്ങൾ യഥാ തീയതിയിൽ തന്നെ ക്യാഷ് ബുക്കിൽ ചേർത്തതായി കാണുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥന്റെ യുക്താനുസരം ക്യാഷ് ബുക്കിൽ ചേർക്കുന്നതായാണ് കാണുന്നത്.26/03/2022 ന് മാറിയ 83141 രൂപ ക്യാഷ് ബുക്കിൽ ചേർത്തിട്ടില്ല.

3.ഭരണ സമിതി നൽകിയ ഗുണഭോക്തൃ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്. ഓരോ ഗുണഭോക്താവും അളന്ന പാലിന്റെ അളവ് സംബന്ധിച്ച രേഖകളൊന്നും ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് ക്ഷീര സഹകരണ സംഘങ്ങളിൽ നിന്നുള്ള രേഖകൾ പരിശോധിച്ചിട്ടില്ല. സ.ഉ(കൈ) നം.22/2018 തസ്വഭവ തീയതി 14.02.2018 ലെ ഖണ്ഡിക 6.2 പ്രകാരം ഒരു കർഷകന് ഒരു വർഷത്തിൽ അനുവദിക്കാവുന്ന പരമാവധി സബ്സിഡി 40000 രൂപയാണ്. ഒരു ലിറ്റർ പാലിന് ക്ഷീര വകുപ്പ് നൽകുന്ന ഒരു രൂപ സബ്സിഡി ഉൾപ്പടെ പരമാവധി 4 രൂപയാണ് അനുവദിക്കാവുന്നത്. ഇത് സംബന്ധിച്ച് പരിശോധിക്കാനാവശ്യമായ രേഖകളൊന്നും ഹാജരാക്കിയിട്ടില്ല.

4. ഗുണഭോക്താക്കളുടെ അപേക്ഷ വാങ്ങിയിട്ടില്ല.

5.മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ നിന്ന് നൽകിയിട്ടുള്ള ധനസഹായം സംബന്ധിച്ച പരിശോധന നടത്തിയിട്ടില്ല. ആയതിനാൽ തന്നെ അധിക ധനസഹായം ലഭിച്ചിട്ടുണ്ടോ എന്ന പരിശോധന സാധ്യമായിട്ടില്ല.

6.ഭരണ സമിതി നൽകിയത് ഓരോ ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന ഗുണഭോക്താക്കളെ അടിസ്ഥാനമാക്കിയാണ്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥ തയ്യാറാക്കിയ ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് ധനസഹായം അനുവദിച്ചത് എന്നതിനാലും ഓരോ ക്ഷിര സംഘങ്ങളിൽ നിന്നും പാൽ അളന്ന കർഷകരുടെ ലിസ്റ്റ് ഒത്ത് നോക്കി സാക്ഷ്യപ്പെടുത്താത്തതിനാലും ഇത് സംബന്ധിച്ച് വിശദമായ പരിശോധ സാധ്യമായിട്ടില്ല.

7. ഹാജരാക്കിയ ബില്ലുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന ബില്ലുകളിലെ പല ഗുണഭോക്താക്കൾക്കും ധനസഹായം ലഭിച്ചിട്ടില്ല എന്ന് UTR സ്റ്റേറ്റ്മെന്റിൽ നിന്നും വ്യക്തമാകുന്നു.

| ബിൽ നം | തീയതി | തുക | ധന സഹായം ക്രഡിറ്റ് ആകാത്ത ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 3/2021-22 | 26/02/2022 | 750729 | 9 |
| 4/2021-22 | 26/02/2022 | 82734 | 25 |
| 6/2021-22 | 26/02/2022 | 998496 | 9 |
| 7/2021-22 | 28/02/2022 | 182269 | 8 |
| 8/2021-22 | 28/02/2022 | 132157 | 7 |
| 9/2021-22 | 28/02/2022 | 65385 | 22 |

| | | | |
|---|---|---|---|
| 12/2021-22 | 26/03/2022 | 169709 | 4 |
| 13/2021-22 | 26/03/2022 | 67313 | 7 |
| 14/2021-22 | 26/03/2022 | 83141 | 29 |

മേൽ ബില്ലുകൾ പ്രകാരം ധനസഹായം ലഭിക്കാത്ത ഗുണഭോക്താക്കൾക്ക് ധനസഹായം ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതും മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 6തീയതി 12.12.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-23 എം.സി.എഫ് കെട്ടിടത്തിലേക്ക് ബെയിലിംഗ് മെഷീൻ, വെയിംഗ് മെഷീനും വാങ്ങൽ അടിസ്ഥാന സൗകര്യമൊരുക്കാതെ ഉപകരണങ്ങൾ വാങ്ങി

തവിഞ്ഞാൽ ഗ്രാമ പഞ്ചായത്തിലെ എം.സി.എഫ് കെട്ടിടത്തിലേക്ക് ആവശ്യമായ ബെയിലിംഗ് മെഷീൻ, വെയിംഗ് മെഷീന് എന്നിവ വാങ്ങുന്നതിനായി താഴെപ്പറയുന്ന പ്രോജക്ട് തയ്യാറാക്കി നടപ്പിലാക്കിയിട്ടുണ്ട്.

പ്രോജക്ടിന്റെ നം - 151/22

പ്രോജക്ടിന്റെ പേര് - എം.സി.എഫ് കെട്ടിടത്തിലേക്ക് ബെയിലിംഗ് മെഷീൻ, വെയിംഗ് മെഷീനും

അടങ്കൽ - ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 500000

- തനത് ഫണ്ട് - 75000

ആകെ 575000

ചെലവഴിച്ചത് - 467280

വൗച്ചർ നമ്പർ 22100676 തീയതി 31/03/2022 തുക 467280/- (ധനകാര്യ കമ്മീഷൻ അവാർഡ്)

മേൽ പ്രകാരം ഉപകരണങ്ങൾ ക്ലീൻ കേരള കമ്പനിയിൽ നിന്നും വാങ്ങുന്നതിനാണ പദ്ധതി തയ്യാറാക്കിയത്. ക്ലീൻ കേരള കമ്പനിയിൽ നിന്നും വാങ്ങുന്നതിന് തടസ്സം നേരിടുന്ന പക്ഷം ടെണ്ടർ മുഖേന പൊതു മാർക്കറ്റിൽ നിന്നോ സർക്കാർ അനുമതിയുള്ള മറ്റ് സ്ഥാപനങ്ങളിൽ നിന്നോ നേരിട്ട് വാങ്ങുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. ക്ലീൻ കേരള കമ്പനിയിൽ നിന്നും ഉപകരണങ്ങൾ ലഭ്യമാണോ എന്നത് സംബന്ധിച്ച അന്വേഷണം നടത്തിയിട്ടില്ല. പദ്ധതിക്കായി ഇ-ടെണ്ടർ നോട്ടീസ് ക്ഷണിച്ചു. (നമ്പർ എസ്.സി.-1/222/ഇ-ടെണ്ടർ-03/2021-22) . ടെണ്ടർ പ്രകാരം ക്ഷണിച്ച സാധനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര് | അടങ്കൽ | നിരതദ്രവ്യം | ഫോറത്തിന്റെ വില | സ്പെസിഫിക്കേഷൻ | പൂർത്തീകരണ കാലാവധി |
|---|---|---|---|---|---|---|
| 1 | എം.സി.എഫ് കെട്ടിടത്തിലേക്ക് ബെയിലിംഗ് മെഷീനും വെയിംഗ് മെഷീനും | 575000 | അടങ്കൽ തുകയുടെ 2.5% (14,500/- രൂപ) | 1200 | ബെയിലിംഗ് മെഷീനും -വിശദമായ സ്പെസിഫിക്കേഷൻ അനുബന്ധം 1 ൽ കൊടുത്തിരിക്കുന്നു. | 31/03/2022 |

ക്ലീൻ കേരള കമ്പനി നൽകിയ സ്പെസിഫിക്കേഷൻ പ്രകാരം ഹൈഡ്രോളിക് മെഷീനിന്റെ സ്പെസിഫിക്കേഷൻ താഴെ ചേർക്കുന്നു.

| | |
|---|---|
| Chamber Size | 900x450x450 |

| | |
|---|---|
| Bale Size | 450x450x450 |
| Bale Weight | 50 To 75 Kg |
| Motor | 7.5 HP |
| No. Of Cylinders | Single |
| Pressing Time Stroke | 12 Strokes Per Hour |
| Operation | Electric Panel Operated |

മേൽ പ്രകാരമുള്ള മെഷീന് ക്ലീൻ കേരള കമ്പനി നിശ്ചയിച്ചിട്ടുള്ള വില

| Item | Amount |
|---|---|
| Bailing Machine 7.5HP | 392857 |
| SGST 9% | 35357.18 |
| CGST 9% | 35357.14 |
| Total | 463571 |

പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി ഉപകരണങ്ങൾ ലഭിക്കുന്നതിനായി ടെണ്ടർ ക്ഷണിച്ചത് പ്രകാരം ലഭിച്ച ടെണ്ടറിൽ രേഖപ്പെടുത്തിയ തുകകകളുടെ താരതമ്യ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ബിഡ്ഡറുടെ പേര് | തുക | റാങ്ക് |
|---|---|---|---|
| 1 | പ്രകൃതി | 417484 | L1 |
| 2 | ഫ്ലോററ്റ് ടെക്നോളജീസ് | 470000 | L2 |
| 3 | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലി. | 495000 | L3 |
| 4 | ഡ്യൂയോ മെഷീൻ കോർപ്സ് | 498000 | L4 |
| 5 | കോലാർ മിൽ സ്റ്റോർസ് പ്രൈ.ലി | 499999 | L5 |
| 6 | കേരള സിഡ്കോ ലി. | 530000 | L6 |

ഓരോ സ്ഥാപനവും സമർപ്പിച്ച സ്പെസിഫിക്കേഷൻ വിവരങ്ങൾ.

| | പ്രകൃതി | ഫ്ലോററ്റ് ടെക്നോളജീസ് | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലി. | കോലാർ മിൽ സ്റ്റോർസ് പ്രൈ.ലി | കേരള സിഡ്കോ ലി. | ഡ്യൂയോ മെഷീൻ കോർപ്സ് |
|---|---|---|---|---|---|---|
| Chamber Size | 900x450x450 | 600x600x1500 | 600x600x1500 | 600x600x1500 | ഫയലിൽ വിവരങ്ങൾ | ഫയലിൽ വിവരങ്ങൾ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | ലഭ്യമല്ല | ലഭ്യമല്ല |
| Bale Size | 450x450x450 -600 Mm | 600x600x600 -900 | 600x600x600 -900 | 600x600x600 -900 | ഫയലിൽ വിവരങ്ങൾ ലഭ്യമല്ല | ഫയലിൽ വിവരങ്ങൾ ലഭ്യമല്ല |
| Bale Weight | 50 To 100Kg | 50-75 Kg | 50-75 Kg | 50-75 Kg | ഫയലിൽ വിവരങ്ങൾ ലഭ്യമല്ല | ഫയലിൽ വിവരങ്ങൾ ലഭ്യമല്ല |
| Motor | 7.5 HP | 7.5 Hp | 7.5 Hp | 5 To 10 Hp | ഫയലിൽ വിവരങ്ങൾ ലഭ്യമല്ല | ഫയലിൽ വിവരങ്ങൾ ലഭ്യമല്ല |
| No. Of Cylinders | Single | Single [- | Single | Single | ഫയലിൽ വിവരങ്ങൾ ലഭ്യമല്ല | ഫയലിൽ വിവരങ്ങൾ ലഭ്യമല്ല |
| Pressing Time Stroke | 12 Strokes Per Hour | 15-20 | 15-20 | 15-20 | ഫയലിൽ വിവരങ്ങൾ ലഭ്യമല്ല | ഫയലിൽ വിവരങ്ങൾ ലഭ്യമല്ല |
| Operation | Controll Panel And Auto Ejection | Electrically Controlled | Controll Panel | Controll Panel | ഫയലിൽ വിവരങ്ങൾ ലഭ്യമല്ല | ഫയലിൽ വിവരങ്ങൾ ലഭ്യമല്ല |

28/02/2022 തീയതിയിലെ പ്രൊക്യുയർമെന്റ് കമ്മിറ്റി തീരുമാനം പ്രകാരം ക്ലീൻ കേരള കമ്പനി അംഗീകരിച്ച ഹയർ സ്പെസിഫിക്കേഷനുള്ള മെഷീൻ ഏറ്റവും കുറവ് രേഖപ്പെടുത്തിയ പ്രകൃതി ആലുവ എന്ന സ്ഥാപന സമർപ്പിച്ച 467280 രൂപയുടെ ടെണ്ടർ അംഗീകരിക്കുന്നതിന് ഭരണ സമിതിക്ക് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 25/02/2020 തീയതിയിലെ G.O(Rt) No.469/2020 LSGD പ്രകാരം റിസോഴ്സ് റിക്കവറി ഫെസിലിറ്റികളിൽ ബെയിലിംഗ് മെഷീനുകൾ മാത്രം സ്ഥാപിപച്ചാൽ മതിയെന്നും ആയത് ക്ലീൻ കേരള കമ്പനി നിശ്ചയിച്ചിട്ടുള്ള ടെക്കിനിക്കൽ സ്പെസിഫിക്കേഷൻ ഉള്ളവ ടെണ്ടർ നടപടി സ്വീകരിച്ച് കൊണ്ട് ആയിരിക്കണമെന്നും വിവക്ഷിച്ചിട്ടുണ്ട്.

ക്ലീൻ കേരള കമ്പനി നൽകിയ പ്രപ്പോസൽ പ്രകാരം 7.5 എച്ച്.പി ബെയിലിംഗ് മെഷീൻ സ്ഥാപിക്കുന്നതിന് താഴെപ്പറയുന്ന സൗകര്യങ്ങൾ ഒരുക്കേണ്ടതാണ്.

Water Requirment - 1/2 KLD

Shed For Machind - 40 Ft X25 Ft

3 Phase Power Connection Required ( With Transformer, If Necessary, As Advised By K.S.E.B)

13/12/2022 ന് നടത്തിയ സ്ഥല പരിശോധനയിൽ നിലവിൽ നിർമ്മിച്ചിരിക്കുന്ന കെട്ടിടത്തിന് 20 Ft X 14 Ft വിസ്തീർണ്ണം മാത്രമാണ് ഉള്ളത്.

വെള്ളം ലഭ്യമാക്കുന്നതിനുള്ള സൗകര്യം 3 ഫേസ് കണക്ഷൻ ലഭിക്കുന്നതിനുള്ള സൗകര്യം എന്നിവ ഇല്ല. 7.5 HP കപ്പാസിറ്റിയുള്ള മോട്ടോർ ആണ് ലഭിച്ചിട്ടുള്ളത്. ആയത് സ്ഥാപിക്കുകയോ പ്രവർത്തന സജ്ജമാക്കുകയോ ചെയ്തിട്ടില്ല.

ടെണ്ടർ ഉറന്ന തീയതി 26.02.2022 ന് ആണ്. ഇ ടെണ്ടർ സമർപ്പിച്ചതിന് ശേഷം ടെണ്ടർ ഉറക്കുന്ന തീയതിക്ക് മുമ്പായി 24.02.2022 തീയതി രേഖപ്പെടുത്തിയ പ്രകൃതി എന്ന സ്ഥാപനം 467280 ( നികുതികൾ ഉൾപ്പടെ) രൂപയുടെ മറ്റൊരു പ്രെപ്പോസൽ താഴെപ്പറയുന്ന സ്പെസിഫിക്കേഷനോടു കൂടി സമർപ്പിച്ചതായി കാണുന്നു. പ്രസ്തുത പ്രപ്പോസലിൽ 2 വർഷ ഗ്യാരണ്ടി വാഗ്ദാനം ചെയ്യുന്നുണ്ട്.

| ഇനം | സ്പെസിഫിക്കേഷൻ |
|---|---|
| Chamber Size | 600x600x600-1500mm |
| Bale Size | 600x600x600-900mm |
| Bale Weight | 50 To 75 Kg |
| Motor | 5 To 10 HP 3 Phase |
| No. Of Cylinders | Single |

| | |
|---|---|
| Pressing Time Stroke | 12 – 20 Min/bale |
| Operation | Control Panel |

17/03/2022 തീയതിയിലെ എസ്.സി 1/222/2021 നമ്പർ കത്ത് മുഖേന മെഷീൻ സ്ഥാപിച്ച് നൽകുന്നതിന് പ്രകൃതി , തൈക്കാട്ടുകര, ആലുവ എന്ന സ്ഥാപനത്തിനോട് സെക്രട്ടറി ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിന് മുകളിൽ പറഞ്ഞ വൗച്ചർ പ്രകാരം തുക ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും തുക അനുവദിച്ചിട്ടുണ്ട്.

ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിന്റെയും 13/12/2022 ന് നടത്തിയ സ്ഥല പരിശോധനയുടെയും അടിസ്ഥാനത്തിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1.കുറഞ്ഞ സ്പെസിഫിക്കേഷനിലുള്ള ഉപകരണങ്ങൾ വിതരണം നടത്തുന്നതിന് ഗ്രാമ പഞ്ചായത്ത് ഇ-ടെണ്ടർ ക്ഷണിച്ചതിൽ 8 സ്ഥാപനങ്ങൾ പങ്കെടുത്തിട്ടുണ്ടെങ്കിലും 2 ടെണ്ടറുകൾ നിരസിച്ചിട്ടുണ്ട്. 6 ടെണ്ടറുകൾ സ്വീകരിച്ചു. ആയതിൽ ഏറ്റവും കുറവ് രേഖപ്പെടുത്തിയത് ടെണ്ടർ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഉപകരണങ്ങൾ വിതരണം ചെയ്യുന്നത സന്നദ്ധമായ സ്ഥാപനത്തിന്റെ (പ്രകൃതി , ആലുവ) ടെണ്ടർ ആണ്. മറ്റ് സ്ഥാപനങ്ങൾ ഉയർന്ന സ്പെസിഫിക്കേഷൻ ഉള്ള ഉപകരണങ്ങളുടെ വിവരങ്ങളാണ് രേഖപ്പെടുത്തിയത്. എന്നിരുന്നാലും കുറഞ്ഞ തുക രേഖപ്പെടുത്തിയ സ്ഥാപനത്തിൽ നിന്നും ടെണ്ടറിൽ ആവശ്യപ്പെടാതിരുന്ന ഉയർന്ന സ്പെസിഫിക്കേഷനിലുള്ള ഉപകരണം വിതരണം നടത്താമെന്ന വാഗ്ദാനത്തിന്റെ അടിസ്ഥാനത്തില് കൂടിയ വില നൽകി ഉപകരണങ്ങൾ വാങ്ങി. കൂടിയ സ്പെസിഫിക്കേഷനിലുള്ള ഉപകരണം വിതരണം നടത്തുന്നതിനായി പുതിയ ടെണ്ടർ ക്ഷണിച്ചിട്ടില്ല. കൂടാതെ സ്ഥാപനം നൽകിയ വാഗ്ദാനത്തിൽ 2 വർഷം ഗ്യാരണ്ടി, ടൂൾ കിറ്റ്, ക്രോപ്ടൺ ക്രീവ്സ് മോട്ടോർ, 4.5 Mm 16 Mm കനമുള്ള സ്റ്റീൽ ഷീറ്റ്, സൗജന്യ പരിശീലനം, തുടങ്ങിയ ഉൾപ്പെടുന്നു. എന്നാൽ സ്ഥല പരിശോധനയിൽ , നൽകിയ മോട്ടോർ ക്രോപ്ടൺ ഗ്രീവ്സ് കമ്പനിയുടേതാണെന്ന് വ്യക്തമാകുന്നില്ല. കൂടാതെ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടില്ല.

2. ക്ലീൻ കേരള കമ്പനിയുടെ നിർദ്ദേശ പ്രകാരം മേൽ ഉപകരണം സ്ഥാപിക്കുന്നതിന് 40 അടി നീളവും 25 അടി വീതിയുമുള്ള ഷെഡ് ആവശ്യമാണ്. ഉപകരണം സ്ഥാപിച്ചിരിക്കുന്നതിനായി വെച്ചിരിക്കുന്ന് 20 അടി നീളവും 14 അടി വീതിയും മാത്രമുള്ള ഷെഡ്ഡ് ആണ്.

3. മേൽ ഉപകരണം പ്രവർത്തിക്കുന്നതിന് 3 ഫേസ് വൈദ്യുതി കണക്ഷനും കെട്ടിടം വൈദ്യുതീകരിക്കുന്നതിന് വേണ്ട സൗകര്യങ്ങളും ഒരുക്കേണ്ടതാണ്. എന്നാൽ കെട്ടിടം വൈദ്യുതീകരിക്കുന്നതിന് വേണ്ട യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. കൂടാതെ കെട്ടിടത്തിൽ 3 ഫേസ് കണക്ഷൻ ഒരുക്കിയിട്ടില്ല.

4. ഉപകരണം പ്രവർത്തിക്കുന്നതിന് 1/2 KLD വെള്ളം ആവശ്യമാണ്. വെള്ളം ലഭ്യമാക്കുന്നതിന് ആവശ്യമായ യാതൊരു സൗകര്യവും ഏർപ്പെടുത്തിയിട്ടില്ല.

5. സ്ഥാപനത്തിന്റെ വാഗ്ദാനം അനുസരിച്ച് ഉപകരണം വിതരണം നടത്തിയ തീയതി മുതൽ 2 വർഷമാണ് ഗ്യാരണ്ടി കാലാവധി. നാളിതു വരെ ഉപകരണം പ്രവർത്തിപ്പിക്കാത്തതിനാൽ (ഉപകരണം വിതരണം നടത്തിയത് ഇൻവോയ്സ് നം.82 തീയതി 25-03-2022) 8 മാസത്തിലധികം ഗ്യാരണ്ടി കാലാവധി നഷ്ടമായിട്ടുണ്ട്.

6. ഉപകരണം വിതരണം നടത്തിയ സ്ഥാപനം ഉപകരണങ്ങളുടെ സ്പെസിഫിക്കേഷനുകൾ ബില്ലിൽ രേഖപ്പെടുത്താത്തതിനാൽ വാഗ്ദാനം നടത്തിയ ഉപകരണങ്ങൾ തന്നെയാണ് വിതരണം നടത്തിയത് എന്ന് പരിശോധന സാധ്യമായിട്ടില്ല. ഇത് സംബന്ധിച്ച് യാതൊരു പരിശോധനയും ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നടത്തിയിട്ടില്ല.

7.യഥാർത്ഥ ടെണ്ടർ ഓപ്പൺ ചെയ്തതിന് ശേഷം ഉപകരണങ്ങളുടെ വിതരണം ഗുണമേൻമ , ആവശ്യകത എന്നിവ സംബന്ധിച്ച് പരിശോധന നടത്തുന്നതിനും വാങ്ങൽ തീരുമാനിക്കുന്നതിനും പ്രൊക്വയർമെന്റ് കമ്മിറ്റി ചേർന്നിട്ടില്ല. ഇ-ടെണ്ടർ മുഖേനയല്ലാത്ത വാഗ്ദാനം പ്രകാരം ഉപകരണങ്ങൾ വാങ്ങുന്നതിന് തീരുമാനിക്കുകയാണ് നടത്തിയിട്ടുള്ളത്.

8.ഉപകരണങ്ങളുടെ ഗുണമേൻമ പരിശോധന നടത്തിയിട്ടില്ല.

9. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെയാണ് ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത്. സ്ഥല പരിശോധനയിൽ ഉപകരണങ്ങൾ തുരുമ്പെടുത്ത നിലയിലാണ് കാണാൻ സാധിച്ചിട്ടുള്ളത്. ഇതിനാൽ തന്നെ ഉപകരണങ്ങൾ വാങ്ങിയത് പൊതു പണത്തിന്റെ ദുരുപയോഗമായി കണക്കാക്കുന്നു. കൂടാതെ പദ്ധതിയിൽ വിഭാവനം നടത്തിയ വെയിംഗ് മെഷീൻ വാങ്ങിയിട്ടില്ല.

മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17തീയതി 14/12/2022) മറുപടി നൽകിയിട്ടില്ല. ചെലവഴിച്ച 467280 രൂപ തടസ്സപ്പെടുത്തുന്നു.

## 1-24 ധനസഹായം ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ക്രെഡിറ്റായില്ല

കൃഷി ഓഫീസർ 2021-22 ൽ നിർവ്വഹണം നടത്തിയ താഴെ ചേർക്കുന്ന പദ്ധതികൾ പ്രകാരം സബ്സിഡി തുക ട്രഷറി ബില്ലുകൾ പ്രകാരം ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് കൈമാറിയിരുന്നു.എന്നാൽ ചില ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് പ്രസ്തുത സബ്സിഡി തുക ക്രെഡിറ്റ് ചെയ്യപ്പെടാത്തതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. പ്രോജക്ട് നമ്പർ 133/22 നെൽ കൃഷി വികസനം കൂലിച്ചിലവ് സബ്സിഡി- അടങ്കൽ 27,00,000 (ജനറൽ 15,00,000+ ബ്ളോക്ക് പഞ്ചായത്ത്6,00,000+ ജില്ലാ പഞ്ചായത്ത് 6,00,000)

ചെലവ് 17,10,616രൂപ

ബിൽ നമ്പർ 1/21-22/17-12-2021 /14,93,300 രൂപ (ജനറൽ)

ബിൽ നമ്പർ 2/21-22/24-1-2022/ 2,17,316 രൂപ (ബ്ലോക്ക് വിഹിതം)

ഗ്രാമ പഞ്ചായത്തിലെ നെൽകർഷകർക്ക് നെൽകൃഷിക്ക് ആനുപാതികമായി കൂലിച്ചിലവ് സബ്സിഡിയായി നൽകുകയെന്നതാണ് പദ്ധതി. പദ്ധതി പ്രകാരമുള്ള സബ്സിഡി തുക ഈ ബില്ലുകൾ പ്രകാരം ട്രഷറിയിൽ നിന്നും പിൻവലിച്ച് 266 ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസഫർ ക്രഡിറ്റ് ചെയ്തതിന്റെ യു ടി ആർ സ്റ്റേറ്റ്മെന്റ് പരിശോധിച്ചപ്പോൾ താഴെ ചേർക്കുന്ന 4 പേരുടെ അക്കൗണ്ടിൽ അവർക്കനുവദിച്ച തുക ക്രഡിറ്റാകാത്തതായി കണ്ടു.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനമ്പർ | ഗുണഭോക്താവിന്റെ പേര് | ബിൽ നമ്പർ 1സബ്സിഡി തുക | ബിൽ നമ്പർ 2സബ്സിഡി തുക |
|---|---|---|---|
| 1 | വിജയൻ പി വി | 2,192 | 319 |
| 2 | കേളു ടി | 2,740 | 398 |
| 3 | വർഗീസ് പി വി | 8,220 | 1,196 |
| 4 | ജെയിംസ് ടി യു | 2,740 | 398 |
| | ആകെ | 15,892 | 2,313 |

നെൽകൃഷി സബ്സിഡിയിനത്തിൽ ആകെ 18,205 രൂപ ബന്ധപ്പെട്ട കർഷകരുടെ അക്കൗണ്ടിൽ ക്രെഡിറ്റായിട്ടില്ല.

2. പ്രോജക്ട് നമ്പർ 137/22 പച്ചക്കറി കൃഷിക്ക് സബ്സിഡി. അടങ്കൽ 9,90,000 രൂപ (ജനറൽ)

ചെലവ് 9,90,000 രൂപ

ബിൽ നമ്പർ 1/21-22/30-3-2022 /9,90,000 രൂപ

ഗ്രാമ പഞ്ചായത്തിലെ പച്ചക്കറികർഷകർക്ക് ഹെക്ടറിന് 16,500 രൂപ നിരക്കിൽ ആനുപാതികമായി കൂലിച്ചിലവ് സബ്സിഡിയായി നൽകുകയെന്നതാണ് പദ്ധതി. പദ്ധതി പ്രകാരമുള്ള സബ്സിഡി തുക ഈ ബില്ലുകൾ പ്രകാരം ട്രഷറിയിൽ നിന്നും പിൻവലിച്ച് 700 ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസഫർ ക്രഡിറ്റ് ചെയ്യതിന്റെ യു ടി ആർ സ്റ്റേറ്റ്മെന്റ് പരിശോധിച്ചപ്പോൾ താഴെ ചേർക്കുന്ന 2 പേരുടെ അക്കൗണ്ടിൽ അവർക്കനുവദിച്ച തുക ക്രെഡിറ്റാകാത്തതായി കണ്ടു.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനമ്പർ | ഗുണഭോക്താവിന്റെ പേര് | സബ്സിഡി തുക |
|---|---|---|
| 1 | കോമള പി ജി | 400 |
| 2 | പുരുഷോത്തമൻ കെ വി | 585 |
| | ആകെ | 985 |

തുക അനുവദിച്ചതിന്റെ ബില്ലുകൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിരിക്കുന്നത്. മേൽ പരാമർശിച്ചിരിക്കുന്ന കർഷകർക്ക് സബസിഡി തുക ലഭിയ്ക്കുന്നതിന് എന്തു തുടർനടപടി സ്വീകരിച്ചുവെന്ന് ഫയലിൽ വ്യക്തമല്ല.

പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം ,ഈ പദ്ധതി മോണിട്ടർ ചെയ്യേണ്ട വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഫയലിൽ സൂക്ഷിക്കുകയോ,ഓഡിറ്റിന് ഹാജരാക്കുകയോ ചെയ്തിട്ടില്ല.

മേൽ പറഞ്ഞിരിക്കുന്ന അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 11/2021-22/ 12-12-2022 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-25 കരാറിൽ നിന്നും പിന്മാറിയ കരാറുകാരന്റെ നിരതദ്രവ്യം കണ്ടുകെട്ടിയില്ല

ഗ്രാമ പഞ്ചായത്തിലെ കാപ്പി കർഷകർക്കും,കുരുമുളക് കർഷകർക്കും സബ്സിഡി നിരക്കിൽ നീറ്റുകക്ക വിതരണം ചെയ്യുന്നതിനായി 2021-2022 ൽ കൃഷി ഓഫീസർ രണ്ടുപദ്ധതികൾ നടപ്പിലാക്കുകയുണ്ടായി. ഈ പദ്ധതികൾക്കായി വിളിച്ച ടെണ്ടറിൽ വിജയിയായ കരാറുകാരൻ നീറ്റുകക്ക നൽകാതെ പിൻമാറി .കരാറിൽ നിന്നും പിൻമാറിയ കരാറുകാരനെതിരെ സ്റ്റോർപർച്ചേയ്സ് നിയമമനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. പ്രോജക്ട് നമ്പർ 145/22 കാപ്പി കർഷകർക്ക് നീറ്റുകക്ക- അടങ്കൽ 6,00,000 രൂപ (ജനറൽ 4,50,000+ ഗുണഭോക്തൃ വിഹിതം 1,50,000)

ചെലവ് 6,00,000രൂപ

ബിൽ നമ്പർ 4/21-22/14-3-2022 /4,50,000 രൂപ

2. പ്രോജക്ട് നമ്പർ 143/22 കുരുമുളക് കർഷകർക്ക് നീറ്റുകക്ക- അടങ്കൽ 6,00,000 രൂപ (ജനറൽ 4,50,000+ ഗുണഭോക്തൃ വിഹിതം 1,50,000)

ചെലവ് 6,00,000രൂപ

ബിൽ നമ്പർ 5/21-22/14-3-2022 /4,50,000 രൂപ

മേൽ പദ്ധതികൾ പ്രകാരം ഗ്രാമ പഞ്ചായത്തിലെ കാപ്പി കർഷകർക്കും,കുരുമുളക് കർഷകർക്കും സബ്സിഡി നിരക്കിൽ നീറ്റുകക്ക വിതരണം ചെയ്യുന്നതിനായി 20-10-2021 ൽ ഇ-ടെണ്ടർ വിളിച്ചപ്പോൾ 5 സ്ഥാപനങ്ങൾ പങ്കെടുത്തു. ഇതിൽ ആലപ്പുഴയിലുള്ള വീണലൈം പ്രോഡക്ട് വെസ്റ്റേൺ ഫെർട്ടിലൈസേഴ്സ് എന്ന സ്ഥാപനം കിലോയ്ക്ക് 14.30 രൂപയെന്ന ഏറ്റവും കുറഞ്ഞ നിരക്കും,റെയ്ഡ്കോ മാനന്തവാടി കിലോയ്ക്ക് 15.40 രൂപയെന്ന തൊട്ടുയർന്ന നിരക്കും ക്വാട്ട് ചെയ്യുകയും, 15-11-2021 ലെ 9/1 നമ്പർ തീരുമാനപ്രകാരം ,വീണലൈം പ്രോഡക്ട് വോസ്റ്റേൺ ഫെർട്ടിലൈസേഴ്സ് എന്ന

സ്ഥാപനത്തിനെ നീറ്റുകക്ക വിതരണത്തിനായി തെരഞ്ഞെടുക്കുകയും ചെയ്തു. ഈ സ്ഥാപനത്തിനെ തെരഞ്ഞെടുത്തതൊടൊപ്പം തന്നെ ,ഏതെങ്കിലും സാഹചര്യത്തിൽ ഈ സ്ഥാപനവുമായി കരാർ ഒപ്പിടാൻ കഴിയാത്ത സാഹചര്യമുണ്ടായാൽ , തൊട്ടുയർന്ന നിരക്ക് ക്വാട്ട് ചെയ്ത റെയ്ഡ്കോയുമായി കരാർ ഒപ്പിടുന്നതിനും നിർവ്വഹണോദ്യോഗസ്ഥനെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു മേൽ പരാമർശിച്ച ഭരണസമിതി തീരുമാനത്തിൽ .

വീണലൈം പ്രോഡക്ട് വെസ്റ്റേൺ ഫെർട്ടിലൈസേഴ്സ് തൊഴിലാളികളില്ലാത്തതിനാൽ നീറ്റുകക്ക നൽകാൻ കഴിയില്ലായെന്ന് അറിയിക്കുകയും തുടർന്ന് , റെയ്ഡ്കോ മാനന്തവാടിയുമായി കരാർ ഒപ്പിട്ട് 15.40രൂപ നിരക്കിൽ 38962 കിലോ വീതം നീറ്റുകക്ക വാങ്ങി ഓരോ വാർഡിലുമുള്ള കുരുമുളക് കർഷക സമിതി മുഖേന കാപ്പി കർഷകർക്കും,കുരുമുളക് കർഷകർക്കും വിതരണം ചെയ്തു.

കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത വീണലൈം പ്രോഡക്ട് വെസ്റ്റേൺ ഫെർട്ടിലൈസേഴ്സ് കരാറിൽ നിന്ന് പിൻമാറിയത് സ്റ്റോർപർച്ചേഴ്സ് നിയമങ്ങൾക്ക് വിരുദ്ധമായതിനാൽ സ്റ്റോർപർച്ചേഴ്സ് മാന്വലിലെ വ്യവസ്ഥ 5.25 പ്രകാരം സ്ഥാപനത്തെ കരിമ്പട്ടികയിൽ പ്പെടുത്തുകയും,ഇതൊടൊപ്പം സ്ഥാപനം ടെണ്ടറിൽ പങ്കെടുക്കുന്നതിനായി കെട്ടി വച്ച നിരതദ്രവ്യം (9,000+9,000) പഞ്ചായത്തിലേക്ക് കണ്ടുകെട്ടുകയും ചെയ്യണമെന്നാണ്. ഇത്തരത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.നടപടി സ്വീകരിച്ചില്ലായെങ്കിൽ അതിന്റെ കാരണവും വിശദീകരിക്കാനാവശ്യപ്പെട്ടുനൽകിയ 10/2021-22/ 12-12-2022 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. നിരതദ്രവ്യം പഞ്ചായത്ത് ഫണ്ടിലേയക്ക് മുതൽക്കൂട്ടി അറിയിക്കേണ്ടതാണ്.

## 1-26 അസിസ്റ്റന്റ് എൻജിനിയറുടെ രജിസ്റ്ററുകളും ഫയലുകളും അപൂർണ്ണം

അസിസ്റ്റൻറ് എൻജിനിയറുടെ രജിസ്റ്ററുകളും നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ഫയലുകളും പരിശോധിച്ചപ്പോൾ അവയിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1. പദ്ധതികളുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് തയാറാക്കുന്നുണ്ടെങ്കിലും ,ഈ റിപ്പോർട്ടിൽ ഓരോ പ്രവൃത്തിയിലും എന്താണ് ചെയ്യാൻ ഉദ്ദേശിയ്ക്കുന്നത് എന്ന് കൃത്യമായി രേഖപ്പെടുത്താറില്ല.ഉദാഹരണത്തിന് റോഡ് പ്രവൃത്തിയാണെങ്കിൽ ആകെ നീളം,വീതി,ചെയിനേജ് തുടങ്ങിയവയൊന്നും ഉൾപ്പെടുത്താറില്ല. റോഡിന്റെയും ,കെട്ടിടങ്ങളുടെയും,പാലങ്ങളുടെയും നിലവിലുള്ള സ്കെച്ചുകൾ,പുതിയ പദ്ധതിപ്രകാരം എവിടെയാണ് മാറ്റം വരുത്തുന്നത്,അല്ലെങ്കിൽ കൂട്ടിച്ചേർക്കുന്നത് തുടങ്ങിയവ വ്യക്തമാക്കുന്ന സ്കെച്ചുകൾ,പദ്ധതിയുടെ എസ്റ്റിമേറ്റ് പുതുക്കുമ്പോൾ വരുന്ന മാറ്റങ്ങൾ വ്യക്തമാക്കുന്ന സ്കെച്ചുകൾ തുടങ്ങിയവയൊന്നും ഫയലിൽ ഉൾപ്പെടുത്തുന്നില്ല.

2. ഓരോ പദ്ധതിയും എന്നാണ് ടെണ്ടർ ചെയ്തതെന്നോ,ആരെല്ലാം പങ്കെടുത്തു,ആരുടെ ടെണ്ടറാണ് അംഗീകരിച്ചത് ,ടെണ്ടർ എന്നാണ് ഭരണസമിതി അംഗീകരിച്ചത് ,പ്രവൃത്തി എന്നാണ് പൂർത്തീകരിക്കേണ്ട അവസാന തിയതി,തുടങ്ങിയ കാര്യങ്ങൾ ഫയലിൽ ഉൾപ്പെടുത്തുന്നില്ല.

3. പദ്ധതികളുടെ ടെണ്ടർ സമയത്ത് പണമായും,ചെക്കായും,ഡ്രാഫ്റ്റായും ലഭിക്കുന്ന EMD തുകകളുടെ വിവരം, ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.പദ്ധതികളുടെ ടെണ്ടർ സമയത്ത് പണമായും,ചെക്കായും,ഡ്രാഫ്റ്റായും നിർവ്വഹണോദ്യോഗസ്ഥന് ലഭിക്കുന്ന തുകകളുടെ വിവരം രേഖപ്പെടുത്തേണ്ട EMD രജിസ്റ്റർ ,സെക്യൂരിറ്റി രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുകയോ,ഓഡിറ്റിന് ഹാജരാക്കുകയോ ചെയ്തിട്ടില്ല. രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽ ,എല്ലാ കരാറുകാരിൽ നിന്നും EMD വാങ്ങിയിട്ടാണോ ടെണ്ടറിൽ പങ്കെടുപ്പിച്ചിരിക്കുന്നത് എന്നും, പദ്ധതി ഏറ്റെടുത്ത കരാറുകാർ മതിയായ സെക്യൂരിറ്റി നിക്ഷേപം കെട്ടിവച്ചിട്ടുണ്ടോയെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4. കരാറുകാർ സമർപ്പിയ്ക്കുന്ന ടെണ്ടർ ഫോറത്തിൽ അക്കത്തിലും,അക്ഷരത്തിലും ടെണ്ടർ നിരക്ക് രേഖപ്പെടുത്തണമെന്നാണെങ്കിലും,മിക്ക ഫോറത്തിലും അക്കത്തിൽ മാത്രമാണ് നിരക്ക് രേഖപ്പെടുത്തിയിരിക്കുന്നത്. ഒട്ടുമിക്ക ടെണ്ടർ ഫോറത്തിലും ക്വാട്ട് ചെയ്തിരിക്കുന്ന നിരക്കുളിലും വെട്ടലുംതിരുത്തലുകളും കാണാറുണ്ടെങ്കിലും കരാർ തുറക്കുന്ന ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്താറില്ല.അതുപോലെ തന്നെ കരാറുകാർ രേഖപ്പെടുത്തുന്ന നിരക്ക് നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതാണെങ്കിലും അതും ചെയ്യാറില്ല.

5. ടെണ്ടർ രജിസ്റ്ററിൽ ടെണ്ടർ സമയത്ത് ഹാജരുള്ള കരാറുകാരുടെയും ഒപ്പ് വാങ്ങേണ്ടതാണെങ്കിലും, അപ്രകാരം ചെയ്യുന്നില്ല. അതുപോലെ തന്നെ ടെണ്ടറിന് ചുമതലയുള്ള ഉദ്യോഗസ്ഥനും അംഗീകരിച്ച ടെണ്ടർ ആരുടെതാണെന്ന് സാക്ഷ്യപ്പെടുത്തുന്നില്ല.

6. ടെണ്ടർ ഭരണസമിതി അംഗീകരിച്ചാൽ 7 ദിവസത്തിനകം കരാറുകാർക്ക് സെലക്ഷൻ നോട്ടീസ് നൽകണമെന്നാണെങ്കിലും ,സമയപരിധിക്കുള്ളിൽ എല്ലാ കരാറുകാർക്കും സെലക്ഷൻ നോട്ടീസ് നൽകുന്നതായി കാണുന്നില്ല. ചിലർക്ക് രണ്ടും,മൂന്നും മാസങ്ങൾക്ക് ശേഷം നൽകുന്നതായും കാണുന്നുണ്ട്,അയക്കുന്ന നോട്ടീസിലാകട്ടെ അയച്ച തിയതി,കരാറുകാരൻ കൈപ്പറ്റിയ തിയതി എന്നിവയും രേഖപ്പെടുത്തുന്നില്ല

7. കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനും തമ്മിൽ ഒപ്പിടുന്ന കരാറിൽ ഭരണസമിതി തീരുമാനം,കരാർ തുക,പ്രവൃത്തി

പൂർത്തീകരിക്കേണ്ട അവസാന തിയതി എന്നിവയൊന്നും തന്നെ ഉൾപ്പെടുത്തുന്നില്ല .

8. എഗ്രിമെൻറ് രജിസ്റ്ററിലും ഓരോ പ്രവൃത്തിയും പൂർത്തീകരിക്കേണ്ട തിയതിയും രേഖപ്പെടുത്തുന്നില്ല.

9. കരാർ പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാർക്കെതിരെ പിഴയീടാക്കുന്നതടക്കമുള്ള നിയമപരമായ നടപടികൾ സ്വീകരിക്കുന്നില്ല.

10. പൂർത്തീകരണ സമയം നീട്ടിനൽകുന്നതിനായി ലഭിക്കുന്ന അപേക്ഷകൾ ലഭിച്ച തിയതി രേഖപ്പെടുത്തുകയോ,സമയം നീട്ടിനൽകാൻ ഭരണസമിതിയുടെ അംഗീകാരം വാങ്ങുകയോ ചെയ്യുന്നില്ല.

11. ക്യാഷ് ബുക്കിൽ ട്രഷറി ബിൽ നമ്പർ ചേർക്കുന്നുണ്ടെങ്കിലും,തനത്ഫണ്ട്,ജില്ലാപഞ്ചായത്ത് വിഹിതം,ബ്ളോക്ക് പഞ്ചായത്ത് വിഹിതം തുടങ്ങിയവ അനുവദിക്കുന്ന ചെക്ക് നമ്പർ ,തിയതി ,തുക എന്നിവ രേഖപ്പെടുത്തുന്നില്ല

12. മുൻ പാർട്ട് ബില്ലുകളും,തൻവർഷ ബില്ലുകളും ട്രഷറിയിൽ നിന്നും പാസാക്കിയ തിയതി,നൽകിയിരിക്കുന്ന തുക, തനത്ഫണ്ട്,ജില്ലാപഞ്ചായത്ത് വിഹിതം,ബ്ളോക്ക് പഞ്ചായത്ത് വിഹിതം തുടങ്ങിയവ അനുവദിക്കുന്ന തുക ,ചെക്ക് നമ്പർ ,തിയതി ,എന്നിവയും ഫയലിൽ രേഖപ്പെടുത്തുന്നില്ല.

13. നിർവ്വഹണോദ്യോഗസ്ഥന്റെ പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം,മോണിറ്ററിംഗ് സമിതി റിപ്പോർട്ട് എന്നിവയും,ഫയലിൽ സൂക്ഷിക്കുകയോ,ഓഡിറ്റിന് ഹാജരാക്കുകയോ ചെയ്തിട്ടില്ല.

അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-27 ബില്ലിൽ നിന്നും ടെണ്ടർ നിരക്ക് കുറവ് വരുത്തിയില്ല

പ്രവൃത്തി പൂർത്തിയാക്കി 2021-22 ൽ അസിസ്റ്റൻറ് എൻജിനിയർ അവസാന ബിൽ തുക നൽകിയ താഴെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കരാറുകാർ ക്വാട്ട് ചെയ്ത ടെണ്ടർ നിരക്ക് കുറവ് വരുത്താതെ കരാറുകാർക്ക് അധിക തുക നൽകി.

| ക്രമനമ്പർ | പ്രോജക്റ്റ്, നമ്പർ,അടങ്കൽ | കരാറുകാരൻ,ടെണ്ടർ നിരക്ക് | എംബുക്ക്,ആകെ പ്രവൃത്തിമൂല്യം | കരാറുകാരന്അധികം നൽകിയ തുക(നികുതിയുൾപ്പെടെ) | ബിൽ/ചെക്ക് നമ്പർ,തിയതി ,തുക |
|---|---|---|---|---|---|
| 1 | 277/22വരയിൽ പാറത്തോട്ടം റോഡ് സൈഡ് കെട്ട്5,00,000 | തവിഞ്ഞാൽ ഇഷ്ടിക മണൽ തൊഴിലാളി സഹകരണ സംഘം,5.9% കുറവ് | 112/21 ,3,90,564(ഈ തുകയുടെ 5ശതമാനമായ 19,528 മാത്രം കുറച്ചു) | 3,763 രൂപ | 82/21-22 /23-2-2022 /3,87,000 രൂപ |
| 2 | 325/22 കാട്ടിമൂല ഹോമിയോ ഡിസ്പൻസറി പൂർത്തീകരണം 2,50,000 | റഷീദ് എ ഇ 0.2% കുറവ് | 36/21 1,96,847 | 422 രൂപ | 96/21-22 /30-3-2022 2,20,469രൂപ |
| 3 | 193/22(146/21) ജി എൽ പി എസ് പോരൂർ നവീകരണം 5,00,000 | കര്യാച്ചൻ കെ കെ 8.2% കുറവ് | 138/20-21 3,46,406 (ഈ തുകയുടെ 8ശതമാനമായ 27,712 മാത്രം കുറച്ചു) | 747രൂപ | 32/21-22/ 27-10-2021 3,56,936രൂപ |
| ആകെ | | | | 4,932 | |

ഓഡിറ്റ് എൻക്വയറി നമ്പർ 15/21-22/13-12-2022 പ്രകാരം അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. കരാറുകാർക്ക് അധികമായി നൽകിയ 4,932 രൂപ ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്

## 1-28 പ്രവൃത്തി പൂർത്തീകരണത്തിന് വർഷങ്ങളുടെ കാലതാമസം-നാമമാത്രപിഴ ഈടാക്കി

1-2-2012 ലെ ജി.ഒ.(പി) 13/2012/PWD പ്രകാരമുള്ള പുതുക്കിയ കേരളപൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥ 2112,2112-1 എന്നിവ പ്രകാരം മരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്വമാണ്. പ്രവൃത്തി പൂർത്തീകരണത്തിന് സമയം ദീർഘിപ്പിച്ചുനൽകിയാൽ പിഴയീടാക്കാനും അതിന്റെ നിരക്കുകളും മാന്വലിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതുപ്രകാരം സമയംദീർഘിപ്പിച്ചുനൽകുന്നത്, ഒറ്റതവണ ഒറിജിനൽ സമയത്തിന്റെ 25 ശതമാനത്തിലും, പരമാവധി 50 ശതമാനത്തിലും അധികരിയ്ക്കാൻ പാടില്ലായെന്നും, പിഴയായി ആദ്യതവണ കരാർ തുകയുടെ 1 ശതമാനവും തുടർന്ന് കരാർ തുകയുടെ 2 ശതമാനം വീതവും ഈടാക്കണമെന്നുമാണ്. തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18-8-2018 ലെ എ സി 2/223/15ത സ്വ ഭ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ 3 മാസക്കാലയളവിന് ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ 3 മാസക്കാലയളവിന് 2 ശതമാനം നിരക്കിലും പിഴയീടാക്കണമെന്നുമാണ്.ഈ വ്യവസ്ഥകൾകരാറുകാരനുമായി ഉണ്ടാക്കിയിരിക്കുന്ന ഉടമ്പടിയിൽ ഏഴാമത്തെ വ്യവസ്ഥയായി ഉൾക്കൊള്ളിച്ചിട്ടുണ്ടെങ്കിലും. താഴെ ചേർക്കുന്ന മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ കരാർപ്രകാരമുള്ള സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുകയോ , കാലാവധിക്കുള്ളിൽ സമയപരിധി നീട്ടാൻ അപേക്ഷ നൽകി ഭരണസമിതി അംഗീകാരം വാങ്ങുകയോ ചെയ്തില്ല. എന്നിട്ടുംകരാറുകാരനിൽ നിന്നും എഗ്രിമെന്റുപ്രകാരമുള്ള പിഴ പൂർണമായി ഈടാക്കാതെ,നാമമാത്ര പിഴമാത്രം ഈടാക്കി അവസാന ബിൽതുക നൽകിയതായി കാണുന്നു. .വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്ട് നം,പേര്/ അടങ്കൽ തുക | കരാറുകാരൻ ടെണ്ടർ നിരക്ക്(PAC) | എഗ്രിമെൻറ്/ തിയതി | കരാർ പ്രകാരം പൂർത്തിയാക്കേണ്ട തിയതി | എം ബുക്ക് പ്രകാരം പൂർത്തിയാക്കിയ തിയതി | പൂർത്തിയാക്കാനെടുത്ത കാലതാമസം | ഈടാക്കേണ്ടിയിരുന്ന പിഴ | അവസാന ബിൽ *ചെക്ക് നമ്പർ* /തിയതി /തുക |
|---|---|---|---|---|---|---|---|
| 166/22(235/18) പൊയിൽ തൊഴാല പുത്തൻപുര റോഡ് ടാറിംഗ് 3,00,000 രൂപ | ഷാജി വി റ്റി 2,97,857രൂപ | 97/AE/LSGD /TVL/18/ 22-2-2018 | 7മാസം 21-9-2018 | 15 -3-2021 | 2 വർഷം 5മാസം 22 ദിവസം | 19% 56,593 രൂപ | 14/21-22 /29-6-2021 2,50,000 രൂപ |

പ്രവൃത്തി യഥാസമയം പൂർത്തിയാക്കാത്ത മേൽ പരാമർശിച്ച കരാറുകാരനിൽ നിന്നും ആകെ പ്രവൃത്തിമൂല്യത്തിന്റെ 3% അതായത് 8,825രൂപ മാത്രമാണ് പിഴയായി ഈടാക്കിയിരിക്കുന്നത്.എഗ്രിമെന്റിൽ പറഞ്ഞ പ്രകാരമുള്ള പിഴ ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. എഗ്രിമെന്റ് ഒപ്പിട്ട് നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി ആരംഭിയ്ക്കുകയോ,പൂർത്തീകരിക്കുകയോ ചെയ്യാത്ത കറാറുകാരനെ നീക്കി,ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി പൂർത്തീകരിയ്ക്കാൻ വ്യവസ്ഥയുണ്ടായിട്ടും അപ്രകാരം ചെയ്യാതിരുന്നതിനും ഓഡിറ്റ് എൻക്വയറി നമ്പർ 13/21-22/ 12-12-2022 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടിലഭ്യമാക്കിയില്ല.

സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരനിൽ നിന്നും എഗ്രിമെന്റിൽ പറഞ്ഞ പ്രകാരമുള്ള പിഴ ഈടാക്കാതിരുന്നത് നിർവ്വഹണോദ്യോഗസ്ഥന്റെ ഭാഗത്തുണ്ടായ വീഴ്ചയാണ്. അതിനാൽ പിഴയിനത്തിൽ കുറവ് വന്ന 47,768 രൂപ(56,593-8,825=47,768) ബിൽ തുകയനുവദിച്ച ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-29 മരാമത്ത് പ്രവൃത്തി എഗ്രിമെൻറ് വയ്ക്കാൻ കാലതാമസം പിഴ ഈടാക്കിയില്ല

1-2-2012 ലെ ജി.ഒ.(പി) 13/2012/PWD പ്രകാരമുള്ള പുതുക്കിയ കേരളപൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥ 2009.6 പ്രകാരം ടെണ്ടർ സ്വീകരിച്ച് 7ദിവസത്തിനകം , കരാറുകാരന് ടെണ്ടർ സ്വീകരിച്ചതായുള്ള സെലക്ഷൻ നോട്ടീസ് നൽകണമെന്നും, നോട്ടീസ് കൈപ്പറ്റി 14 ദിവസം വരെ പിഴയില്ലാതെയും തുടർന്ന് 10ദിവസം വരെ കരാർ തുകയുടെ 1 % പിഴയോടുകൂടിയും കരാർ ഒപ്പിടാമെന്നുമാണ് വ്യവസ്ഥ. എന്നാൽ നോട്ടീസ് കൈപ്പറ്റി സമയപരിധി കഴിഞ്ഞ് കരാർ ഒപ്പിട്ട കരാറുകാരിൽ നിന്നും നിയമാനുസൃതമുള്ള പിഴ ഈടാക്കിയില്ല.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് അടങ്കൽ | കരാറുകാരൻ, നിരക്ക് | ടെണ്ടർ തിയതി | പിഴയില്ലാതെ കരാർ ഒപ്പിടാവുന്ന തിയതി | കരാർ , ഒപ്പിട്ട തിയതി | ഈടാക്കേണ്ടിയിരുന്ന പിഴ | ബിൽ നമ്പർ , തിയതി തുക |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | 51/22 വാളാട് നാഗത്താൻകുന്ന് റോഡ് റീടാറിംഗ് 5,00,000 രൂപ | കെ പി ജോസഫ് 7%അധികം (4,46,309 +31,242) | 25-9-2021 | 15-10-2021 | 98/AE+LSGD /TVL/21-22 /23-2-2022 | 4,776 | 110/21-22 /30-3-2022 /4,98,233 |
| 2 | 98/22 ഇല്ലത്തുമൂലമണിമല റോഡ് ടാറിംഗ് 5,00,000 | കെ പി ജോസഫ് 7%അധികം (4,46,360 +31,245) | 25-9-2021 | 15-10-2021 | 97/AE/LSGD /TVL/21-22 /23-2-2022 | 4,776 | 3804052/ 31-3-2022/ 4,99,923 |
| 3 | 23/22 ആറോല പൂത്തുർ റോഡ് റീടാറിംഗ്5,00,000 | മുഹമ്മദ് ഫസിൽ 7%അധികം (4,46,272 +31,239) | 25-9-2021 | 15-10-2021 | 83/AE+LSGD /TVL/21-22 /6-1-2022 | 4,775 | 109/21-22 /30-3-2022 /4,99,824 |
| | ആകെ | | | | | 14,327 | |

നിശ്ചിത സമയത്തിനുള്ളിൽ കരാർ ഒപ്പിടാതിരുന്ന മേൽ പരാമർശിച്ചിരിക്കുന്ന കരാറുകാരിൽ നിന്നും നിയമാനുസൃതമുള്ള പിഴ ഈടാക്കാതിരുന്നതിന് ഓഡിറ്റ് എൻക്വയറി നമ്പർ 12/21-22/12-12-2022 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. മേൽ പരാമർശിച്ച കരാറുകാരിൽ നിന്നോ,വീഴ്ച വരുത്തിയ ഉദ്യോഗസ്ഥനിൽ നിന്നോ തുകയീടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-30 പ്രവൃത്തി പൂർത്തീകരണത്തിനും,എസ്റ്റിമേറ്റ് പുതുക്കുന്നതിനും കാലതാമസം

1-2-2012 ലെ ജി.ഒ.(പി) 13/2012/PWD പ്രകാരമുള്ള പുതുക്കിയ കേരളപൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥ 2112,2112-1 എന്നിവ പ്രകാരം മരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്വമാണ്. പ്രവൃത്തി പൂർത്തീകരണത്തിന് സമയം ദീർഘിപ്പിച്ചുനൽകിയാൽ പിഴയീടാക്കാനും അതിന്റെ നിരക്കുകളും മാന്വലിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതുപ്രകാരം സമയംദീർഘിപ്പിച്ചുനൽകുന്നത്, ഒറ്റതവണ ഒറിജിനൽ സമയത്തിന്റെ 25 ശതമാനത്തിലും, പരമാവധി 50 ശതമാനത്തിലും അധികരിയ്ക്കാൻ പാടില്ലായെന്നും, പിഴയായി ആദ്യതവണ കരാർ തുകയുടെ 1 ശതമാനവും തുടർന്ന് കരാർ തുകയുടെ 2 ശതമാനം വീതവും ഈടാക്കണമെന്നുമാണ്. തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18-8-2018 ലെ എ സി 2/223/15ത സ്വ ഭ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ 3 മാസക്കാലയളവിന് ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ 3 മാസക്കാലയളവിന് 2 ശതമാനം നിരക്കിലും പിഴയീടാക്കണമെന്നുമാണ്.ഈ വ്യവസ്ഥകൾകരാറുകാരനുമായി ഉണ്ടാക്കിയിരിക്കുന്ന ഉടമ്പടിയിൽ ഏഴാമത്തെ വ്യവസ്ഥയായി ഉൾക്കൊള്ളിച്ചിട്ടുണ്ടെങ്കിലും. താഴെ ചേർക്കുന്ന 2 മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ കരാർപ്രകാരമുള്ള സമയപരിധിക്കുള്ളിൽ പ്രവൃത്തി ആരംഭിയ്ക്കുകയോ പൂർത്തിയാക്കുകയോ , കാലാവധിക്കുള്ളിൽ സമയപരിധി നീട്ടാൻ അപേക്ഷ നൽകി ഭരണസമിതി അംഗീകാരം വാങ്ങുകയോ ചെയ്യാതിരുന്നിട്ടും കരാറുകാരിൽ നിന്നും നിയമാനുസൃതമുള്ള പിഴ ഈടാക്കാതെ അവസാന ബിൽതുക നൽകിയതായി കാണുന്നു. .വിശദാംശങ്ങൾ താഴെ

ചേർക്കുന്നു.

1 തലപ്പുഴ യു പി സ്കൂൾ ടോയിലറ്റ് നിർമ്മാണം

| പ്രൊജക്ട് നം,പേര്/അടങ്കൽ തുക | കരാറുകാരൻ ടെണ്ടർ നിരക്ക്(PAC) | എഗ്രിമെൻറ്/തിയതി | കരാർ പ്രകാരം പൂർത്തിയാക്കേണ്ട തിയതി | എം ബുക്ക്പ്രകാരം പൂർത്തിയാക്കിയ തിയതി/ആകെ പ്രവൃത്തിമൂല്യം | അവസാന ബിൽ *ചെക്ക് നമ്പർ* /തിയതി /തുക |
|---|---|---|---|---|---|
| 230/22 (11/20,294/21) തലപ്പുഴ യു പി സ്കൂൾ ടോയിലറ്റ് നിർമ്മാണം 8,50,000 | ജാഫിർ സാദിഖ് 7,58,910 | 123/AE/LSGD/TVL /19-20/ 28-1-2020 | 6മാസം27-7-2020 | 14-2-2022 7,58,205 | 87/21-22 /26-2-2022 1,44,263രൂപ |

1-1-2020ലെ 1/2നമ്പർ ഭരണസമിതി തീരുമാനപ്രകാരം അംഗീകരിച്ച് 28-1-2020 ൽ എഗ്രിമെന്റ് വച്ച പ്രവൃത്തി 27-7-2020 നകം പൂർത്തിയാക്കേണ്ടതായിരുന്നു. 3-2-2020 ആദ്യ അളവ് രേഖപ്പെടുത്തിയ പ്രവൃത്തിയുടെ ആദ്യ പാർട്ടുബിൽ 14-1-2021 ലാണ് അനുവദിച്ചത്.സാങ്കേതിക അനുമതി ലഭിച്ച എസ്റ്റിമേറ്റിലുള്ള ഒരു ഇന്ത്യൻ ടോയിലറ്റിന് പകരം യൂറോപ്യൻ ടോയിലറ്റ് വയ്ക്കണമെന്ന് പിടി എ ആവശ്യപ്പെട്ടുവെന്നും ,ഇതോടൊപ്പം മുറ്റം കോൺക്രീറ്റ് ചെയ്യാനും ആവശ്യപ്പെട്ടുവെന്നും ,അതിനാൽ എസ്റ്റിമേറ്റ് പുതുക്കണമെന്നും കാണിച്ച് കരാറുകാരൻ തിയതി രേഖപ്പെടുത്താത്ത കത്ത് നൽകിയതായും (കത്ത് ലഭിച്ച തിയതി നിർവ്വഹണോദ്യോഗസ്ഥൻ രേഖപ്പെടുത്തിയിട്ടില്ല.) ഇതിന്റടിസ്ഥാനത്തിൽ പാർട്ട് ബിൽ നൽകി ഒരു വർഷത്തിനുശേഷം 20-1-2022ലെ 10/2 ാം നമ്പർ ഭരണസമിതി തീരുമാനപ്രകാരം, എസ്റ്റിമേറ്റ് പുതുക്കാൻ അനുമതി നൽകുകയും,കരാറുകാരൻ 14-2-2022 ൽ പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തു. താഴെ ചേർക്കുന്ന കാര്യങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1. 27-7-2020 ൽ പൂർത്തിയാക്കോണ്ട പ്രവർത്തിയുടെ എസ്റ്റിമേറ്റ് പുതുക്കുന്നതിന് നടപടി സ്വീകരിച്ചിരിക്കുന്നത് ഒരു വർഷവും 7മാസത്തിനും ശേഷം 14-2-2022ൽ മാത്രമാണ്. കേവലം 8,50,000 രൂപ അടങ്കലുള്ളതും 6മാസം കൊണ്ട് തീർക്കേണ്ടതുമായ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പുതുക്കാൻ ഇത്രയധികം കാലതാമസം വരുത്തിയത് നിർവ്വഹണോദ്യോഗസ്ഥന്റെ ഭാഗത്തുണ്ടായ ഗുരുതര വീഴ്ചയാണ്.

2. 1-2-2012 ലെ ജി.ഒ.(പി) 13/2012/PWD പ്രകാരമുള്ള പുതുക്കിയ കേരളപൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥ 2112,2112-1 എന്നിവ പ്രകാരം മരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കേണ്ടത് കരാറുകാരുടെയും ,പ്രവർത്തികൾ യഥാസമയം പൂർത്തിയാക്കുന്നുണ്ട് എന്ന് ഉറപ്പാക്കേണ്ടത് നിർവ്വഹണോദ്യോഗസ്ഥന്റെയും ഉത്തരവാദിത്വമാണ്.

3. കാലാവധിക്കുള്ളിൽ പ്രവർത്തി പൂർത്തീകരിയ്ക്കാതിരുന്ന കരാറുകാരനെതിരെ എന്തെങ്കിലും തരത്തിലുള്ള നടപടി നിർവ്വഹണോദ്യോഗസ്ഥൻ സ്വീകരിച്ചതായി ഫയലിൽ കാണുന്നില്ല കരാറുകാരൻ പൂർത്തീകരണസമയം നീട്ടുന്നതിന് അപേക്ഷ നൽകിയിട്ടുമില്ല. എന്നിട്ടും പിഴ ഒഴിവാക്കി നൽകി.

4. ഏകവർഷ പദ്ധതിയായി വിഭാവനം ചെയ്ത പദ്ധതി ബഹുവർഷ പദ്ധതിയായിട്ടാണ് പൂർത്തിയായത്.ഇതുമൂലം 2019-20ലും,2020-21 ലും പഞ്ചായത്തിന് വിനിയോഗിക്കാമായിരുന്ന പദ്ധതിപ്പണം നഷ്ടമായിട്ടുണ്ട്. ഇതിനുപുറമെ തലപ്പുഴ യു പി സ്കൂളിലെ കുട്ടികൾക്കും,അധ്യാപകർക്കും ലഭിക്കേണ്ട സേവനവും നഷ്ടമായിട്ടുണ്ട്.

2 പൊയിൽ പാലം നിർമ്മാണം

| പ്രൊജക്ട് നം,പേര്/അടങ്കൽ തുക | കരാറുകാരൻ ടെണ്ടർ നിരക്ക്(PAC) | എഗ്രിമെൻറ്/തിയതി | കരാർ പ്രകാരം പൂർത്തിയാക്കേണ്ട തിയതി | എം ബുക്ക്പ്രകാരം പൂർത്തിയാക്കിയ തിയതി/ആകെ പ്രവൃത്തിമൂല്യം | അവസാന ബിൽ *ചെക്ക് നമ്പർ* /തിയതി /തുക |
|---|---|---|---|---|---|
| 172/22 (333/20,331 /21)പൊയിൽ പാലം നിർമ്മാണം | സന്തോഷ് മാത്യൂ 23,02,055.58 | 135/AE/LSGD/TVL /19-20/ 18-3-2020 | 6മാസം17-9-2020 | 22-9-2021 | 31/21-22 /27-10-2021 2,50,000 രൂപ |

| | | | | | | |
|---|---|---|---|---|---|---|
| 26,00,000 | | | | | | |

18-3-2020 ൽ എഗ്രിമെന്റ് വച്ച പ്രവൃത്തി 17-9-2020 നകം പൂർത്തിയാക്കേണ്ടതായിരുന്നു. സോയിൽ ടെസ്റ്റ് പ്രകാരം നിലവിലുള്ള എസ്റ്റിമേറ്റിൽ കാണിച്ചിരിക്കുന്ന സ്ളാബിന്റെ കനം കൂട്ടേണ്ടിവരുമെന്നും ,അതിനാൽ എസ്റ്റിമേറ്റ് പുതുക്കണമെന്നും കാണിച്ച് കരാറുകാരൻ 20-4-2020 തിയതി രേഖപ്പെടുത്തി നൽകിയതായുള്ള കത്ത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും കിട്ടിയ തിയതി നിർവ്വഹണോദ്യോഗസ്ഥൻ രേഖപ്പെടുത്തിയിട്ടില്ല.(19-4-2021 ന്പ്രവർത്തി ആരംഭിച്ചതായിട്ടാണ് എം ബുക്കിൽ കാണുന്നത്). എന്നാൽ 8-7-2021ലെ 3/6 ാം നമ്പർ ഭരണസമിതി തീരുമാനപ്രകാരം എസ്റ്റിമേറ്റ് പുതുക്കുന്നതിന് അനുവാദം നൽകുകയും,13-9-2021 ൽ എസ്റ്റിമേറ്റ് പുതുക്കി അംഗീകാരംവാങ്ങി,കരാറുകാരൻ 22-9-2021 ൽ പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തു. തുടർന്ന് പ്രവൃത്തി പൂർത്തീകരിയ്ക്കാൻ 22-9-2021 വരെ പിഴയില്ലാതെ സമയം അനുവദിയ്ക്കണമെന്ന് കാണിച്ച് 1-11-2021 ൽ കരാറുകാരൻ കത്ത് നൽകുകയും (കിട്ടിയ തിയതി നിർവ്വഹണോദ്യോഗസ്ഥൻ രേഖപ്പെടുത്തിയിട്ടില്ല.)ഇതിന്റടിസ്ഥാനത്തിൽ പിഴയീടാക്കാതെ അവസാന ബിൽ തുക അനുവദിയ്ക്കുകയും ചെയ്തു. താഴെ ചേർക്കുന്ന കാര്യങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1. ഇവിടെ കരാറുകാരൻ 20-4-2020 ൽ കത്തുനൽകിയിട്ടും ഇത് ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് എസ്റ്റിമേറ്റ് പുതുക്കുന്നതിന് നടപടി സ്വീകരിച്ചിരിക്കുന്നത് ഒന്നേകാൽ വർഷത്തിന് ശേഷം 8-7-2021ൽ മാത്രമാണ്. 26,00,000 രൂപ അടങ്കലുള്ളതും 6മാസം കൊണ്ട് തീർക്കേണ്ടതുമായ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പുതുക്കാൻ ഇത്രയധികം കാലതാമസം വരുത്തിയത് നിർവ്വഹണോദ്യോഗസ്ഥന്റെ ഭാഗത്തുണ്ടായ ഗുരുതര വീഴ്ചയാണ്.

2. 1-2-2012 ലെ ജി.ഒ.(പി) 13/2012/PWD പ്രകാരമുള്ള പുതുക്കിയ കേരളപൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥ 2112,2112-1 എന്നിവ പ്രകാരം മരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്വമാണ്. പിഴ ഒഴിവാക്കാൻ കരാറുകാരൻ കത്ത് നൽകിയിരിക്കുന്നത് 1-11-2021 ന് മാത്രമാണ്,ഇതിന് ഭരണസമിതിയുടെ അംഗീകാരം വാങ്ങിയിട്ടില്ല..കാലാവധിക്കുള്ളിൽ കരാറുകാരൻ അപേക്ഷ നൽകിയിട്ടുമില്ല. എന്നിട്ടും പിഴ ഒഴിവാക്കി നൽകി.

3. ഏകവർഷ പദ്ധതിയായി വിഭാവനം ചെയ്ത പദ്ധതി ബഹുവർഷ പദ്ധതിയായിട്ടാണ് പൂർത്തിയായത്.ഇതുമൂലം 2019-20ലും, 2020-21ലും പഞ്ചായത്തിന് വിനിയോഗിക്കാമായിരുന്ന പദ്ധതിപ്പണം നഷ്ടമായിട്ടുണ്ട്. ഇതിനുപുറമെ ഗ്രാമപഞ്ചായത്തിലെ ജനങ്ങൾക്ക് പുതിയ പാലം വഴി ലഭിക്കേണ്ട സേവനവും നഷ്ടമായിട്ടുണ്ട്.

അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 23/21-22/ 14-12-2022,ഓഡിറ്റ് എൻക്വയറി നമ്പർ 24/21-22/ 14-12-2022,എന്നിവ പ്രകാരം വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

### 1-31 തൊഴിലുറപ്പ് പദ്ധതി -അളവ് പുസ്തകത്തിൽ നികുതിയുൾപ്പെടെയുള്ള ബില്ലിന്റെ വിവരം ഉൾപ്പെടുത്തുന്നില്ല.

റോഡ് കോൺക്രീറ്റ് ഉൾപ്പെടെയുള്ള മെറ്റീരിയൽ പ്രവൃത്തികൾ നിലവിൽ തൊഴിലുറപ്പ് പദ്ധതി വഴി നടപ്പിലാക്കുന്നുണ്ട്. ഇത്തരം പ്രവൃത്തികളുടെ ഫയലുകളും,അളവുപുസ്തകങ്ങളും പരിശോധിച്ചപ്പോൾ താഴെ ചേർക്കുന്ന അപാകതകൾ കണ്ടു.

1. പ്രസ്തുത പ്രവൃത്തികളുടെ ബില്ലിൽ നിന്നും 1% ആദായ നികുതിയും, 2% ചരക്ക് സേവന നികുതിയും കുറവ് വരുത്തി പ്രസ്തുത വകുപ്പുകളിൽ ഒടുക്കുന്നുണ്ട്. എന്നാൽ നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതമായ 1% തുക ബില്ലിൽ നിന്നും കുറവ് വരുത്തി ക്ഷേമനിധി ബോർഡിൽ ഒടുക്കുന്നില്ല.

2. അളവ് പുസ്തകത്തിൽ ആകെ പ്രവൃത്തിമൂല്യം രേഖപ്പെടുത്തുന്നുണ്ടെങ്കിലും , കുറവ് വരുത്തുന്ന നികുതികളുടെയും,തൊഴിലാളികൾക്കും,കരാറുകാരനും നൽകുന്ന തുകയുടെയും വിവരങ്ങൾ ഉൾപ്പെടുന്ന ബില്ലിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. മരാമത്ത് പ്രവർത്തികളുടെ അളവ് പുസ്തകത്തിൽ ബില്ല് തയാറാക്കി അതിന്റടിസ്ഥാനത്തിൽ മാത്രമാണ് തുക അനുവദിക്കേണ്ടത്.

അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ബില്ലിൽ നിന്നും ടെണ്ടർ നിരക്ക് കുറവ് വരുത്തിയില്ല

പ്രവൃത്തി പൂർത്തിയാക്കി 2021-22 ൽ അസിസ്റ്റൻറ് എൻജിനിയർ അവസാന ബിൽ തുക നൽകിയ താഴെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കരാറുകാർ ക്വാട്ട് ചെയ്ത ടെണ്ടർ നിരക്ക് കുറവ് വരുത്താതെ കരാറുകാർക്ക് അധിക തുക നൽകി.

| ക്രമനമ്പർ | പ്രോജക്റ്റ്, നമ്പർ,അടങ്കൽ | കരാറുകാരൻ,ടെണ്ടർ നിരക്ക് | എംബുക്ക്,ആകെ പ്രവൃത്തിമൂല്യം | കരാറുകാരന്അധികം നൽകിയ തുക(നികുതിയുൾപ്പെടെ) | ബിൽ/ചെക്ക് നമ്പർ,തിയതി ,തുക |
|---|---|---|---|---|---|
| 1 | 277/22വരയിൽ പാറത്തോട്ടം റോഡ് സൈഡ് കെട്ട്5,00,000 | തവിഞ്ഞാൽ ഇഷ്ടിക മണൽ തൊഴിലാളി സഹകരണ സംഘം,5.9% കുറവ് | 112/21 ,3,90,564(ഈ തുകയുടെ 5ശതമാനമായ 19,528 മാത്രം കുറച്ചു) | 3,763 രൂപ | 82/21-22 /23-2-2022 /3,87,000 രൂപ |
| 2 | 325/22 കാട്ടിമൂല ഹോമിയോ ഡിസ്പൻസറി പൂർത്തീകരണം 2,50,000 | റഷീദ് എ ഇ 0.2% കുറവ് | 36/21 1,96,847 | 422 രൂപ | 96/21-22 /30-3-2022 2,20,469രൂപ |
| 3 | 193/22(146/21) ജി എൽ പി എസ് പോരൂർ നവീകരണം 5,00,000 | കുര്യാച്ചൻ കെ കെ 8.2% കുറവ് | 138/20-21 3,46,406 (ഈ തുകയുടെ 8ശതമാനമായ 27,712 മാത്രം കുറച്ചു) | 747രൂപ | 32/21-22/ 27-10-2021 3,56,936രൂപ |
| ആകെ | | | | 4,932 | |

ഓഡിറ്റ് എൻക്വയറി നമ്പർ 15/21-22/13-12-2022 പ്രകാരം അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. കരാറുകാർക്ക് അധികമായി നൽകിയ 4,932 രൂപ ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 01.12.2022 മുതൽ 03.12.2022 വരെ | ഇതേ ഓഡിറ്റ് റിപ്പോർട്ട് നമ്പർ |

## 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 295250 | അനുപൂരക പോഷകാഹാരം | 295250 | |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 80600 | സ്കോളർഷിപ്പ് | 80600 | |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 2000000 | ലൈഫ്ഭവനപദ്ധതി-എസ്.റ്റി | 2000000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 217316 | നെൽകൃഷി കൂലിചെലവ് | 217316 | |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 946655 | പൊയിൽ പാലം | 946655 | |
| ജില്ലാ പഞ്ചായത്ത് | 2021-22 | 200000 | സ്കോളർഷിപ്പ് | 200000 | |
| ജില്ലാ പഞ്ചായത്ത് | 2021-22 | 2880000 | ലൈഫ്ഭവനപദ്ധതി-എസ്.റ്റി | 2880000 | |
| ജില്ലാ പഞ്ചായത്ത് | 2021-22 | 495263 | ലൈഫ്ഭവനപദ്ധതി-എസ്.സി | 495263 | |
| ജില്ലാ പഞ്ചായത്ത് | 2021-22 | 1000000 | പൊയിൽ പാലം | 1000000 | |
| ജില്ലാ പഞ്ചായത്ത് | 2021-22 | 879091 | സെൻട്രൽ എക്സൈസ് പാലം | 879091 | |
| ജില്ലാ പഞ്ചായത്ത് | 2021-22 | 875151 | മക്കിമല കുടിവെള്ള പദ്ധതി | 875151 | |
| ജില്ലാ പഞ്ചായത്ത് | 2021-22 | 500000 | ഗോത്രസാരഥി | 463051 | 36949 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സെൻട്രൽ എക്സൈസ് മുതൽ എസ്.വളവ് വരെ സ്ട്രീറ്റ് മെയിൻ | 383/22 | 299968 | 299968 | |
| കെ.എസ്.ഇ.ബി | മക്കിമല സ്ട്രീറ്റ് മെയിന് | 382/22 | 169932 | 169932 | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര് | | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടവ് | | തിരിച്ചടക്കാൻ ബാക്കിയിരുന്ന തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി KURDFC ലോൺ | G.O. (MS)68/18 Dtd 18.05.2018 | 22515999 | 21455999 | 2272000 | | 19743999 |

ഗ്രാമ പഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ധനസഹായം നൽകുന്നതിന് ലൈഫ് മിഷൻ പദ്ധതിയിൽ കെ.യു.ആർ.ഡി.എഫ്.സി മുഖേന ലഭിക്കുന്ന വായ്പയാണ് നിലവിലുള്ളത്. 2020-21 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പ്രകാരം 21455999 രൂപ വായ്പ തിരിച്ചടവ് ബാക്കിയുണ്ട്.2021-22 വാർഷിക കണക്ക് പ്രകാരം 12860000 രൂപ ലഭിച്ചതായും 100000 തിരിച്ചടച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2272000 രൂപ സംസ്ഥാന സർക്കാർ ഉറവിടത്തിൽ നിന്ന് തന്നെ വായ്പ തിരിച്ചടവ് ഇനത്തിൽ കുറവ് വരുത്തിയിട്ടുണ്ട്.

വായ്പ രജിസ്റ്റർ പ്രകാരം മുൻബാക്കി രൂപയും തിരിച്ചടവ് 2772000 രൂപയും വായ്പ തിരിച്ചടവ് ബാക്കി 19743999 രൂപയുമാണ്. വായ്പ തിരിച്ചടവ് രജിസ്ററിലെ തുകയും വാർഷിക കണക്കിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദമായ മറുപടി ലഭ്യമാക്കേണ്ടതും കണക്കുകൾ രേഖകൾ സഹിതം കൃത്യമാക്കി ഹാജരാക്കേണ്ടതുമാണ്.

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1588189 |
| തൻവർഷം നിക്ഷേപിച്ച തുക | 123422 |
| ആകെ | 1711611 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| പലിശ | |

| | |
|---|---|
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1711611 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ് ...) | നിക്ഷേപിച്ച തീയതി | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | പേര്യ സർവ്വീസ് സഹകരണ ബാങ്ക് | 29/05/2021 | 1 വർഷം | 1711611 | |
| | ആകെ | | | 1711611 | |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം തുക ഈടാക്കിയിട്ടില്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-)ാ വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 42 | 2002-03 | 12(4)(i) | കാർഷിക ഉപകരണങ്ങൾ വാങ്ങിയതിൽ അപാകതകൾ | നിലനിൽക്കുന്നു. |
| 1998-99 | 29 | 2002-03 | 12(4)(ii) | കമ്മ്യൂണിറ്റി ഹെൽത്ത്സെന്റർ - വൈദ്യുതി ബിൽ സർചാർജ്ജ് അടച്ചത് അനുവദനീയമല്ല | |
| 1998-99 | 31 | 2002-03 | 12(4)(ii) | എയ്ഡഡ് സ്കൂളുകൾക്ക് ഫർണ്ണീച്ചർ നൽകിയത്- തുക അനുവദനീയമല്ല | |
| 1998-99 | 35 | 2002-03 | 12(4)(iv) | വനിതകളുടെ തേയിലപ്പൊടി പായ്ക്കിംഗ് & സെല്ലിംഗ് യൂണിറ്റ് | |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 1999-00 | 29 | 2003-04 | 3-12(5) | മറ്റ് പരാമർശങ്ങൾ ഒറ്റ നോട്ടത്തിൽ-തുക വക മാറ്റി ചെലവഴിച്ചത് – 14202 | |
| 1999-00 | 35 | 2003-04 | 3-12(5) | മറ്റ് പരാമർശങ്ങൾ ഒറ്റ നോട്ടത്തിൽ – സൂപ്പർവിഷൻ ചാർജ്ജ് അധികം നൽകിയത്- 25855 | |
| 2015-16 | | 2016-17 | 2(2) | തൊഴിൽനികുതി | പരിഹരിച്ചു വരുന്നു. |
| 2017-18 | | 2018-19 | 3-13 | ലൈഫ് പദ്ധതി - കൃത്യമായ പരിശോധന നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

തൻവർഷം ചാർജ് /സർചാർജ് നടപടികളുടെ തുകയൊന്നും ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | | 21,25,22,210 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | | 19,69,19,091 |
| വരവിനങ്ങളിലുള്ള നഷ്ടം | | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | | 4,932 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 40,24,529 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-27 | | 4,932 | ശ്രീ. ജയകുമാർ ജി., അസി. എൻജിനീയർ |
| ആകെ | | 4,932 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 14,99,012 | ശ്രീ. രമേശ് ഏഴോക്കാരൻ, ഹെഡ്മാസ്റ്റർ |
| 1-18 | 2,80,350 | ശ്രീ. രജീഷ് വി. എസ്., വി. ഇ. ഓ. |

| | | |
|---|---|---|
| 1-20 | 16,83,400 | ശ്രീ. രജീഷ് വി. എസ്., വി. ഇ. ഓ. |
| 1-21 | 94,487 | ശ്രീ. സുജിത്ത്കുമാർ എം., സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| 1-23 | 4,67,280 | ശ്രീ. ജയരാജൻ എൻ.എ., സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| | |
|---|---|
| ഖണ്ഡിക നമ്പർ | |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ക്രമ നമ്പർ | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീ. ജയരാജൻ.എൻ.എ, സെക്രട്ടറി | സെക്രട്ടറി തവിഞ്ഞാൽ ഗ്രാമ പഞ്ചായത്ത് | സ്നേഹനിവാസ്, കല്ലുമൊട്ടംകുന്ന്, മാനന്തവാടി പി. ഒ. |
| 2 | ശ്രീ. രജീഷ് വി എസ്, വി ഇ ഓ | വി ഇ ഒ ,തവിഞ്ഞാൽ ഗ്രാമ പഞ്ചായത്ത് | വലിയവീട്ടിൽ (H), പാണ്ടിക്കടവ്, മാനന്തവാടി |
| 3 | ശ്രീ. ജയകുമാർ ജി., അസിസ്റ്റന്റ് എൻജിനിയർ | അസി. എൻജിനീയർ, കൊളക്കട ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ല | താഴത്തുചെപ്പട്ടിൽ (H), ചക്കുവരക്കൽ പി. ഒ. കൊല്ലം |
| 4 | ശ്രീ. സുജിത്ത്കുമാർ എം., സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്, കാരാപ്പുഴ | മുട്ടി ഹൗസ്, കണ്ണൂർ |
| 5 | ശ്രീ. രമേശ് ഏഴോക്കാരൻ, ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ ജി.എൽ.പി.എസ്. പോരൂർ | ഏഴോക്കാരൻ ഹൗസ്, കാട്ടേരിക്കുന്ന്, തലപ്പുഴ പി. ഒ. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1994-95 | എൽ.എഫ്.(ഡബ്ല്യൂ.)പി3./124/10(1)/ 15.2.10 | | |
| 1997-97 | കെ.എസ്.എ ഡബ്ല്യൂവൈഡി പി1/74/2022(2) തീയതി 20.08.2022 | 1 | |
| 1998-99 | കെ.എസ്.എ ഡബ്ല്യൂവൈഡി പി1/74/2022(3) | 2 | |

| | | | |
|---|---|---|---|
| | തീയതി 20.08.2022 | | |
| 1999-00 | കെ.എസ്.എ ഡബ്ല്യൂവൈഡി പി1/74/2022(4) തീയതി 20.08.2022 | 3 | |
| 2000-01 (Plan) | കെ.എസ്.എ ഡബ്ല്യൂവൈഡി പി1/74/2022(5) തീയതി 20.08.2022 | 4 | |
| 2002-03 | കെ.എസ്.എ ഡബ്ല്യൂവൈഡി പി1/74/2022(9) തീയതി 20.08.2022 | 1 | |
| 2003-04 | എൽ.എഫ്.(ഡബ്ല്യൂ.)പി3./671/07/20.06.2019 | | |
| 2004-05 | കെ.എസ്.എ ഡബ്ല്യൂവൈഡി പി1/74/2022(10) തീയതി 20.08.2022 | 7 | |
| 2005-06 | കെ.എസ്.എ ഡബ്ല്യൂവൈഡി പി1/74/2022(11) തീയതി 20.08.2022 | 7 | |
| 2006-07 | കെ.എസ്.എ ഡബ്ല്യൂവൈഡി പി1/74/2022(12) തീയതി 20.08.2022 | 8 | |
| 2007-08 | കെ.എസ്.എ ഡബ്ല്യൂവൈഡി പി1/74/2022(13) തീയതി 20.08.2022 | 16 | |
| 2008-09 | കെ.എസ്.എ ഡബ്ല്യൂവൈഡി പി1/74/2022(14) തീയതി 20.08.2022 | 7 | |
| 2009-10 | കെ.എസ്.എ ഡബ്ല്യൂവൈഡി പി1/74/2022(15) തീയതി 20.08.2022 | 7 | |
| 2010-11 | കെ.എസ്.എ ഡബ്ല്യൂവൈഡി പി1/74/2022(16) തീയതി 20.08.2022 | 1 | |
| 2011-12 | കെ.എസ്.എ ഡബ്ല്യൂവൈഡി പി1/74/2022(17) തീയതി 20.08.2022 | 4 | |
| 2012-13 | കെ.എസ്.എ ഡബ്ല്യൂവൈഡി പി1/74/2022(18) തീയതി 20.08.2022 | 2 | |
| 2013-14 , 2014-15 | കെ.എസ്.എ ഡബ്ല്യൂവൈഡി പി1/74/2022(19) തീയതി 20.08.2022 | 7 | |
| 2015-16 | കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി.)p2-516/22/ /10.08.2022 | 6 | |
| 2016-17 | കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി.)p2-593 /17.03.2018 | 18 | |
| 2017-2018 | കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി.)p2-128/19/6.11.2020 | 1 | |
| 2018-19 | കെ.എസ്.എ ഡബ്ല്യൂവൈഡി പി2/893/2019 തീയതി 6.11.2020 | 20 | |
| 2019-20 | കെ.എസ്.എ ഡബ്ല്യൂവൈഡി പി1/595/2021 തീയതി 27.05.2022 | 16 | |
| 2020-21 | കെ.എസ്.എ ഡബ്ല്യൂവൈഡി പി1/581/2021 തീയതി 27.05.2022 | 19 | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ. ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ വയനാട് ജില്ലയിലെ തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

വയനാട് ജില്ലയിലെ തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

3

# Abstract of Annual Financial Statement

## Thavinhal Grama Panchayat
## RECEIPT & PAYMENT STATEMENT

For the period from 01-April-2021 to 31-March-2022

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 34654511.00 |
| Cash | Cash | RP-40(a) | 190379.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 1648610.00 |
| 130000000 | Rental income from Panchayat Properties | RP-3 | 500.00 |
| 140000000 | Fees & User Charges | RP-4 | 729963.00 |
| 150000000 | Sale & Hire Charges | RP-5 | 334394.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 142415367.00 |
| 171000000 | Interest Earned | RP-9 | 987027.00 |
| 190000000 | Prior Period Income | RP-11 | 5995.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 13529231.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 37470205.00 |
| 460000000 | Loans, Advances and Deposits | RP-49 | 254843.00 |
| | **Non Operating** | | |
| 330000000 | Secured Loans | RP-31 | 12860000.00 |
| 340000000 | Deposits Received | RP-33 | 1047906.00 |
| 350000000 | Other Liabilities | RP-35 | 1238169.00 |
| | **Grand total** | | **247367100.00** |
| | **PAYMENTS** | | |
| | **Operating** | | |
| 190000000 | Prior Period Income | RP-11 | -22610.00 |
| 210000000 | Establishment Expenses | RP-12 | 2856528.00 |
| 220000000 | Administrative Expenses | RP-13 | 2492536.00 |
| 230000000 | Operations & Maintenance | RP-14 | 2533222.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-16 | 15412125.00 |
| 251000000 | Decentralised Plan Programme- Service Sector | RP-17 | 50865623.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-18 | 19167513.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-20 | 41352.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-21 | 36940.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 2320000.00 |



Digitally signed by Jayarajan I
Date: 2022.07.29 17:43:32 IS
Reason: Approval
Location: Kerala

| | | | |
|---|---|---|---|
| 412000000 | Capital Work In Progress | RP-39 | 8884789.00 |
| 414000000 | Annual plan - Capital Expences(Service Sector) | RP-41 | 5606363.00 |
| 415000000 | Annual plan - Capital Expences(Infrastructure Sector) | RP-42 | 1278919.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 32375800.00 |
| 460000000 | Loans, Advances and Deposits | RP-49 | 1948135.00 |
| 470000000 | Other Assets | RP-50 | 1617206.00 |
| | **Non Operating** | | |
| 330000000 | Secured Loans | RP-31 | 100000.00 |
| 340000000 | Deposits Received | RP-33 | 605119.00 |
| 350000000 | Other Liabilities | RP-35 | 47846285.00 |
| 413000000 | Annual Plan- Capital Expences (Productive Sector) | RP-40 | 953246.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 50233983.00 |
| Cash | Cash | RP-40(b) | 214026.00 |
| | **Grand Total** | | **247367100.00** |

Thavinhal Grama Panchayat

Income & Expenditure Statement

For the period from 01-04-2021 to 31-03-2022

| Code No | Description of items | Schedule No. | Current Year Amount (Rs.) |
|---|---|---|---|
| 110000000 | Tax Revenue | I-1 | 6,345,808.00 |
| 120000000 | Assigned Revenue & Compensation | I-2 | 0.00 |
| 130000000 | Rental Income from Panchayat Properties | I-3 | 274,812.00 |
| 140000000 | Fees & User Charges | I-4 | 1,144,463.00 |
| 150000000 | Sales & Hire Charges | I-5 | 349,394.00 |
| 160000000 | Revenue Grants, Contributions & Compensation | I-6 | 400,294,416.00 |
| 170000000 | Income from Investments | I-7 | 123,422.00 |
| 171000000 | Interest Earned | I-8 | 987,027.00 |
| 180000000 | Other Income | I-9 | 36,800.00 |
| **A** | **Total - INCOME** | | **409,556,142.00** |
| 210000000 | Establishment Expenses | I-10 | 15,386,079.00 |
| 220000000 | Administrative Expenses | I-11 | 1,516,919.00 |
| 230000000 | Operations & Maintenance | I-12 | 8,215,369.00 |
| 240000000 | Interest & Finance Charges | I-13 | 1,409.00 |
| 250000000 | Decentralised Plan Programme - Productive Sector | I-14 | 11,981,655.00 |
| 251000000 | Decentralised Plan Programme - Service Sector | I-14(A) | 64,855,452.00 |
| 252000000 | Decentralised Plan Programme - Infrastructure Sector | I-14(B) | 23,408,278.00 |
| 253000000 | Decentralised Plan Programme - Projects not included in Sector Division | I-14(C) | 138,691,301.00 |
| 254000000 | Expenditure of Transferred Institutions and State Sponsored Schemes | I-14(D) | 107,422,800.00 |
| 255000000 | Maintenance Projects | I-14(E) | 0.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 41,352.00 |
| 260000000 | Grants, Contributions and Compensations from Own Fund | I-15 | 0.00 |
| 270000000 | Provisions & Write off | I-16 | 0.00 |
| 271000000 | Miscellaneous Expenses on Disposal of Assets and Inventments | I-17 | 0.00 |
| 272000000 | Depreciation | I-17(A) | 8,973,830.00 |
| 190000000 | Prior Period Income | I-19 | 190,598.00 |
| **B** | **B - Total : EXPENDITURE** | | **380,494,444.00** |
| **C = A-B** | **Gross Surplus / (deficit) of income over expenditure before Prior Period Items.** | | **29,061,698.00** |
| **190000000** | Prior period Income | I-19 | **190,598.00** |
| **290000000** | Prior period Expenses | I-18 | **-22,610.00** |
| **D** | Net Difference | I-19 - I-18 | **213,208.00** |

Digitally signed by Jayarajan N A
Date: 2022.07.29 17:43:43 IST
Reason: Approval
Location: Kerala

| Code No | Description of items | Schedule No. | Current Year Amount (Rs.) |
|---|---|---|---|
| **E** | Gross Surplus / (deficit) of income over expenditure after Prior Period Items. | | **29,229,686.00** |
| 290000000 | Transfer to Reverse Funds | | |
| | Net Balance being surplus / deficit carried over to Balance sheet (Panchayat Fund) | | |
| Remarks: | | | |

## Thavinhal Grama Panchayat
## BALANCE SHEET

For the period from 01-April-2021 to 31-March-2022

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 70221597.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 146580313.00 |
| | **Total Reserve & Surplus** | | **216801910.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 21843687.00 |
| | **Total Grants, Contributions for Specific Purposes** | | **21843687.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 31443999.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **31443999.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 1401560.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 4296428.00 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **5697988.00** |
| | **TOTAL LIABILITIES** | | **275787584.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 1969324.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 18718136.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 9695281.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 158114340.00 |
| 416000000 | Accumulated Depreciation | B-11(a) | 31519353.00 |
| | **Total Fixed Assets** | | **156977728.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 1711611.00 |



Digitally signed by Jayarajan I
Date: 2022.07.29 17:43:05 IS
Reason: Approval
Location: Kerala

| | | | |
|---|---|---|---|
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **1711611.00** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 32539330.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 31443999.00 |
| 450000000 | Cash and Bank Balance | B-17 | 50448009.00 |
| 460000000 | Loans, Advances and Deposits | B-18 | 2666907.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **117098245.00** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **275787584.00** |



**Deputy Director (H. G.)**
**District Audit Office Wayanad**
**Kerala State Audit Department**